പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

പഞ്ചായത്ത്‌രാജ്

പുസ്തകം 60 ലക്കം 12 മാർച്ച് 2021

പ്രതിരോധിക്കാം കൊവിഡ് മഹാമാരിയെ

കേരളം സുസ്ഥിര വികസന ലക്ഷ്യത്തിലേക്ക്



പച്ചവിരിക്കട്ടെ ഗ്രാമീണ കേരളം

'നമ്മുടെ നാട്
ശുചിത്വത്തിന്റെ പാതയിൽ
നാടിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'
നമ്മുടെ ലക്ഷ്യം
മാലിന്യമുക്ത
കേരളം
പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

പഞ്ചായത്ത്‌രാജ്

മാർച്ച് 2021

അകത്ത്

പച്ചവിരിക്കട്ടെ
ഗ്രാമീണ കേരളം
ഡോ. ജോമോൻ മാത്യു 5

കേരളം
സുസ്ഥിര വികസന ലക്ഷ്യത്തിലേക്ക്
ഹുസൈൻ എം. മിന്നത്ത് 9

ചില വിവാഹ(രജിസ്ട്രേഷൻ) ആലോചനകൾ
കെ. പ്രശാന്ത് കുമാർ 13

ജനപ്രതിനിധികളുടെ ശ്രദ്ധയ്ക്ക്
കെ.ടി. ജോർജ് 18

വികസന പന്ഥാവിൽ ഉണർവായി
അമൃത്
ഡോ. രേണുരാജ് ഐ.എ.എസ്. 21

മാലിന്യമുക്തകേരളം ലക്ഷ്യമാക്കി
ശുചിത്വമിഷൻ
എബ്രഹാം തോമസ് രഞ്ജിത് 26

കെട്ടിട നിർമ്മാണാനുമതി
അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ 32

പ്രതിരോധിക്കാം
കൊവിഡ് മഹാമാരിയെ
ഡോ. ചിന്ത എസ്. 35

പംക്തികൾ

വാർത്തകൾ വിശേഷങ്ങൾ	34
ഊരും പേരും - 9	40
അരങ്ങൊഴിഞ്ഞ വീട്ടുനന്മകൾ	41
എന്ന് വായനക്കാർ	42

മാർച്ച് 2021
പുസ്തകം 60 ലക്കം 12
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

പഞ്ചായത്ത്‌രാജ്
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
എ.സി.മൊയ്തീൻ
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ശാരദാ മുരളീധരൻ ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
എസ്. ഹരികിഷോർ ഐ.എ.എസ്.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
സാബ്ലു തോമസ്
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
വി.വി. രാജീവ്
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
ഡോ.പി.കെ. ജയശ്രീ ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
ഡോ.പി.കെ. ജയശ്രീ ഐ.എ.എസ്.
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
വി.വി. രാജീവ്
Email: prmdp2020@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 9447791524

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്തമില്ല.

എഡിറ്റോറിയൽ

സോഫ്റ്റ്‌വെയർ ഉപയോഗം ജാഗ്രത വേണം

പഞ്ചായത്ത് വകുപ്പിനു കീഴിലെ വിവിധ ഓഫീസുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വിന്യസിച്ചിട്ടുള്ളതും പ്രവർത്തിച്ചുവരുന്നതുമായ സോഫ്റ്റ്‌വെയറുകളുടെയും ആപ്ലിക്കേഷനുകളുടെയും സുരക്ഷിതമായ ഉപയോഗം ഈ സ്ഥാപനങ്ങളിലെ ഓഫീസ് മേധാവികളും സെക്രട്ടറിമാരും ഉറപ്പുവരുത്തേണ്ടതുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉപയോഗിച്ചുവരുന്ന വിവിധ ആപ്ലിക്കേഷനുകളിൽ ജീവനക്കാരുടെയോ സെക്രട്ടറിയുടെയോ യൂസർനെയിം, പാസ്‌വേഡ് എന്നിവ ഓട്ടോസേവ് ആയി സൂക്ഷിക്കാതിരിക്കാൻ ഓരോരുത്തരും ശ്രദ്ധിക്കണം. ഇപ്രകാരം സൂക്ഷിക്കുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയാതെതന്നെ ലോഗിൻചെയ്ത് ദുരുപയോഗം ചെയ്യാൻ കാരണമാകും. Default Password-കൾ ഏതെങ്കിലും സോഫ്റ്റ്‌വെയറുകളിൽ ഉപയോഗിച്ചുവരുന്നുവെങ്കിൽ അവ അടിയന്തിരമായി മാറ്റുന്നതിനും നടപടി സ്വീകരിക്കണം.

പുതുതായി സ്ഥാനമേൽക്കുന്ന ജനപ്രതിനിധികൾക്കും ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്കും സോഫ്റ്റ്‌വെയറുകൾ കൈകാര്യം ചെയ്യുന്നതിനാവശ്യമായ പരിശീലനം സാങ്കേതിക വിഭാഗം ജീവനക്കാർ യഥാസമയം നൽകണം. ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപന സെക്രട്ടറിമാർ ഈ പരിശീലനം ഉറപ്പുവരുത്തണം. വിവര സാങ്കേതികവിദ്യാ നിയമത്തിലെ പ്രസക്തമായ വ്യവസ്ഥകൾ കൂടി പരിശീലനത്തിന്റെ ഭാഗമാക്കണം. ജനപ്രതിനിധികളുടെ കാലാവധി അവസാനിക്കുന്ന സന്ദർഭങ്ങളിലും സെക്രട്ടറിയോ മറ്റുജീവനക്കാരോ വിരമിക്കുകയോ സ്ഥലംമാറി പോവുകയോ ചെയ്യുന്ന അവസരങ്ങളിലും സോഫ്റ്റ്‌വെയറുകളിലും മറ്റും അവരുടേതായി ഉപയോഗിച്ചുവരുന്ന ലോഗിനുകൾ, പാസ്‌വേഡുകൾ എന്നിവ ഉടനടി ഡീ-ആക്ടിവേറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കണം. പുതിയ ജീവനക്കാർ ചുമതല ഏറ്റെടുക്കുന്ന വേളയിൽ അവർക്ക് പുതിയ ലോഗിൻ നൽകുകയും വേണം. അതുപോലെതന്നെ ഡിജിറ്റൽ സിഗ്നേച്ചറിന്റെ ഉപയോഗവും ജാഗ്രതയോടുകൂടി ചെയ്യേണ്ട കാര്യമാണ്. കെട്ടിടനിർമ്മാണ അനുമതി, ധന മാനേജ്മെന്റ് ഇവയുമായി ബന്ധപ്പെട്ട സോഫ്റ്റ്‌വെയറുകൾ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യണം. ധന മാനേജ്മെന്റുമായി ബന്ധപ്പെട്ട സോഫ്റ്റ്‌വെയറുകളുടെ കാര്യത്തിൽ തദ്ദേശഭരണ സ്ഥാപന അദ്ധ്യക്ഷമാരും പ്രത്യേകം ശ്രദ്ധ പുലർത്തണം.

അശ്രദ്ധമായും അലക്ഷ്യമായും സോഫ്റ്റ്‌വെയറുകളും അവയുമായി ബന്ധപ്പെട്ട പാസ്‌വേഡുകളും മറ്റും കൈകാര്യം ചെയ്യുന്നത് ധനാപഹരണം പോലുള്ള കുറ്റങ്ങൾക്കും നിയമവിരുദ്ധമായ കാര്യങ്ങൾ ചെയ്യുന്നതിനും ഉദ്യോഗസ്ഥർ തന്നെ ഉത്തരവാദിയാകുന്നതിന് കാരണമാകാം. മാത്രവുമല്ല നിരപരാധികൾ ശിക്ഷിക്കപ്പെടുന്നതിനും കാരണമായേക്കാം. ആയതിനാൽ സോഫ്റ്റ്‌വെയറുകളുടെയും ആപ്ലിക്കേഷനുകളുടെയും സുരക്ഷിതമായ ഉപയോഗത്തിലും ഡിജിറ്റൽ സിഗ്നേച്ചറിന്റെ ഉപയോഗത്തിലും, ഇവയിലെല്ലാം ആവശ്യമായ രഹസ്യസ്വഭാവം കാത്തുസൂക്ഷിക്കുന്നതിലും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്.

ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്.

> "ഞാൻ വായിച്ച ഏറ്റവും വലിയ ഗ്രന്ഥം എന്റെ മാതാവാണ്"
> എബ്രഹാം ലിങ്കൺ

പച്ചവിരിക്കട്ടെ ഗ്രാമീണ കേരളം

■ ഡോ. ജോമോൻ മാത്യു

വലിയൊരു കാർഷിക- ഭക്ഷ്യ സുരക്ഷാവീഴ്ചയിൽ നിന്ന് പടിപടിയായി കരകയറാൻ സമീപകാല കാർഷികകേരളത്തിന് കഴിയുന്നുവെന്നത് ശ്ലാഘനീയമാണ്. വർദ്ധിച്ച സബ്സിഡി, ഉയർന്ന താങ്ങുവില, ബോണസ്, വർദ്ധിച്ച രീതിയിലുള്ള സംഭരണം എന്നീ നയപരമായ ഇടപെടലുകൾ മികച്ച രീതിയിലേക്ക് നമ്മെ കൈപിടിച്ച് ഉയർത്തിയിട്ടുണ്ട്.

ഏതൊരു സമ്പദ്‌വ്യവസ്ഥയിലേയും-അത് ദേശീയതലത്തിലോ, സംസ്ഥാനതലത്തിലോ, പ്രാദേശിക തലത്തിലോ ആയിക്കൊള്ളട്ടെ - അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങൾ ആരംഭിക്കുന്നത് 'എന്ത് ഉൽപാദിപ്പിക്കണം' എന്ന ചോദ്യത്തിൽ നിന്നാണ്. ഒരു മുതലാളിത്ത വ്യവസ്ഥിതിയിൽ ഇതിനുള്ള ഉത്തരം കമ്പോളവും അതിലെ വിലസംവിധാനവും കണ്ടെത്തിക്കൊള്ളും. വിലസംവിധാനം ലാഭാധിഷ്ഠിതമായതിനാൽത്തന്നെ ജനക്ഷേമമോ, വിഭവവിനിയോഗ സംതുലനമോ, 'എന്ത് ഉത്പാദിക്കണം' എന്ന ചോദ്യത്തെ സ്വാധീനിക്കണമെന്നില്ല. ഇവിടെയാണ് ഇന്ത്യയെപ്പോലെ മിശ്രസമ്പദ്‌വ്യവസ്ഥയുള്ള രാജ്യത്തെ സർക്കാരുകളുടേയും പദ്ധതികളുടേയും പ്രസക്തി. യഥാർത്ഥത്തിൽ നാം എന്താണ് ഉൽപ്പാദിപ്പിക്കേണ്ടത്? കാർഷികപാരമ്പര്യമേറെയുള്ള, ജല (പ്രകൃതി) വിഭവങ്ങളേറെയുള്ള, ജനസംഖ്യയും ജനസാന്ദ്രതയും ഉയർന്നുനിൽക്കുന്ന ഭക്ഷ്യആവശ്യത്തിന്റെ 80% ൽ ഏറെയും അന്യസംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യേണ്ടി വരുന്ന ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെ

സംബന്ധിച്ച് ഇവിടുത്തെ അടിസ്ഥാന ചോദ്യത്തിനുത്തരം 'ഭക്ഷ്യവസ്തുക്കൾ' ഉൽപ്പാദിപ്പിക്കുക എന്നതുതന്നെ. ആകെ ജനസംഖ്യയിൽ പകുതിയോളം നഗരവാസികളായി മാറുകയും കേരളം അതിവേഗം നഗരമായി മാറുകയും ചെയ്യുമ്പോൾ സ്വാഭാവികമായും കാർഷിക ഉൽപാദനത്തിലേക്കുള്ള ഉത്തരവാദിത്വം പ്രാദേശിക സർക്കാരുകളിലേക്ക് എത്തിച്ചേരുകയാണ്.

കാർഷിക കേരളത്തിന്റെ നെടുംതൂണാകാൻ പ്രാദേശികസർക്കാരുകൾക്ക് സാധിക്കുമെന്നതിന് ഒട്ടേറെ കാരണങ്ങൾ നിരത്താൻ സാധിക്കും. ഒന്ന്, തരിശായതും കൃഷിയിറക്കുന്നതുമായ കാർഷിക ഭൂമിയുടെ കൃത്യമായ ലഭ്യതയും വിനിയോഗവും കണ്ടെത്താൻ പ്രാദേശികതലത്തിൽ സാധ്യമാണ്. രണ്ട്, കൃഷിക്കാവശ്യമായ പരമ്പരാഗത ജലസ്രോതസുകളുടെ സംരക്ഷണവും നവീകരണവും തദ്ദേശസ്ഥാപനങ്ങളിലൂടെ എളുപ്പം സാധിക്കും, മൂന്ന്, കൃഷി -പ്രത്യേകിച്ചും നെൽകൃഷി - ലാഭകരമല്ലാത്ത സാഹചര്യത്തിൽ ഗ്രാമീണതലത്തിലെ കൂട്ടായ്മകൾ, തൊഴിലുറപ്പ് സംഘങ്ങൾ, ഹരിത കർമ്മ സേന, കുടുംബശ്രീ എന്നിങ്ങനെയുള്ള എല്ലാ ശക്തികളേയും ഒരുമിപ്പിക്കാൻ പ്രാദേശിക സർക്കാരുകൾക്ക് സാധ്യമാണ്. മേൽസൂചിപ്പിച്ചവയും അതിലേറെയും കാരണങ്ങളാൽ പ്രാദേശിക സമ്പദ്‌വ്യവസ്ഥകൾ കാർഷിക ഉൽപ്പാദനം പ്രത്യേകിച്ചും നെല്ലുല്പാദനം മുഖ്യ അജണ്ടയായി സ്വീകരിക്കേണ്ടതായുണ്ട്. പച്ചവിരിക്കുന്ന നെൽപ്പാടങ്ങളിലേക്കുള്ള ഉത്തരവാദിത്വം പ്രാദേശിക സമ്പദ് വ്യവസ്ഥകൾ ഏറ്റെടുക്കുമ്പോൾ കേരളത്തിലെ നെൽകൃഷിയുടെ നിലവിലുള്ള അവസ്ഥയിലേക്ക് ഒന്ന് തിരിഞ്ഞുനോക്കുന്നത് നന്നായിരിക്കും.

പച്ചവിരിക്കുന്ന നെൽപ്പാടങ്ങൾ

കേരളത്തിലെ നെൽപ്പാടങ്ങളിൽ ഇന്ന് പ്രതീക്ഷയുടെ പച്ചപ്പ് വിരിയുകയാണ്. വിരിപ്പും, മുണ്ടകനും പുഞ്ചയുമായി 8 ലക്ഷത്തിലേറെ ഹെക്ടർ നെൽകൃഷി ചെയ്തിരുന്ന നമ്മുടെ പാടങ്ങളിലേക്ക് വികസനവും, ജനസാന്ദ്രതയും, നഗരവൽക്കരണവും വിളകളുടെ വാണിജ്യവൽക്കരണവുമെല്ലാം ഉഷ്ണക്കാറ്റായി വീശിയപ്പോൾ, കരിഞ്ഞുണങ്ങി 2 ലക്ഷം ഹെക്ടറിനും താഴേക്കുപോയി നമ്മുടെ ഭക്ഷ്യസുരക്ഷയുടെ നെൽവയലുകൾ. അതു പിന്നീട് ഗൃഹാതുരമായി കുട്ടനാട്ടിലേക്കും പാലക്കാട്ടേയ്ക്കും ചുരുങ്ങി. അങ്ങനെ 1970 കളുടെ തുടക്കത്തിൽ ആകെ ആവശ്യമുള്ളതിന്റെ 32 ശതമാനം അരിയുൽപ്പാദിപ്പിച്ചിരുന്ന നാം, ഇന്ന് വെറും 15 ശതമാനത്തോളം മാത്രം അരിയുൽപ്പാദിപ്പിക്കുന്നവരായി മാറി. എങ്കിലും പാളിപ്പോയ പാക്കേജുകളും, ദ്വാരങ്ങളേറെയുണ്ടായിരുന്ന നിയമാവലികളും കടന്ന്, നമ്മുടെ പാടങ്ങളിൽ ഇന്ന് പച്ചപ്പ് വിരിയുന്നുണ്ട്. പ്രാദേശിക സമ്പദ്‌വ്യവസ്ഥകൾ നെൽകൃഷിയുടെ പ്രാധാന്യം തിരിച്ചറിഞ്ഞു തുടങ്ങിയിട്ടുണ്ട്.

ഭൂവിനിയോഗവും നെൽകൃഷിയും

കേരളത്തിന്റെ ഭൂവിനിയോഗത്തിൽ കാതലായ മാറ്റങ്ങളാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഭക്ഷ്യവിളകളിൽ നിന്ന് റബ്ബർ ഉൾപ്പടെയുള്ള നാണ്യവിളകളിലേക്കുള്ള മാറ്റമാണ് അതിൽ എടുത്തുപറയേണ്ടത്. 2019-20 ലെ കണക്കനുസരിച്ച് മൊത്തം ഭൂവിസ്തൃതിയുടെ 52.13 ശതമാനമാണ് നമ്മുടെ കൃഷിഭൂമിയുടെ വിസ്തൃതി. 27.83 ശതമാനം വനഭൂമി മാറ്റി നിർത്തിയാൽ 2.57 ശതമാനം കൃഷിക്കനുയോജ്യമായ പാഴ്ഭൂമിയും, 1.48 ശതമാനം തരിശുഭൂമിയുമാണ്. വിളകളുടെ കാര്യമെടുത്താൽ ആകെ കൃഷിഭൂമിയിൽ 61.6 ശതമാനം നാണ്യവിളകളും, 27.5 ശതമാനം തോട്ടവിളകളും, കേവലം 9.88 ശതമാനം മാത്രം ഭക്ഷ്യവിളകളുമാണ് കേരളത്തിൽ കൃഷിചെയ്യുന്നത്.

നെൽകൃഷിയിലേക്ക് വരാം. സംസ്ഥാനത്തിന്റെ മുഖ്യ ഭക്ഷ്യവിളയാണെങ്കിലും മൊത്തം കൃഷി ഭൂവിസ്തൃതിയുടെ 7.37 ശതമാനം മാത്രമാണ് നമ്മുടെ നെൽകൃഷി. 1970 കൾക്ക് ശേഷം കുത്തനെ കുറഞ്ഞുവന്ന നെൽപ്പാടവിസ്തൃതിക്ക് ഒരു പരിധിവരെ കടിഞ്ഞാണിടാൻ സമീപകാലത്ത് നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഉദ്ദേശിച്ച രീതിയിൽ നടപ്പാ

കാതെ പോയ ഒന്നാം കുട്ടനാട് പാക്കേജും, സമീപകാല പ്രളയങ്ങളുമെല്ലാം നെൽകൃഷിയുടെ വളർച്ചയ്ക്ക് തടസ്സം നിന്നപ്പോഴും, പ്രതീക്ഷ നൽകുന്ന കണക്കുകൾ നമ്മുടെ മുന്നിലുണ്ട്.

പട്ടിക 1

കേരളത്തിലെ നെൽകൃഷിയുടെ വിസ്തൃതി

വർഷം	വിസ്തൃതി (ലക്ഷം ഹെക്ടറിൽ)
1960-61	7.79
1970-71	8.75
1980-81	8.02
1990-91	5.59
2000-01	3.47
2012-13	1.97
2017-18	1.89
2019-20	2.23*

ഉറവിടം: സാമ്പത്തികസർവ്വേ റിപ്പോർട്ട് 2020;
**2021 ലെ ബഡ്ജറ്റ് രേഖ*

പട്ടിക 1 സൂചിപ്പിക്കുന്നതുപോലെ വലിയൊരു കാർഷിക- ഭക്ഷ്യ സുരക്ഷാ വീഴ്ചയിൽ നിന്ന് പടിപടിയായി കരകയറാൻ സമീപകാല കാർഷികകേരളത്തിന് കഴിയുന്നുവെന്നത് ശ്ലാഘനീയമാണ്. വർദ്ധിച്ച സബ്സിഡി, ഉയർന്ന താങ്ങുവില, ബോണസ്, വർദ്ധിച്ച രീതിയിലുള്ള സംഭരണം എന്നീ നയപരമായ ഇടപെടലുകൾ മികച്ച രീതിയിലേക്ക് നമ്മെ കൈപിടിച്ച് ഉയർത്തിയിട്ടുണ്ട്. 2020 ൽ നെൽവയൽ ഉടമകൾക്ക് ഹെക്ടർ ഒന്നിന് 2000 രൂപ സർക്കാർ റോയൽറ്റി പ്രഖ്യാപിച്ചതും, കൊവിഡ് കാല കർഷകസൗഹൃദ ഇടപെടലുകളും, വരും വർഷങ്ങളിൽ ഇനിയും മെച്ചപ്പെട്ട ഭൂവിസ്തൃതിയിലേക്ക് നെൽകൃഷിയെ നയിക്കുമെന്ന് ഉറപ്പാണ്. ഭൂവിസ്തൃതിയിൽ മാത്രമല്ല, കഴിഞ്ഞ പത്ത് വർഷത്തിനിടയിലെ ഏറ്റവുമുയർന്ന ഉൽപ്പാദനശേഷിയും (ഹെക്ടറിന് 3073 കിലോ) 2019-20 ൽ രേഖപ്പെടുത്തിയെന്നതും ശ്രദ്ധേയമാണ്. ഗ്രാമ-നഗര വ്യത്യാസമില്ലാതെ സമീപകാലത്തുണ്ടായ കാർഷിക ഉണർവ് മേൽ സൂചിപ്പിച്ച കണക്കുകളിൽ വന്നിട്ടില്ല എന്നതും ഇവിടെ ഓർമ്മിപ്പിക്കട്ടെ.

സജീവമാകുന്ന കോൾപ്പാടങ്ങൾ

കേരളത്തിന്റെ ഭക്ഷ്യസുരക്ഷയും നെല്ലുല്പാദനവും സംരക്ഷിക്കുന്നതിൽ കോൾപ്പാടങ്ങൾക്കുള്ള പങ്ക് നിർണ്ണായകമാണ്. തൃശ്ശൂർ, മലപ്പുറം ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന 13632 ഹെക്ടർ കോൾപ്പാടങ്ങൾ അതിനാൽത്തന്നെ സവിശേഷ ശ്രദ്ധയാകർഷിക്കുന്നു. ഉയർന്ന ഉല്പാദനക്ഷമതയുള്ള ഈ നെൽപ്പാടങ്ങളിൽ 18-ാം നൂറ്റാണ്ടുമുതൽ തന്നെ കൃഷിയിറക്കിയിരുന്നതായി കേരളത്തിന്റെ കാർഷിക ചരിത്രത്തിൽ കാണാം. എന്നാൽ നഗരവികസനവും, റിയൽ എസ്റ്റേറ്റിന്റെ കടന്നുകയറ്റവും ഈ കോൾനിലങ്ങളുടെ മരണമണിയായി മാറി. (Nikhil Raj and P A Azeez (2012); "Real Estate and Agricultural Wetlands in Kerala", EPW, November). ഈയൊരു സാഹചര്യത്തിലാണ് ഭക്ഷ്യ-ജലസുരക്ഷയുടെ മാത്രമല്ല ദേശാടനക്കിളികളുടെ കൂടി സങ്കേതമായ കേരളത്തിന്റെ കോൾപ്പാടസംരക്ഷണത്തിനായി തൃശ്ശൂർ-പൊന്നാനി കോൾനില വികസന പ്രോജക്റ്റ് (Kole Development Agency) രൂപംകൊണ്ടത്. പദ്ധതി നടത്തിപ്പിന്റെ ഫലമായി മുൻകാലങ്ങളിലെ, ഹെക്ടറിന് 3-4 ടൺ ഉല്പാദനക്ഷമത ക്രമേണ 7-8 ടൺ വരെ ഉയർന്നു. ഏറ്റവുമൊടുവിൽ, കോൾനിലങ്ങളിലേക്കുള്ള ജലസേചനനിയന്ത്രണം, വെള്ളപ്പൊക്കം തടയൽ, കൃഷി അനുബന്ധ അടിസ്ഥാനസൗകര്യ വികസനം എന്നിങ്ങനെയുള്ള മുൻഗണനകൾക്കായി ഈ പുതുവർഷത്തിൽ 298 കോടിയുടെ പദ്ധതികൾക്ക് തൃശ്ശൂർ-പൊന്നാനി മേഖലകളിൽ കേരളസർക്കാർ തുടക്കമിട്ടിരിക്കുകയാണ്. ഉൽപ്പാദനക്ഷമത ഹെക്ടറിന് 10 ടൺ ആക്കി ഉയർത്തുവാൻ ലക്ഷ്യമിട്ടുള്ള കൃഷിവകുപ്പിന്റെ പുതിയ ഇടപെടൽ കൂടിയാകുമ്പോൾ മദ്ധ്യകേരള

ത്തിലെ കോൾനിലങ്ങളിൽ പ്രതീക്ഷയുടെ കതിരുകൾ വിരിയുമെന്നുറപ്പ്.

പുത്തൻ സൂചനകൾ

കൊവിഡ് കാലം നമ്മുടെ കാർഷിക മേഖലയ്ക്ക് പുത്തനുണർവ് ഉണ്ടാക്കിയെന്ന് പറയാതെ വയ്യ. ഭക്ഷ്യസുരക്ഷയെക്കുറിച്ചുള്ള മാറിയ കാഴ്ചപ്പാടുകൾ നെല്ലുല്പാദനത്തിനു മാത്രമല്ല, എല്ലാ വിളകളുടേയും വളർച്ചയ്ക്കും ഉണർവേകുന്നതായിരുന്നു. 'സുഭിക്ഷ കേരളം' എന്ന പദ്ധതി അതിനൊരു ഉദാഹരണം മാത്രം. ഏകദേശം 4 ശതമാനത്തോളം വരുന്ന തരിശ്ശുകിടക്കുന്നതും എന്നാൽ കൃഷിക്കനുയോജ്യമായതുമായ നമ്മുടെ കൃഷിഭൂമിയിലേക്കാണ് സുഭിക്ഷകേരളത്തിന്റെ കണ്ണ് പതിയുന്നത്. നിർണ്ണായകമായ ആ ഭൂമിയിൽ കൃഷിയിറക്കുന്ന പരിപാടികൾ നല്ല സൂചനയാണ്. 25000 ഹെക്ടർ തരിശ് ഭൂമിയിൽ കൃഷിയിറക്കുകയെന്നതാണ് കൃഷിവകുപ്പ് ലക്ഷ്യമിടുന്നതും. സംയോജിത വിള മൃഗ കൃഷി പരിപാടിയിലൂടെ ലാഭകരമായ മാതൃക (model of integrated farming) നടപ്പിലാക്കുമ്പോൾ അത് കാർഷിക സ്വയംപര്യാപ്തതയെന്ന ലക്ഷ്യത്തിലേക്ക് കേരളത്തെ കൊണ്ടുചെന്നെത്തിക്കാം. ഏറ്റവുമൊടുവിൽ 2021 ലെ ബഡ്ജറ്റിൽ നെൽകൃഷി വികസനത്തിന് മാത്രം 116 കോടി രൂപ വകയിരുത്തിയതും പ്രതീക്ഷ നൽകുന്നതാണ്. നെല്ലിന്റെ താങ്ങുവില 28 രൂപയായി ഉയർത്തിയതും നെൽകർഷകർക്ക് ഉത്തേജനം നൽകും.

ചുരുക്കത്തിൽ, നഷ്ടക്കണക്കുകളിൽ നടുവൊടിഞ്ഞ നെൽകർഷകരും, അവഗണനയേറ്റുവാങ്ങിയ തരിശ്ശുപാടങ്ങളും ഇനിയെങ്കിലും ഉയർത്തെണീറ്റേ മതിയാകൂ. അതിന് വേണ്ടത് ഭാവനാപൂർവം കൃഷിയെ സമീപിക്കുന്ന പ്രാദേശിക ഭരണകൂടം കൂടിയാണ്. ഒരു പരിധിയോളം സമീപകാലങ്ങളിൽ നമുക്കതിന് കഴിയുന്നുവെന്നതിന് നെൽപ്പാടങ്ങളിലെ പച്ചപ്പ് സാക്ഷി. ഇവിടെയും തീരുന്നില്ല. പ്രതീക്ഷയേകുന്ന ബഡ്ജറ്റുകളിൽ നിന്ന് നീക്കിയിരിപ്പുകൾ പാടത്തേക്കിറങ്ങണം. സജീവമാകുന്ന കോൾനിലങ്ങളിൽ കൊയ്ത്തുപാട്ടുകൾ ഉയരണം. കോൺക്രീറ്റ് വിരിക്കാത്ത രണ്ടാം കുട്ടനാട് പാക്കേജ് ഫലപ്രാപ്തിയിലെത്തണം. കൊയ്ത്തുത്സവങ്ങൾ സ്കൂൾമുറ്റങ്ങളിലൂടെ നാട്ടിൻപുറങ്ങളിലെ പതിവുകാഴ്ചകളായി തിരികെയെത്തണം. അതിനുവേണ്ടത് പ്രാദേശിക തലത്തിൽ ശക്തിപ്പെടുന്ന ഭക്ഷ്യസമ്പദ് വ്യവസ്ഥകളാണ്. കൊവിഡ് കാലത്ത് ഊർജ്ജം ലഭിച്ച കാർഷികമുന്നേറ്റത്തിന് തുടർച്ചയുണ്ടാകണം. സുഭിക്ഷ കേരളവും ഹരിതകേരളവുമെല്ലാം കൃഷി വ്യാപിപ്പിക്കുന്ന തിനൊപ്പം ജലസ്രോതസുകൾ വീണ്ടെടുക്കാൻ കൂടി ഇടയാകും. ഗ്രാമസഭകളും പ്രാദേശിക ബഡ്ജറ്റുകളും കാർഷിക മുൻഗണനകൾ കൂടി ലക്ഷ്യമിടട്ടെ. കാത്തിരിക്കാം പരന്നുവളരുന്ന, പ്രതീക്ഷയുടെ പച്ചപ്പിനായി. □

ലേഖകൻ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് സാമ്പത്തികശാസ്ത്ര വിഭാഗം അസിസ്റ്റന്റ് പ്രൊഫസറാണ്

കേരളം

സുസ്ഥിര വികസന ലക്ഷ്യത്തിലേക്ക്

■ **ഹുസൈൻ എം. മിന്നത്ത്**

സംസ്ഥാനത്തെ പ്രാദേശിക സർക്കാരുകളുടെ പദ്ധതികളും വികേന്ദ്രീകരണ പ്രവർത്തനങ്ങളും നിരീക്ഷിച്ചാൽ തദ്ദേശ സ്ഥാപനങ്ങൾ പ്രാദേശിക സർക്കാർ എന്ന രീതിയിൽ അക്ഷരാർത്ഥത്തിൽ മാറിയതായി കാണാവുന്നതാണ്. മാറിമാറി വരുന്ന സാഹചര്യത്തിനും കാലഘട്ടത്തിനും അനുസരിച്ച് പ്രാദേശിക സർക്കാരുകളുടെ ഇടപെടലുകളും ഉത്തരവാദിത്തങ്ങളും ചുമതലകളും ചലനാത്മകവും അതിവിശാലവും ആയിരിക്കുന്നു.

സാമ്പത്തിക വളർച്ചക്കപ്പുറം സാമൂഹിക, മാനവിക, പാരിസ്ഥിതിക വികസനവും വളർച്ചയുടെയും വികസനത്തിന്റെയും അളവുകോലായി മാറിയ തോടെ ലോക രാജ്യങ്ങളെ താരതമ്യം ചെയ്യുവാനായി ഒട്ടനവധി മാനദണ്ഡങ്ങളും സൂചികകളും ആഗോള തലത്തിൽ ചിട്ടപ്പെടുത്തിയിട്ടുണ്ട്. വിവിധ സൂചികകളുടെ അടിസ്ഥാനത്തിൽ രാജ്യങ്ങളെ റാങ്ക് ചെയ്യുന്നതും വർഷാവർഷങ്ങളിൽ ഐക്യരാഷ്ട്ര സഭ അടക്കമുള്ള പല ഏജൻസികളും പ്രസിദ്ധീകരിക്കുന്ന റിപ്പോർട്ടുകളും ഇന്ത്യ അടക്കമുള്ള രാജ്യങ്ങൾ ഗൗരവമായിട്ടാണ് കാണുന്നത്. ഫിസിക്കൽ ക്വാളിറ്റി ലൈഫ് ഇൻഡക്സ് (PQLI) മാനവ വികസന സൂചിക (HDI) മൾട്ടി ഡയമൻഷ്യൽ പോവർട്ടി ഇൻഡക്സ് (MPI) ജെൻഡർ ഡെവലപ്മെന്റ് ഇൻഡക്സ് (GDI) ഗ്ലോബൽ ഹംഗർ ഇൻഡക്സ് (GHI) ജൻഡർ ഇക്വാലിറ്റി ഇൻഡക്സ് (GII), ജനുവിൻ പ്രോഗ്രസ്സ് ഇൻഡിക്കേറ്റർ (GPI) ഇവയെല്ലാം ഈ ശ്രേണിയിൽ വരുന്ന വികസന സൂചകങ്ങളാണ്. ആഗോള തലത്തിൽ വികസന കാഴ്ചപ്പാടുകളിൽ മാറ്റം വന്നതോടെ ഇന്ന് വികസനത്തിന്റെ അളവുകോൽ സുസ്ഥിര വികസന ലക്ഷ്യം (SDG) നേടി എടുക്കുക എന്നതായി ലോകം പൊതുവായി അംഗീകരിച്ചിട്ടുണ്ട്. 2030 ഓടുകൂടി ഓരോ വ്യക്തിയുടെയും വികസനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഐക്യരാഷ്ട്രസഭയുടെ ജനറൽ അസ്സംബ്ലി സുസ്ഥിര വികസനലക്ഷ്യങ്ങൾക്ക് രൂപം നൽകിയിട്ടുള്ളത്. 2015ൽ UN പൊതുസഭ ഇതിനായി പ്രമേയം പാസ്സാക്കുകയും ഇതിനെ മില്ലേനിയം ഡെവലപ്മെന്റ് ഗോൾ (MDG) ആയി 2000 ൽ ഐക്യരാഷ്ട്ര സഭ പ്രഖ്യാപിക്കുകയും ചെയ്യുകയുണ്ടായി. ഭാവി തലമുറയെ പരിഗണിക്കുന്നതോടൊപ്പം മാനവ പ്രകൃതി വിഭവങ്ങളുടെ സമന്വയം ഉറപ്പാക്കികൊണ്ടുള്ള സാമ്പത്തിക

സാമൂഹിക പാരിസ്ഥിക വളർച്ച സാധ്യമാക്കുന്നതിനുള്ള ചില ബോധപൂർവ്വമായ ഇടപെടലുകൾ ലക്ഷ്യം വെച്ച് കൊണ്ടുള്ള ഒരു വികസന മുന്നേറ്റമാണ് ഐക്യരാഷ്ട്ര സഭ സുസ്ഥിര വികസനം വഴി ലക്ഷ്യം വയ്ക്കുന്നത്. "ഭാവി തലമുറയുടെ ആവശ്യങ്ങളെ തൃപ്തിപ്പെടുത്താനുള്ള പര്യാപ്തക്ക് വിട്ടുവീഴ്ചയില്ലാതെ ഈ തലമുറയുടെ ആന്ത്യങ്ങളെ തൃപ്തിപ്പെടുത്താൻ ഉതകും വിധമുള്ള വികസനമാണ്" സുസ്ഥിര വികസനമെന്ന് ബ്രണ്ടന്റ്ണ്ട് കമ്മീഷന്റെ നിർവചനവും ഇതോടൊപ്പം കൂട്ടി വായിക്കാവുന്നതാണ്.

സുസ്ഥിര വികസനം ലക്ഷ്യങ്ങൾ

സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായി ഐക്യരാഷ്ട്രസഭ 17 സുസ്ഥിര വികസന സൂചകങ്ങളുടെ ഒരു ചട്ടക്കൂടുതന്നെ രൂപം നൽകിയിട്ടുണ്ട്. 1) ദാരിദ്ര്യ നിർമ്മാർജ്ജനം 2) വിശപ്പില്ലാത്ത അവസ്ഥയും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കലും 3) എല്ലാ പ്രായത്തിലുള്ളവരുടെയും ക്ഷേമവും ആരോഗ്യ ജീവിതവും 4) ഗുണനിലവാരമുള്ള വിദ്യാഭ്യാസം 5) ലിംഗസമത്വം 6) ശുദ്ധമായ ജലവും ശുചിത്വവും ഉറപ്പാക്കൽ 7) സുസ്ഥിര ഊർജ്ജത്തിന്റെ പ്രാപ്യത ഉറപ്പാക്കുക 8) മാന്യമായ ജോലിയും സാമ്പത്തിക വളർച്ചയും ഉറപ്പാക്കുക 9) അടിസ്ഥാന സൗകര്യങ്ങളുടെ വികസനം 10) അസമത്വം കുറയ്ക്കുക 11) സുസ്ഥിര നഗരങ്ങളും കമ്മ്യൂണിറ്റികളും 12) സുസ്ഥിര ഉപഭോഗവും ഉത്പാദനവും 13) കാലാവസ്ഥാ വ്യതിയാനവും അതിന്റെ പ്രത്യാഘാതങ്ങൾക്ക് പരിഹാരവും 14) സമുദ്രങ്ങളുടെയും സമുദ്രോൽപന്നങ്ങളുടെയും സുസ്ഥിര ഉപഭോഗവും സംരക്ഷണവും 15) ഭൗമ-വന ആവാസ വ്യവസ്ഥകളുടെ സന്തുലിത ഉപയോഗം 16) നീതിയും സമാധാനവും ഉറപ്പാക്കുക 17) സുസ്ഥിര വികസനത്തിനായുള്ള ആഗോള പങ്കാളിത്തം എന്നിവയാണ് ഐക്യരാഷ്ട്ര സഭ മുന്നോട്ട് വയ്ക്കുന്ന സുസ്ഥിര വികസന ലക്ഷ്യങ്ങൾ.

സുസ്ഥിര വികസനം - വികസന കാഴ്ചപ്പാടുകളിലെ മാറ്റം

ഐക്യരാഷ്ട്രസഭ വിഭാവനം ചെയ്ത സുസ്ഥിര വികസനലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായി ആഗോള തലത്തിൽ ഒട്ടുമിക്ക രാജ്യങ്ങളും 2015 മുതൽ തന്നെ അവരുടെ വികസന നയങ്ങളിൽ മാറ്റം വരുത്തുകയുണ്ടായി. ഇന്ത്യയും ഈ പാത പിൻതുടർന്ന് കൊണ്ട് ചില ധീരമായ കാൽവെപ്പുകൾ നടത്തുകയുണ്ടായി. ദേശീയ തലത്തിൽ നീതി ആയോഗും സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയവും രൂപ കൽപ്പന ചെയ്തിട്ടുള്ള സുസ്ഥിര വികസന ചട്ടക്കൂടിന്റെ അടിസ്ഥാനത്തിൽ എല്ലാ സംസ്ഥാനങ്ങളും സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ഒട്ടനവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. കേരളത്തിലാകട്ടെ ഈ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായി ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിനെ നോഡൽ വകുപ്പായി നിയമിക്കുകയും സുസ്ഥിര വികസന ലക്ഷ്യത്തിലേക്കുള്ള സൂചകങ്ങൾ തയ്യാറാക്കി വിവിധ വകുപ്പുകൾ വഴി അവ നടപ്പിലാക്കാനുള്ള കർമ്മപദ്ധതികൾക്ക് രൂപം നൽകുകയുമുണ്ടായി. വിവിധ വകുപ്പുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പദ്ധതികളിൽ സുസ്ഥിര വികസന സൂചികകളെ (SDI) വിന്യസിപ്പിക്കുകയുണ്ടായി. എന്നാൽ സുസ്ഥിര വികസനലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായി സംസ്ഥാനം നടത്തിയ ശ്രദ്ധേയമായ കാൽവെയ്പ്പ് പ്രാദേശിക സർക്കാരുകളെ മുൻ നിർത്തിക്കൊണ്ട് സ്വീകരിച്ച വികേന്ദ്രീകൃത സമീപനം തന്നെയാണ്. സംസ്ഥാനം നടത്തിയ വികേന്ദ്രീകൃതമായ ഇടപെടലുകൾ പലതും ആഗോള തലത്തിൽ തന്നെ ശ്രദ്ധിക്കപ്പെട്ടിട്ടുള്ളതും, മറ്റെവിടെയും കാണാൻ സാധിക്കാത്തതുമാണ്. സൂക്ഷ്മമായി നിരീക്ഷിച്ചാൽ പ്രാദേശിക തലത്തിൽ തദ്ദേശ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പദ്ധതികളിൽ എല്ലാം തന്നെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള കൃത്യവും ബോധപൂർവ്വവുമായ ഇടപെടലുകൾ നമുക്ക് കണ്ടെത്താനാവും.

1996 ൽ ഒമ്പതാം പഞ്ചവത്സര പദ്ധതി കാലത്താണ് വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയക്ക് സംസ്ഥാനത്ത് തുടക്കം കുറിച്ചത്. തുടർന്നുവന്ന ഓരോ പഞ്ചവൽത്സര പദ്ധതികളിലും സംസ്ഥാനത്തിന്റെ വികസന

പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് വികേന്ദ്രീകൃതാസൂത്രണ സാധ്യതകളെ ഫലപ്രദമായി ഉപയോഗിച്ച് പ്രാദേശിക വികസനം സാധ്യമാക്കുകയാണ് സംസ്ഥാനം ചെയ്തത്. കേവലം പ്രാദേശിക വികസനം എന്ന ലക്ഷ്യം മാത്രം മുന്നിൽ കണ്ടുകൊണ്ട് പ്രാദേശിക സർക്കാരുകൾ പദ്ധതികൾ ഏറ്റെടുക്കുന്ന രീതിയിലായിരുന്നു ആദ്യകാല വികസന കാഴ്ചപ്പാടുകൾ രൂപപ്പെട്ടിരുന്നത്. അതായത് പ്രാദേശിക തലത്തിൽ അടിസ്ഥാന സൗകര്യം, സാമൂഹിക വികസനം, ആരോഗ്യ, വിദ്യാഭ്യാസ മേഖല ഉൾപ്പെടെയുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായിരുന്നു കൂടുതൽ ശ്രദ്ധയും ഊന്നലും നൽകിയിരുന്നത്. എന്നാൽ ഇന്നാവട്ടെ സംസ്ഥാനത്തെ പ്രാദേശിക സർക്കാരുകളുടെ പദ്ധതികളും വികേന്ദ്രീകരണ പ്രവർത്തനങ്ങളും നിരീക്ഷിച്ചാൽ തദ്ദേശ സ്ഥാപനങ്ങൾ പ്രാദേശിക സർക്കാർ എന്ന രീതിയിൽ അക്ഷരാർത്ഥത്തിൽ മാറിയതായി കാണാവുന്നതാണ്. മാറിമാറി വരുന്ന സാഹചര്യത്തിനും കാലഘട്ടത്തിനും അനുസരിച്ച് പ്രാദേശിക സർക്കാരുകളുടെ ഇടപെടലുകളും ഉത്തരവാദിത്വങ്ങളും ചുമതലകളും ചലനാത്മകവും അതിവിശാലവും ആയിരിക്കുന്നു. ബഹുതല ആസൂത്രണ തലത്തിലേക്ക് കാര്യങ്ങളെ നോക്കിക്കാണുന്നത് വഴി വികസന പ്രശ്നങ്ങളെ കേവലം പ്രാദേശിക തലത്തിനപ്പുറം വിശാലമായ കാഴ്ചപ്പാടിൽ നോക്കിക്കാണാനാണ് പ്രാദേശിക സർക്കാരുകൾ ശ്രമിക്കുന്നത്. സംസ്ഥാനത്തെ ആകെ ബാധിക്കുന്ന പ്രശ്നങ്ങളായ ദുരന്തനിവാരണം, മാലിന്യ സംസ്കരണം, കുടിവെള്ളം, നഗരവത്ക്കരണം, വയോജന സംരക്ഷണം, അടിസ്ഥാന സൗകര്യ വികസനം, ആരോഗ്യം തുടങ്ങി ഒട്ടനവധി മേഖലകളുമായി ബന്ധപ്പെട്ട രണ്ടാം തലമുറ വികസന പ്രശ്നങ്ങളും (Second generation development issues) സമഗ്ര വികസനം ലക്ഷ്യംവെച്ച് കൊണ്ടുള്ള പല വൻകിട പദ്ധതികളും പരിപാടികളും ആവിഷ്കരിച്ചുകൊണ്ട് പ്രാദേശിക സർക്കാരുകൾ പ്രാദേശിക വികസനത്തിനപ്പുറം സംസ്ഥാന വികസനത്തിന്റെ മുഖ്യധാരയിൽ തന്നെ നിന്ന് കൊണ്ടും ചില ഇടപെടലുകൾ നടത്തുന്നുണ്ട് എന്ന് കാണാവുന്നതാണ്. 2018ലെയും 2019ലെയും പ്രളയവും 2020 ലെ കൊവിഡ് മഹാമാരിയും സംസ്ഥാനത്ത് വലിയ നാശനഷ്ടങ്ങൾ ഉണ്ടാക്കിയെങ്കിലും അതിനെ പ്രതിരോധിക്കുവാൻ പ്രാദേശിക സർക്കാർ തീർത്ത

ജനകീയ പ്രതിരോധം ലോകം കണ്ടതാണ്. ഓരോ പ്രദേശത്തെയും ജനങ്ങളെയും വിദഗ്ധരെയും ഉൾപ്പെടെ മുഴുവൻ സംവിധാനങ്ങളെയും ഏകോപിപ്പിച്ച് ഏതൊരു വെല്ലുവിളിയെയും നേരിടാൻ സുസജ്ജമായ ഒരു തലത്തിലേക്ക് പ്രാദേശിക സർക്കാരുകൾ മാറിയതായും നമുക്ക് കാണാൻ സാധിക്കും.

പതിമൂന്നാം പദ്ധതി മുതൽ വികസന കാഴ്ചപ്പാടുകളിൽ ചില മാറ്റങ്ങൾ വരുത്തി വികേന്ദ്രീകൃതാസൂത്രണത്തെ മറ്റൊരു തലത്തിലേക്ക് തിരിച്ച് വിടുന്നതുവഴി നാളിതുവരെ സംസ്ഥാനം നേടിയെടുത്ത വികസനങ്ങളും ഭൗതിക നേട്ടങ്ങളും സുസ്ഥിരമായും സ്ഥായിയായും നില നിർത്തുന്നതിനും കേരളത്തിന്റെ ജനകീയ വികസന മാതൃകയെ പുതിയ കാലഘട്ടത്തിലെ വെല്ലുവിളികളെ നേരിടാൻ സുസജ്ജവും പര്യാപ്തവുമാക്കുന്ന തലത്തിലേക്ക് വികേന്ദ്രീകൃതാസൂത്രണത്തെ കൊണ്ട് പോവുകയുണ്ടായി. സമയബന്ധിതമായി കൂടുതൽ ഗുണകരവും ഫലപ്രദവും സർവ്വതല സ്പർശിയായി പദ്ധതികൾക്ക് രൂപം നൽകുവാനും അവയുടെ നിർവ്വഹണം സാധ്യമാക്കുന്നതിനുമുള്ള ചില ചുവടുവെയ്പുകളും നടത്തുകയുണ്ടായി. ഇതോടൊപ്പം തന്നെ കഴിഞ്ഞ കാല ന്യൂനതകൾ പരിഹരിച്ച് കൊണ്ടുള്ള ഒരു മുന്നേറ്റവുമാണ് പ്രാദേശിക സർക്കാരുകൾ നടത്തുന്നത്. വിഭവങ്ങളുടെ അമിത ചൂഷണവും പരിസ്ഥിതി ആഘാതവും ലഘൂകരിച്ച് ഭാവി തലമുറയെക്കൂടി പരിഗണിച്ച് കൊണ്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾ (Sustainable Development Goals) 2015ൽ ഐക്യരാഷ്ട്ര സഭ പ്രഖ്യാപിക്കുകയും അജണ്ട 2030 എന്ന പേരിൽ ഈ സുസ്ഥിര വികസന ലക്ഷ്യങ്ങൾ 2030 ഓടുകൂടി ആഗോളതലത്തിൽ നേടിയെടുക്കുവാൻ ലക്ഷ്യമിടുമ്പോൾ അടിസ്ഥാനം സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുക എന്ന നിലയിലേക്ക് പ്രാദേശിക സർക്കാരുകൾ തങ്ങളുടെ വികസന നയവും മാറ്റുകയുണ്ടായി.

സുസ്ഥിര വികസനത്തിനായുള്ള വികേന്ദ്രീകൃത കാൽവെയ്പുകൾ

ലോകരാജ്യങ്ങൾ പലതും സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായി കേന്ദ്രീകൃതമായ ചില ഇടപെടലുകൾ നടത്തുമ്പോൾ കേരളമാകട്ടെ പ്രാദേശിക സർക്കാരുകളെ മുൻനിർത്തി വികേന്ദ്രീകൃത സാധ്യതകൾ ഉപയോഗിച്ച് സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായി ബോധപൂർവ്വമായ ചില ഇടപെടലുകൾ നടത്തുകയാണ് ചെയ്യുന്നത്. കാലാകാലങ്ങളായി പ്രാദേശിക സർക്കാരുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന അവരുടെ വാർഷിക പദ്ധതികളിൽ ഈ ലക്ഷ്യങ്ങൾ ഉചിതമായി വിന്യസിപ്പിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് സംസ്ഥാനം സ്വീകരിച്ചുവരുന്നത്. പ്രാദേശിക സർക്കാരുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന ഒട്ടു മിക്ക പദ്ധതികളുടെയും ആത്യന്തിക ലക്ഷ്യം സുസ്ഥിര

വികസനം നേടിയെടുക്കുക എന്ന് തന്നെയാണെന്ന് കാണാവുന്നതാണ്. രാജ്യത്തെ വിവിധ സംസ്ഥാനങ്ങൾ ഏറ്റെടുത്ത് നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയാൽ 2018 ലെ SDG India Index പ്രകാരം കേരളം രാജ്യത്തെ പ്രഥമ റാങ്കിൽ നിൽക്കുന്ന സംസ്ഥാനമാണ്. ഇതിനു പിന്നിലെ ചാലക ശക്തിയായി പ്രവർത്തിച്ചത് നമ്മുടെ പ്രാദേശിക സർക്കാരുകളും വികേന്ദ്രീകൃത ആസൂത്രണവുമാണ്.

2030 ഓടുകൂടി ഏവരുടെയും വികസനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഐക്യരാഷ്ട്രസഭ സുസ്ഥിര വികസനലക്ഷ്യങ്ങൾക്ക് 2015ൽ രൂപം നൽകുകയുണ്ടായത്. എന്നാൽ സംസ്ഥാനത്താകട്ടെ സുസ്ഥിര വികസനം നേടിയെടുക്കുന്നതിന്റെ ഭാഗമായി 2017 മുതൽ 13-ാം പദ്ധതിക്കാലയളവിൽ പ്രാദേശിക സർക്കാരുകളുടെ പദ്ധതികളിൽ നയപരമായ ചില മാറ്റങ്ങൾ വരുത്തുക വഴി വികസനം സുസ്ഥിരമായ ഒരു തലത്തിലേക്ക് തിരിച്ച് വിടുന്നതിന് സാധിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രാദേശിക വികസന രംഗത്ത് നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഊർജ്ജം പകരുക വഴി സംസ്ഥാനത്താകമാനം ഒരു ഏകീകൃത വികസനം സാധ്യമാക്കുക, സംസ്ഥാനത്തിന്റെ നിലവിലെ സാമൂഹിക സാമ്പത്തിക ചട്ടക്കൂടിൽ പരിഹാരം കണ്ടെത്തേണ്ടതായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക, സുസ്ഥിരവികസന അജണ്ട മുന്നോട്ട് വയ്ക്കുന്ന ലക്ഷ്യങ്ങൾ നേടിയെടുക്കാനും പ്രാദേശിക തലത്തിൽ നടത്തുന്ന ഇടപെടലുകളുടെ ഭാഗമായി പതിമൂന്നാം പദ്ധതിക്കാലയളവിൽ പ്രാദേശിക സർക്കാരുകൾ രൂപം നൽകി നടപ്പിലാക്കിയ ചില പദ്ധതികൾ വികസനത്തെ മേൽത്തട്ടിലേക്ക് വ്യാപിക്കുന്ന ഒരു Bottom-up സമീപനമാണ് സ്വീകരിച്ചിരിക്കുന്നതെന്ന് കാണാവുന്നതാണ്. പ്രാദേശിക സർക്കാരുകൾ ഏറ്റെടുത്ത് നടത്തിവരുന്ന വിശപ്പ് രഹിത കേരളം, ടേക്ക് എ ബ്രേക്ക് പദ്ധതി, വയോ ക്ലബ്ബ്, ശുചിത്വ കേരളം, തോടുകളുടെ ശുചീകരണം, ഒരുകോടി ഫലവൃക്ഷത്തൈ നടീൽ, ജൈവ പച്ചക്കറി, ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം, പൊതു വിദ്യഭ്യാസ സംരക്ഷണ യജ്ഞം, സാന്ത്വന ചികിൽസയും പരിപാലനവും, പട്ടിക വിഭാഗ ഉന്നമനം, ദുരന്തനിവാരണ പദ്ധതി, പ്രത്യേക വിഭാഗങ്ങൾക്കുള്ള പദ്ധതി എന്നീ പരിപാടികളിൽ എല്ലാം തന്നെ ഐക്യരാഷ്ട്ര സഭ മുന്നോട്ട് വയ്ക്കുന്ന സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള വികേന്ദ്രീകൃത ഇടപെടലുകൾ കാണാവുന്നതാണ്.

വികേന്ദ്രീകൃതാസൂത്രണത്തിന് സംസ്ഥാനത്ത് തുടക്കം കുറിച്ചിട്ട് കാൽ നൂറ്റാണ്ട് പിന്നിടുന്നു. ഇക്കാലമത്രയും നമ്മുടെ പരിമിതികളെ ഇച്ഛാശക്തിയും ജനകീയ പങ്കാളിത്തവും ഉപയോഗിച്ച് മറികടന്ന് സാമൂഹ്യ സാമ്പത്തിക പുരോഗതി കൈവരിക്കാൻ സാധിച്ചതു വഴി ലോകത്ത് തന്നെ ശ്രദ്ധാകേന്ദ്രമായി മാറിയ പ്രദേശമാണ് കേരളം. മാനവിക സൂചികകളിൽ വികസിത രാജ്യങ്ങൾക്കൊപ്പം നിൽക്കുന്ന കേരളം മുന്നോട്ട് വച്ച മാതൃക വളരെ പ്രാധാന്യത്തോടെയാണ് ഇന്നും പലരും പരിഗണിക്കപ്പെടുന്നത്. കേരളത്തിന്റെ വികസന അനുഭവങ്ങൾ പഠിപ്പിക്കുന്നത് ഇന്ത്യയുടെ വൈവിധ്യമാർന്നതും വിവിധ വിഭാഗങ്ങൾ ഉൾക്കൊള്ളുന്നതുമായ സാമൂഹിക ഘടനയിൽ പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിലും പ്രകൃതി സംരക്ഷണത്തിനും, തൊഴിൽ സൃഷ്ടിക്കുന്നതിലും ദാരിദ്ര്യ നിർമ്മാർജ്ജനത്തിലും എല്ലാം തന്നെ വികേന്ദ്രീകൃതാസൂത്രണവും പ്രാദേശിക സർക്കാരുകളും നിർണ്ണായക പങ്ക് തന്നെയാണ് വഹിച്ചിരിക്കുന്നത്. വികസനത്തിന്റെ അടുത്ത ഘട്ടത്തിൽ ലോക പരിവർത്തനത്തിനായി സുസ്ഥിര വികസന അജണ്ട 2030 (2030 Agenda for Sustainable Development) മുന്നോട്ട് വയ്ക്കുന്ന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള കേന്ദ്രബിന്ദുവായി പ്രാദേശിക സർക്കാരുകൾ മാറുമ്പോൾ വികേന്ദ്രീകൃതാസൂത്രണം പുതിയ തലത്തിലേക്ക് മുന്നേറുകയാണെന്ന് അടിവരയിട്ടുതന്നെ പറയാവുന്നതാണ്. □

ലേഖകൻ സംസ്ഥാന ആസൂത്രണ ബോർഡിൽ ഡെപ്യൂട്ടി ഡയറക്ടറാണ്.

ചില വിവാഹ(രജിസ്ട്രേഷൻ)ആലോചനകൾ

■ കെ. പ്രശാന്ത് കുമാർ

എല്ലാ വിവാഹങ്ങളും കക്ഷികളുടെ മതഭേദമെന്യേ നിർബ്ബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് പൊതു ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഏതെങ്കിലും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകളനുസരിച്ച് രജിസ്ട്രേഷൻ നിർബ്ബന്ധമായിട്ടുള്ള വിവാഹങ്ങൾ, ഏതെങ്കിലും സ്റ്റാറ്റ്യൂട്ട് പ്രകാരം രജിസ്ട്രേഷൻ ഹിതാനുസരണമായിട്ടുള്ളതും അതനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ വിവാഹങ്ങൾ എന്നിവ പൊതു വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ അനുസരിച്ച് രജിസ്റ്റർ ചെയ്യേണ്ടതില്ല.

സംസ്ഥാനത്തെ പഞ്ചായത്തുകളിലും നഗരസഭകളിലും ഹിന്ദു വിവാഹ രജിസ്ട്രേഷൻ, ആനന്ദ് വിവാഹ രജിസ്ട്രേഷൻ എന്നിവ നിലവിലുണ്ടെങ്കിലും 2008 ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ അനുസരിച്ചാണ് ഇപ്പോൾ പ്രധാനമായി വിവാഹ രജിസ്ട്രേഷൻ നടത്തുന്നത്. Seema v. Aswinikumar [(2006) 2 SCC 578] കേസിൽ സുപ്രീംകോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. അതിലെ പൊതുവായ വ്യവസ്ഥകളും വിവാഹ രജിസ്ട്രേഷന്റെ നടപടിക്രമങ്ങളും ഏറെക്കുറെ ഏവർക്കും പരിചിതമാണ്. അത് നടപ്പിലാക്കുന്നതിലുള്ള സംശയങ്ങളും തെറ്റിദ്ധാരണകളും കോടതികളുടെ ഇടപെടലുകളും മറ്റുമാണ് ഈ ലേഖനത്തിൽ ചർച്ച ചെയ്യുന്നത്.

സുപ്രീംകോടതി വിധി

2006 ഫെബ്രുവരി 14 ന് സുപ്രീംകോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ, എല്ലാ സംസ്ഥാന സർക്കാരുകളും വിവാഹ രജിസ്ട്രേഷനുള്ള നടപടിക്രമങ്ങൾ വിജ്ഞാപനം ചെയ്യണമെന്നും അതിനു മുമ്പ് പൊതുജനങ്ങളിൽ നിന്ന് ആക്ഷേപങ്ങൾ ക്ഷണിക്കേണ്ടതാണെന്നും നിർദ്ദേശിച്ചു. അങ്ങനെ പുറപ്പെടുവിക്കുന്ന ചട്ടപ്രകാരം നിയമിക്കുന്ന ഉദ്യോഗസ്ഥനെ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് യഥാവിധി അധികാരപ്പെടുത്തണമെന്നും വയസ്സ്, വിവാഹനില (അവിവാഹിത, വിവാഹമോചിത തുടങ്ങിയവ) വ്യക്തമായി പറഞ്ഞിരിക്കണമെന്നും വിവാഹം രജിസ്റ്റർ ചെയ്യാതിരുന്നാലോ തെറ്റായ വിവരം നല്കിയാലോ ഉള്ള പരിണത ഫലം എന്തായിരിക്കുമെന്ന ചട്ടങ്ങളിൽ വ്യക്തമാക്കണമെന്നും വിധിന്യായത്തിൽ നിർദ്ദേശിച്ചു. ഈ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലാണ് 29.02.2008 ലെ സ.ഉ.(അ) 1/2008/നിയമം പ്രകാരം 2008 ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ (ചുരുക്കത്തിൽ, പൊതു വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ എന്നു പറയാം) പുറപ്പെടുവിച്ചത്.

ആക്ടോ റൂളോ?

സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ നിലവിൽ വന്ന ചട്ടങ്ങളാണെങ്കിലും പൊതു വിവാഹ ആക്ട് എന്ന് പറഞ്ഞു കേൾക്കാറുണ്ട്. സാധാരണയായി ഒരു ആക്ടിന്റെ കീഴിൽ, അതിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങളും ഫോറങ്ങളും മറ്റും വ്യക്തമാക്കുന്നതിനാണ് ചട്ടങ്ങൾ പുറപ്പെടുവിക്കാറുള്ളത്. എന്നാൽ, ഏതെങ്കിലും ആക്ടിന്റെ അടിസ്ഥാനത്തില

ല്ല പൊതു വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. നടന്ന വിവാഹങ്ങളുടെ രജിസ്ട്രേഷൻ മാത്രമാണ് ചട്ടങ്ങളിൽ വ്യവസ്ഥയുള്ളത്. മറിച്ച്, ഇതിന്റെ അടിസ്ഥാനത്തിൽ വിവാഹം നടത്തുന്നതിന് വ്യവസ്ഥയില്ല. ഹിന്ദു മാര്യേജ് ആക്ട് അനുസരിച്ച് വിവാഹം സാധുതയുള്ളതല്ല എന്നു പറയുമ്പോൾ കോമൺ മാര്യേജ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്യാമല്ലോ എന്നാണ് പലരും പറയുന്നത്.

എല്ലാ വിവാഹങ്ങളും രജിസ്റ്റർ ചെയ്യണോ?

ചട്ടങ്ങൾ നിലവിൽ വന്നതിനു ശേഷം നടക്കുന്ന എല്ലാ വിവാഹങ്ങളും കക്ഷികളുടെ മതഭേദമെന്യേ നിർബ്ബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് ആറാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഏതെങ്കിലും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകളനുസരിച്ച് രജിസ്ട്രേഷൻ നിർബ്ബന്ധമായിട്ടുള്ള വിവാഹങ്ങൾ, ഏതെങ്കിലും സ്റ്റാറ്റ്യൂട്ട് പ്രകാരം രജിസ്ട്രേഷൻ ഹിതാനുസരണമായിട്ടുള്ളതും അതനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ വിവാഹങ്ങൾ എന്നിവ പൊതു വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ അനുസരിച്ച് രജിസ്റ്റർ ചെയ്യേണ്ടതില്ല. അതായത്, സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരം നടന്ന വിവാഹങ്ങൾ, ഹിന്ദു വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ അനുസരിച്ച് രജിസ്റ്റർ ചെയ്ത വിവാഹങ്ങൾ തുടങ്ങിയവ ഈ ചട്ടങ്ങളനുസരിച്ച് രജിസ്റ്റർ ചെയ്യേണ്ടതില്ല. എന്നാൽ, പൊതുവിവാഹ രജിസ്ട്രേഷൻ ചട്ടപ്രകാരമുള്ള സർട്ടിഫിക്കറ്റ് തന്നെ വേണമെന്ന് പല ഓഫീസുകളും ആവശ്യപ്പെടുന്നതിനാൽ സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരം നടന്നതും സർട്ടിഫിക്കറ്റ് ലഭിച്ചതുമായ വിവാഹങ്ങൾ പോലും പഞ്ചായത്തുകളിലും നഗരസഭകളിലും രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ട്.

രജിസ്റ്റർ ചെയ്യാൻ കഴിയാത്ത വിവാഹങ്ങൾ ഉണ്ടോ?

എല്ലാ വിവാഹങ്ങളും ഈ ചട്ടപ്രകാരം രജിസ്റ്റർ ചെയ്യാം. എന്നാൽ വിവാഹം ആണെന്ന ധാരണയിൽ നടത്തുന്നവ ഉൾപ്പെടെ, നിയമത്തിന്റെ കണ്ണിൽ വിവാഹം അല്ലാത്ത ചടങ്ങുകളും ഏർപ്പെടുന്ന ബന്ധങ്ങളും രജിസ്റ്റർ ചെയ്യാൻ കഴിയില്ല. വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിൽ 2015 ൽ വരുത്തിയ ഭേദഗതിയിലൂടെ ആറാം ചട്ടത്തിൽ പുതുതായി ചേർത്ത ക്ലിപ്ത നിബന്ധന മുഖേന ഇക്കാര്യം കൂടുതൽ വ്യക്തമാക്കിയിട്ടുണ്ട്. "എന്നാൽ ഭാരതത്തിൽ പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമപ്രകാരമോ മതാചാര പ്രകാരമോ നടത്തപ്പെടുന്ന വിവാഹങ്ങളല്ലാതെ വിവാഹമെന്ന പേരിൽ ഏതെങ്കിലും കരാർ പ്രകാരമോ മറ്റേതെങ്കിലും വിധത്തിലോ ഉണ്ടാക്കുന്ന യാതൊരു ബന്ധവും ഈ ചട്ടങ്ങൾക്ക് കീഴിൽ രജിസ്റ്റർ ചെയ്യാവുന്നതല്ല" എന്നതാണ് 2008 ൽ നിലവിൽ വന്ന ചട്ടങ്ങളിൽ 2015 ൽ ഉൾപ്പെടുത്തിയ ക്ലിപ്ത നിബന്ധന.

ബന്ധുക്കളുടെ സമ്മതം കൂടാതെയോ മറ്റ കാരണങ്ങളാലോ 'രജിസ്റ്റർ മാര്യേജ്' എന്ന പേരിൽ രജിസ്ട്രാർ ഓഫീസുകളിൽ രജിസ്റ്റർ ചെയ്യുന്ന കരാറുകൾ, നിയമവ്യവസ്ഥകൾ പാലിക്കാതെ ഏർപ്പെടുന്ന ബന്ധങ്ങൾ തുടങ്ങിയവ രജിസ്റ്റർ ചെയ്യാൻ കഴിയില്ല. ഉദാഹരണമായി, ഹിന്ദുമതാചാരം അനുസരിച്ച് നടക്കുന്ന വിവാഹം നിയമാനുസൃതമാകണമെങ്കിൽ വിവാഹത്തിലെ രണ്ട് കക്ഷികളും ഹിന്ദുക്കൾ ആയിരിക്കേണ്ടതുണ്ട്. അതുപോലെ മറ്റ മതാചാരപ്രകാരമുള്ള വിവാഹങ്ങളിലും അതത് നിയമത്തിലെയോ വ്യക്തി നിയമത്തിലെയോ വ്യവസ്ഥകൾ പാലിച്ചിരിക്കണം.

Sabu.K.Eliyas v. State of Kerala and Others [2014(1) KHC 804], Thankamma Koshy v. State of Kerala and others [2016 (4) KHC 600] തുടങ്ങിയ കേസുകളിലെ വിധിന്യായങ്ങളിൽ, നിയമാനുസൃതമല്ലാത്ത വിവാഹങ്ങൾ രജിസ്റ്റർ ചെയ്യ പ്പെടുന്നില്ല എന്ന് ഉറപ്പാക്കുന്നതിന് അധി കൃതർ ശ്രദ്ധ ചെലുത്തേണ്ടതാണെന്ന കേരള ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ളതാണ്.

വ്യത്യസ്ത മതങ്ങളിൽപ്പെട്ടവർ തമ്മിലുള്ള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യാൻ കഴിയില്ലേ?

മതാചാര പ്രകാരമുള്ള വിവാഹങ്ങളിൽ ആണ് കക്ഷികളുടെ മതം പരിഗണിക്കേണ്ടി വരുന്നത്. ഇന്ത്യയിൽ കക്ഷികളുടെ മതം പരിഗണിക്കാതെ വിവാഹം നടത്താവുന്നത് സ്പെഷ്യൽ മാര്യേജ് ആക്ടിന്റെ അടിസ്ഥാനത്തിലാണ്. ഹിന്ദു വിവാഹങ്ങളിൽ രണ്ടുപേരും ഹിന്ദുക്കളാകണം എന്നതുപോലെ ക്രൈസ്തവ വിവാഹങ്ങളിൽ ഒരാളെങ്കിലും ക്രിസ്ത്യാനിയാകണം. മുസ്ലീം വിവാഹങ്ങളിൽ ഷിയ, സുന്നി വിഭാഗങ്ങൾ തമ്മിൽ വ്യത്യാസമുണ്ട്. എങ്കിലും ഭർത്താവ് മുസ്ലീം തന്നെയാകണം. സ്പെഷ്യൽ മാര്യേജ് ആക്ട് അനുസരിച്ച നടന്നതോ ആ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തതോ ആയ വിവാഹങ്ങൾ മതം പരിഗണിക്കാതെ പൊതുവിവാഹ രജിസ്ട്രേഷൻ ചട്ടപ്രകാരം രജിസ്റ്റർ ചെയ്യാം. ചുരുക്കത്തിൽ, അതത് സ്റ്റാറ്റ്യൂട്ടിലെയോ വ്യക്തിനിയമത്തിലെയോ വ്യവസ്ഥകൾ അനുസരിച്ച് മതം പരിഗണിക്കേണ്ടതുണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിലുള്ള വിവാഹങ്ങളാണ് രജിസ്റ്റർ ചെയ്യാവുന്നത്.

മതം പരിഗണിക്കാതെ വിവാഹം രജിസ്റ്റർ ചെയ്യേണ്ടതല്ലേ?

മതേതര രാജ്യമായ ഭാരതത്തിൽ വ്യത്യസ്ത മതങ്ങളിൽപ്പെട്ടവരോ ഒരു മതത്തിലും വിശ്വാസമില്ലാത്തവരോ തമ്മിലുള്ള വിവാഹം രജിസ്റ്റർ ചെയ്യാൻ കഴിയില്ല എന്നു പറയുന്നത്, എല്ലാ വിവാഹങ്ങളും കക്ഷികളുടെ മതഭേദമെന്യെ രജിസ്റ്റർ ചെയ്യണമെന്ന് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതു കൂടി പരിഗണിക്കുമ്പോൾ ശരിയല്ലെന്ന അഭിപ്രായം കേൾക്കാറുണ്ട്. മതഭേദമെന്യെ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, ഏതെങ്കിലും മതത്തിൽപ്പെട്ടവരുടെ മാത്രം വിവാഹം രജിസ്റ്റർ ചെയ്യുകയോ ഏതെങ്കിലും മതക്കാരുടെ വിവാഹം രജിസ്റ്റർ ചെയ്യാതിരിക്കുകയോ പാടില്ല എന്നാണ്. വിവാഹം നിയമാനുസൃതമാണോ എന്ന് പരിശോധിക്കുമ്പോഴാണ് മതം പ്രസക്തമാകുന്നത്. കക്ഷികളുടെ മതം പരിഗണിക്കാതെ വിവാഹം നടത്താവുന്നത് സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരം മാത്രമാണ്. നിയമ പ്രകാരമോ മതാചാരപ്രകാരമോ ഉള്ള വിവാഹങ്ങൾ മാത്രമേ രജിസ്റ്റർ ചെയ്യാൻ പാടുള്ളു എന്ന് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ അങ്ങനെയേ ചെയ്യാൻ കഴിയുകയുള്ളൂ.

സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരമുള്ള വിവാഹത്തിന്റെ നടപടിക്രമം എന്താണ്?

വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്ന കക്ഷികൾ, അവരിൽ ആരെങ്കിലും ഒരാൾ 30 ദിവസത്തിൽ കുറയാത്ത കാലമായി താമസിക്കുന്ന സ്ഥലത്തെ മാര്യേജ് ഓഫീസർക്ക് ആക്ടിന്റെ രണ്ടാം പട്ടികയിലുള്ള നോട്ടീസ് നല്കണം. നോട്ടീസിന്റെ പകർപ്പ് ആ ഓഫീസിന്റെ നോട്ടീസ് ബോർഡിലും മറ്റേ കക്ഷി മറ്റൊരു മാര്യേജ് ഓഫീസറുടെ അധികാര പരിധിയിലാണ് താമസമെങ്കിൽ ആ ഓഫീസിലെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കുകയും 30 ദിവസം കഴിഞ്ഞ്

അതിന്മേലുള്ള ആക്ഷേപങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ അവ കൂടി പരിഗണിച്ച ശേഷം വിവാഹം നടത്തുകയും ചെയ്യും. ആക്ടിന്റെ മൂന്നാം പട്ടികയിലുള്ള ഒരു പ്രഖ്യാപനത്തിൽ കക്ഷികളും മൂന്നു സാക്ഷികളും ഒപ്പു വയ്ക്കണം. വിവാഹം, കക്ഷികൾക്ക് താൽപ്പര്യമുള്ള ഏതെങ്കിലും രീതിയിൽ നടത്താം. എന്നാൽ കക്ഷികൾ ഓരോരുത്തരും മാര്യേജ് ഓഫീസറുടെയും മൂന്ന് സാക്ഷികളുടെയും സാന്നിദ്ധ്യത്തിൽ "ഞാൻ (A) നിന്നെ (B) എന്റെ ഭാര്യയായി/ഭർത്താവായി സ്വീകരിക്കുന്നു" എന്ന് മറ്റേയാളോട് അവർക്ക് അറിയാവുന്ന ഭാഷയിൽ പറഞ്ഞാൽ മാത്രമേ വിവാഹ ചടങ്ങ് പൂർത്തിയാവുകയുള്ളൂ.

മറ്റു തരത്തിൽ മുമ്പ് നടന്ന വിവാഹങ്ങളും സ്പെഷ്യൽ മാര്യേജ് ആക്ടിനു കീഴില് രജിസ്റ്റർ ചെയ്യാൻ വ്യവസ്ഥയുണ്ട്. കക്ഷികൾ തമ്മിൽ ഒരു വിവാഹ ചടങ്ങ് നടത്തുകയും അതിനുശേഷം ഭാര്യാ ഭർത്താക്കന്മാരായി ജീവിച്ചുപോരുകയും ചെയ്യുന്നുണ്ടെങ്കിൽ അവർ 30 ദിവസത്തിലധികമായി താമസിക്കുന്ന സ്ഥലത്തെ മാര്യേജ് ഓഫീസർക്ക് അപേക്ഷ നല്കാം.

കക്ഷികളുടെ മതം എങ്ങനെ നിർണ്ണയിക്കും?

നിയമപ്രകാരമോ മതാചാര പ്രകാരമോ നടത്തപ്പെടുന്ന വിവാഹങ്ങൾ മാത്രമേ രജിസ്റ്റർ ചെയ്യാൻ പാടുള്ളൂ എന്ന് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും അത് ഉറപ്പുവരുത്താൻ സഹായകമായ വിവരങ്ങൾ വിവാഹ രജിസ്ട്രേഷനായി നല്കുന്ന മെമ്മോറാണ്ടത്തിൽ (ഫോറം 1) രേഖപ്പെടുത്തുന്നില്ല എന്നത് വസ്തുതയാണ്. ഏത് സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥകൾ പ്രകാരമാണ് അല്ലെങ്കിൽ ഏത് മതാചാര പ്രകാരമാണ് വിവാഹം നടത്തിയതെന്നോ കക്ഷികളുടെ മതം ഏതാണെന്നോ മെമ്മോറാണ്ടത്തിൽ രേഖപ്പെടുത്തുന്നില്ല. അതിനാൽ തന്നെ ചട്ടം 6 ന്റെ നാലാം ക്ലിപ്തം നിബന്ധനയിലെ വ്യവസ്ഥ ഉറപ്പുവരുത്തുന്നതിന് രജിസ്ട്രാർമാർക്ക് പരിമിതിയുണ്ട് എന്നത് വസ്തുതയാണ്. നിലവിൽ, കക്ഷികൾ ജനനതീയതി തെളിയിക്കുന്നതിനായി നല്കുന്ന സ്കൂൾ സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകളിലെ മതം സംബന്ധിച്ച രേഖപ്പെടുത്തലിന്റെയും അവരുടെ പേരിന്റെയും മറ്റും അടിസ്ഥാനത്തിലാണ് രജിസ്ട്രാർമാർ മതം നിർണ്ണയിക്കുന്നത്. അങ്ങനെയുള്ള വിവരങ്ങളുടെ അഭാവത്തിൽ കക്ഷികൾ ലഭ്യമാക്കുന്ന

2006 ലെ ബാല വിവാഹങ്ങൾ നിരോധിക്കൽ ആക്ട് പ്രകാരം ഇരുപത്തിയൊന്നു വയസ്സ് തികയാത്ത ആണും പതിനെട്ടു വയസ്സ് തികയാത്ത പെണ്ണും കുട്ടിയാണ്. വിവാഹത്തിലെ ഒരു കക്ഷിയെങ്കിലും കുട്ടിയാണെങ്കിൽ അത് ബാല വിവാഹമാകും. അത്തരം വിവാഹങ്ങൾ രജിസ്റ്റർ ചെയ്യാൻ പാടില്ലെന്നാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്.

അധിക വിവരങ്ങളുമാണ് ആധാരമാക്കാവുന്നത്. ഒരാളുടെ മതവിശ്വാസം സംബന്ധിച്ച് അയാളുടെ പ്രഖ്യാപനം മതിയാകുമെന്ന് വിവിധ വിധിന്യായങ്ങളിൽ കേരള ഹൈക്കോടതി വ്യക്തമാക്കിയിട്ടുണ്ട്.

മതപരിവർത്തനം നടത്തിയവർ എന്തു രേഖയാണ് ഹാജരാക്കേണ്ടത്?

മുമ്പ് സൂചിപ്പിച്ചതുപോലെ, വിവാഹ രജിസ്ട്രേഷനായി ഹാജരാക്കുന്ന മെമ്മോറാണ്ടത്തിൽ കക്ഷികളുടെ മതം രേഖപ്പെടുത്തുകയോ അതു സംബന്ധിക്കുന്ന എന്തെങ്കിലും രേഖ ഹാജരാക്കുകയോ ചെയ്യേണ്ടതില്ല. കേരള ഹൈക്കോടതി, റിട്ട് പെറ്റിഷൻ (സിവിൽ) നം. 7574/2018 ൽ (Pranav A.M. & Anr. v. Secretary, Engandiyur GP & Anr.) 05.04.2018 ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ രജിസ്ട്രാറുടെ പരിശോധനയുടെയും അന്വേഷണത്തിന്റെയും വ്യാപ്തിയെയും കക്ഷികളുടെ മതം സംബന്ധിച്ച് ഹാജരാക്കേണ്ട രേഖകളെയും സംബന്ധിച്ച് വിശദമായ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. സമർപ്പിച്ചിട്ടുള്ള രേഖകൾ പ്രകാരമുള്ള മതത്തിന്റെ അടിസ്ഥാനത്തിൽ വിവാഹം നിയമാനുസൃതമല്ലെന്ന് കാണുന്ന കേസുകളിൽ, ബന്ധപ്പെട്ട കക്ഷി താൻ വിവാഹത്തിനു മുമ്പായി മതപരിവർത്തനം നടത്തിയതായോ ഒരു പ്രത്യേക മതത്തിൽ വിശ്വസിക്കുന്നതായോ ഉള്ള പ്രഖ്യാപനം നടത്തുന്ന പക്ഷം അതിന്റെ അടിസ്ഥാനത്തിലാണ് അപേക്ഷയിന്മേൽ തീരുമാനം കൈക്കൊള്ളേണ്ടത്. ഏതെങ്കിലും സംഘടനയുടെയോ മതാധികാര സ്ഥാനത്തിന്റെയോ സാക്ഷ്യപത്രം ആവശ്യപ്പെടാൻ പാടില്ലെന്ന് കോടതി വ്യക്തമാക്കിയിട്ടുള്ളതാണ്.

ശൈശവ/ബാല വിവാഹങ്ങൾ

ശൈശവ/ബാല വിവാഹങ്ങൾ ഈ ചട്ടപ്രകാരം രജിസ്റ്റർ ചെയ്യാമോ എന്ന സംശയം ആദ്യകാലത്തു തന്നെ ഉന്നയിക്കപ്പെട്ടിരുന്നു. 2006 ലെ ബാല വിവാഹങ്ങൾ നിരോധിക്കൽ ആക്ട് (The Child Marriage Prohibition Act, 2006) പ്രകാരം ഇരുപത്തിയൊന്നു വയസ്സ് തികയാത്ത ആണും പതിനെട്ടു വയസ്സ് തികയാത്ത പെണ്ണും കുട്ടിയാണ്. വിവാഹത്തിലെ ഒരു കക്ഷിയെങ്കിലും കുട്ടിയാണെങ്കിൽ അത് ബാല വിവാഹമാകും. അത്തരം വിവാഹങ്ങൾ രജിസ്റ്റർ ചെയ്യാൻ പാടില്ലെന്നാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. അതേസമയം 27.06.2013 വരെ നടന്ന എല്ലാ വിവാഹങ്ങളും രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് നിർദ്ദേശം നല്കി. ആക്ടിലെ മൂന്നാം വകുപ്പിലെ വ്യവസ്ഥ അനുസരിച്ച് ഒരു ബാല വിവാഹം, അതു നടന്ന സമയത്ത് കുട്ടിയായിരുന്ന കക്ഷിയുടെ താല്പര്യപ്രകാരം അസാധുവാക്കാവുന്നതാണ്. വിവാഹം അസാധുവാക്കുന്നതിനുള്ള പെറ്റിഷൻ വിവാഹ സമയത്ത് കുട്ടിയായിരുന്ന കക്ഷിക്ക് പ്രായപൂർത്തിയായി രണ്ടുവർഷം കഴിയുന്നതിനു മുമ്പ് എപ്പോൾ വേണമെങ്കിലും കോടതിയിൽ ഫയൽ ചെയ്യാം. ഈ സമയപരിധി കഴിഞ്ഞാൽ വിവാഹം അസാധുവാക്കാൻ കഴിയില്ല എന്നതിനാൽ അതിനുശേഷം ഇത്തരം വിവാഹങ്ങൾ രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് വിവാഹ (പൊതു) മുഖ്യ രജിസ്ട്രാർ ജനറൽ ആയ പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം വിവാഹ രജിസ്ട്രേഷൻ നടത്തുന്നതിന്, കക്ഷികൾ വിവാഹം അസാധുവാക്കുന്നതിനുള്ള പെറ്റിഷൻ ഫയൽ ചെയ്തിട്ടില്ലെന്ന സത്യവാങ്മൂലം നല്കേണ്ടതാണ്.

രജിസ്ട്രേഷനു മുമ്പ് രജിസ്ട്രാർ എന്തെല്ലാം അന്വേഷണങ്ങൾ നടത്തും?

വിവാഹ രജിസ്ട്രേഷൻ നടത്തുന്നതിന്, ഇന്ത്യയിൽ നിലവിലുള്ള ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായോ അപേക്ഷ സമർപ്പിച്ച വ്യക്തികൾക്ക് ബാധകമായ മതാചാര പ്രകാരമോ വിവാഹം

നടന്നിട്ടുണ്ടെന്ന് പ്രഥമദൃഷ്ട്യാ രജിസ്ട്രാർക്ക് ബോദ്ധ്യപ്പെട്ടാൽ മതിയാകുന്നതാണ്. കക്ഷികളുടെ വിവാഹബന്ധത്തിലേർപ്പെട്ടന്നതിനുള്ള യോഗ്യത സംബന്ധിച്ചോ വിവാഹത്തിന്റെ സാധുത സംബന്ധിച്ചോ വിശദമായ അന്വേഷണം നടത്തി ഉറപ്പുവരുത്തുക എന്നത് രജിസ്ട്രാറുടെ ചുമതലയിൽപ്പെടുന്നില്ല. മാത്രമല്ല, വിവാഹത്തിന്റെ സാധുത ഉറപ്പുവരുത്തുന്നതിനുള്ള എല്ലാ ഘടകങ്ങളും രജിസ്ട്രാർക്ക് പരിശോധിച്ച് ഉറപ്പുവരുത്താൻ കഴിയുന്നതുമല്ല. ഉദാഹരണമായി, വിവാഹത്തിന്റെ സാധുത നിർണ്ണയിക്കുന്ന ഘടകങ്ങളായ, മുമ്പ് വിവാഹം കഴിച്ചയാളാണോ, കക്ഷികൾ വിവാഹം കഴിക്കാൻ പാടില്ലാത്ത ബന്ധത്തിലുള്ളവരാണോ (Prohibited degrees of relationship), സ്ഥിരബുദ്ധി ഇല്ലാത്തയാളാണോ തുടങ്ങിയവയും മെമ്മോറാണ്ടത്തിൽ രേഖപ്പെടുത്തിയിട്ടുള്ള എല്ലാ വിവരങ്ങളുടെയും (മാതാപിതാക്കളുടെ വിവരങ്ങൾ, തൊഴിൽ, മുമ്പ് വിവാഹിതനാണോ അല്ലയോ തുടങ്ങിയവ) ആധികാരികതയും രജിസ്ട്രാർക്ക് ഉറപ്പുവരുത്താൻ കഴിയില്ലല്ലോ. 45 വയസ്സ് കഴിഞ്ഞ ഒരാൾ മെമ്മോറാണ്ടത്തിൽ 'അവിവാഹിതൻ'എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ അദ്ദേഹത്തിന്റെ മേൽവിലാസം ഉൾപ്പെടുന്ന രജിസ്ട്രേഷൻ യൂണിറ്റിലേക്ക്, അയാൾ വിവാഹിതനാണോ എന്ന് ആരാഞ്ഞുകൊണ്ട് കത്തയച്ച രജിസ്ട്രാറുടെ നടപടി അദ്ദേഹത്തിന്റെ ചുമതലാ നിർവ്വഹണത്തിന്റെ ഭാഗമല്ല എന്ന് പറയേണ്ടതില്ലല്ലോ. അവിവാഹിതൻ/അവിവാഹിത എന്ന രേഖപ്പെടുത്തിയത് ശരിയാണോ എന്ന് ഏത് പ്രായം കഴിഞ്ഞയാളുകളെ സംബന്ധിച്ചാണ് അന്വേഷണം നടത്തേണ്ടത് എന്നോ എവിടെയൊക്കെ അന്വേഷണം നടത്തണമെന്നോ പറയാനും കഴിയില്ല.

ഫ്രാൻസിലെ പോലെ, Certificate of the legal capacity to marry എന്ന രേഖ ഹാജരാക്കണം എന്ന് നിയമം വഴി വ്യവസ്ഥ ചെയ്യുന്നത് വൈവാഹിക അവസ്ഥ സംബന്ധിച്ച തട്ടിപ്പുകൾ തടയുന്നതിന് സഹായകമായേക്കും. വിവാഹിത/ വിവാഹിതനാകാനുള്ള പ്രായപരിധി കഴിയുന്ന ഓരോ പൗരനും മറ്റ യോഗ്യതകൾ കൂടി ഉറപ്പുവരുത്തിയ ശേഷം മേൽപ്പറഞ്ഞ സർട്ടിഫിക്കറ്റ് നല്കുകയും ആ സർട്ടിഫിക്കറ്റ് സറണ്ടർ ചെയ്തശേഷം മാത്രമേ വിവാഹം കഴിക്കാൻ സാധിക്കുകയുള്ളൂ എന്ന് വ്യവസ്ഥ ചെയ്യുകയുമാണെങ്കിൽ അവിവാഹിതനെയും വിവാഹിതനെയും തിരിച്ചറിയാൻ കഴിയും. ഫ്രഞ്ച് പൗരന്മാർ ഇന്ത്യയിൽ വിവാഹ ബന്ധത്തിൽ ഏർപ്പെടുമ്പോൾ മേൽപ്പറഞ്ഞ സർട്ടിഫിക്കറ്റ് ഉണ്ടെന്ന് ഉറപ്പുവരുത്തണം എന്ന് അറിയിച്ചുകൊണ്ടുള്ള ഫ്രഞ്ച് കോൺസലേറ്റിന്റെ കത്ത് പഞ്ചായത്ത് ഡയറക്ടർക്ക് ലഭിച്ചത് ഓർക്കുന്നു.

വിവാഹം നടന്നതിനുള്ള തെളിവ്

വിവാഹം നടന്നതിനുള്ള തെളിവുകളായി സ്വീകരിക്കാവുന്നവ താഴെപ്പറയുന്നവയാണ്.

1. **മതാചാര പ്രകാരമുള്ള വിവാഹങ്ങൾ** - ബന്ധപ്പെട്ട മതാധികാര സ്ഥാനം നല്കുന്ന സാക്ഷ്യപത്രം അല്ലെങ്കിൽ ഫാറം നമ്പർ 2 ൽ എം.പി/ എം.എൽ.എ/ ഗസറ്റഡ് ഉദ്യോഗസ്ഥൻ/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ അംഗത്തിന്റെ ഒരു പ്രഖ്യാപനം. സമുദായ സംഘടനകൾ മതാധികാര സ്ഥാനങ്ങളല്ല എന്നത് ശ്രദ്ധിക്കേണ്ടതാണ്.
2. **സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥ പ്രകാരമുള്ള വിവാഹങ്ങൾ** - വിവാഹ രജിസ്റ്ററിലെ ഉൾക്കുറിപ്പിന്റെ വിവാഹ ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്(സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരമുള്ള വിവാഹ സർട്ടിഫിക്കറ്റ് തുടങ്ങിയവ ഇതിൽപ്പെടും.) വിവാഹം നടന്ന് 45 ദിവസത്തിനുശേഷം മെമ്മോറാണ്ടം ഫയൽ ചെയ്യുമ്പോൾ, ഫോറം 2 ലെ പ്രഖ്യാപനം അല്ലെങ്കിൽ രജിസ്ട്രാർക്കോ (5 വർഷം വരെ) രജിസ്ട്രാർ ജനറലിനോ (5 വർഷത്തിനു ശേഷം) ബോദ്ധ്യമാകുന്ന തെളിവ് ഹാജരാക്കണം എന്നാണ് വ്യവസ്ഥ.

വിവാഹമോചനം സംബന്ധിച്ച് എന്ത് രേഖയാണ് ഹാജരാക്കേണ്ടത്?

ഇസ്ലാം മതാചാരപ്രകാരമുള്ള വിവാഹങ്ങൾക്ക്, വിവാഹമോചനം സംബന്ധിച്ച് മുഹമ്മദൻ നിയമം അനുശാസിക്കുന്ന ഏതെങ്കിലും വിധത്തിൽ ഭർത്താവ് ഭാര്യയെ മൊഴി ചൊല്ലി എന്നു കാണിക്കുന്ന, ജമാഅത്തിൽ നിന്നുള്ള കത്തോ ഭർത്താവും ഭാര്യയും തമ്മിൽ പരസ്പര ധാരണയിലുണ്ടായ കരാറിന്റെ അടിസ്ഥാനത്തിലുള്ള വിവാഹ മോചന രേഖയുടെ പകർപ്പോ അല്ലെങ്കിൽ കോടതിയിൽ നിന്നുള്ള വിവാഹ മോചന ഉത്തരവോ ഹാജരാക്കിയാൽ മതിയാകുന്നതാണ് എന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഭാര്യയുടെ മാത്രം താൽപ്പര്യപ്രകാരം നടത്തുന്ന വിവാഹ മോചനത്തിന് കോടതി ഉത്തരവ് ആവശ്യമാണ്. മറ്റെല്ലാ വിവാഹ മോചനങ്ങളുടെ കാര്യത്തിലും (സ്റ്റാറ്റ്യൂട്ടറിയും മതാചാരപ്രകാരവുമുള്ളവയും) കോടതിയിൽ നിന്നുള്ള ഉത്തരവ് ഹാജരാക്കേണ്ടതുണ്ട്. പൊതുവിൽ, കരാറിന്റെ രൂപത്തിലുള്ള വിവാഹ മോചനം അനുവദനീയമല്ലാത്തതിനാൽ, വിവാഹത്തിന്റെ കാര്യത്തിലെന്ന പോലെ വിവാഹ മോചനത്തിനും രജിസ്ട്രാറുടെ ഓഫീസിൽ രജിസ്റ്റർ ചെയ്ത കരാറുകൾ സ്വീകാര്യമല്ല.

വിദേശ കോടതികളിൽ നിന്നുള്ള വിവാഹമോചനം സ്വീകാര്യമാണോ?

ഇന്ത്യയിൽ നടന്ന വിവാഹത്തിൽ, വിദേശ കോടതി അനുവദിച്ച വിവാഹ മോചനത്തിന്റെ സാധുത സംബന്ധിച്ച് സർക്കാർ ഒന്നിലധികം തവണ സ്പഷ്ടീകരണം നല്കിയിട്ടുണ്ട്. അത് ഇനി പറയും പ്രകാരമാണ്.

- വിദേശ കോടതികളുടെ വിധിന്യായങ്ങളുടെ സാധുത Civil Procedure Code ലെ സെക്ഷൻ 13 ൽ ആണ് പ്രതിപാദിച്ചിട്ടുള്ളത്.
- വിദേശ കോടതികളിൽ നിന്ന് ലഭിക്കുന്ന വിവാഹമോചന ഉത്തരവുകൾ നിയമസാധുതയുള്ളത് ആകണമെങ്കിൽ അത് ഒരു competent court പുറപ്പെടുവിച്ചിട്ടുള്ളതും കക്ഷികൾ ഹാജരാക്കുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ വിധി പുറപ്പെടുവിച്ചിട്ടുള്ളതും Natural justice ന് വിരുദ്ധമോ വസ്തുതകൾ മറച്ചുവച്ച് നേടിയതോ ഇന്ത്യയിൽ നിലവിലുള്ള വിവാഹ നിയമത്തിന്റെ ലംഘനമോ ആകാൻ പാടില്ലാത്തതും ആകേണ്ടതാണ്.

എന്നാൽ, ഇതു ലോക്കൽ രജിസ്ട്രാർമാർ എപ്രകാരമാണ് ഉറപ്പാക്കേണ്ടത് എന്നതു സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങളൊന്നും ഇല്ലാത്തതിനാൽ ഇത്തരം കേസുകൾ ഓരോന്നിലും സ്പഷ്ടീകരണം തേടുന്ന സ്ഥിതിയാണ്. Seethal Joseph v. Marriage Officer (W.P.(C) No.30673/2018) ലെ കേരള ഹൈക്കോടതി വിധിന്യായ

ത്തിൽ, തെളിവുകളിന്മേൽ കൂടുതൽ പരിശോധന നടന്നില്ല എന്നതു കൊണ്ടു മാത്രം ഒരു വിദേശ കോടതിയുടെ വിധിന്യായം given not on merits എന്നു കരുതാൻ കഴിയില്ലെന്ന് പ്രസ്താവിച്ചതു കൂടി കണക്കിലെടുക്കുമ്പോൾ വിദേശ കോടതികളിൽ നിന്നുള്ള വിവാഹ മോചന ഉത്തരവിന്റെ സാധുത നിർണ്ണയിക്കുക എന്നത് ലോക്കൽ രജിസ്ട്രാർക്ക് ഒട്ടും എളുപ്പമല്ല എന്നു പറയാതെ വയ്യ.

രജിസ്ട്രേഷൻ നടത്തുന്നതിന് കക്ഷികൾ ഹാജരാകേണ്ടതുണ്ടോ?

പൊതുവിവാഹ രജിസ്ട്രേഷൻ ചട്ടങ്ങളിൽ 2010 ൽ വന്ന ഭേദഗതി അനുസരിച്ച്, വിവാഹം രജിസ്റ്റർ ചെയ്യുന്നതിനു മുമ്പായി വിവാഹത്തിലേർപ്പെട്ട കക്ഷികൾ തദ്ദേശ രജിസ്ട്രാർ മുമ്പാകെ ഒരു പ്രാവശ്യമെങ്കിലും നേരിട്ട് ഹാജരായി വിവാഹ രജിസ്റ്ററിൽ ഒപ്പ് വയ്ക്കണം എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഈ വ്യവസ്ഥ കാരണം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ചെറുതല്ല. കക്ഷികളിൽ ഒരാളോ രണ്ടുപേരുമോ സംസ്ഥാനത്തിനോ രാജ്യത്തിനോ പുറത്തായിരിക്കുന്ന സാഹചര്യത്തിൽ വിവാഹ രജിസ്ട്രേഷൻ സാദ്ധ്യമല്ലാത്ത അവസ്ഥയാണുള്ളത്. കൊവിഡ് രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ യാത്രാ വിലക്കുകൾ ഏർപ്പെടുത്തിയപ്പോൾ ഇത് കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിച്ചു. തദ്ദേശ രജിസ്ട്രാർ മുമ്പാകെ ഹാജരാകണം എന്ന വ്യവസ്ഥ രജിസ്ട്രാർമാർ അക്ഷരാർത്ഥത്തിൽ നടപ്പാക്കുകയാണെങ്കിൽ സ്ഥിതി ഇതിലും രൂക്ഷമാകും എന്ന് പറയേണ്ടതില്ല. രജിസ്ട്രാർ സ്ഥലത്തില്ലെങ്കിൽ ഒപ്പിടൽ നടക്കില്ല എന്നതു മാത്രമല്ല രജിസ്ട്രാർ ഉള്ളപ്പോൾ കക്ഷികൾക്ക് സൗകര്യപ്പെടണം എന്നും ഇല്ല.

ഈ പ്രശ്നം ഹൈക്കോടതിയുടെ മുമ്പിൽ എത്തിയപ്പോൾ, വീഡിയോ കോൺഫറൻസ് മുഖേന രജിസ്ട്രാർ കക്ഷികളെ കാണുന്നതിനും പവർ ഓഫ് അറ്റോണി ഉള്ള വ്യക്തി രജിസ്റ്ററിൽ ഒപ്പുവയ്ക്കുന്നതിനും നിർദ്ദേശിച്ച് വിധിന്യായങ്ങൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇത് പൊതുവായി ബാധകമാക്കി സർക്കാർ നിർദ്ദേശം ഇല്ലാത്തതിനാൽ ഓരോരുത്തരും ഹൈക്കോടതിയെ സമീപിച്ച് വിധി സമ്പാദിക്കേണ്ടതുണ്ട്.

Pardeep Kodiveedu Cletus v. Local Registrar of Marriages (Common) [2018 (1) KLT 292]എന്ന കേസിലും അതിന്റെ ചുവടുപിടിച്ച് മറ്റു കേസുകളിലും വീഡിയോ കോൺഫറൻസിംഗ് മുഖേന കക്ഷികളുടെ സാന്നിദ്ധ്യം ഉറപ്പു വരുത്താവുന്നതാണെന്ന് കോടതി വിധി ഉണ്ടായത് State of Maharashtra v. Praful B. Desai (Dr), [(2003) 4 SCC 601]ലെ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിലാണ്. പ്രസ്തുത സുപ്രീം കോടതി വിധിന്യായത്തിൽ, ക്രമക്കേടുകൾ ഒഴിവാക്കുന്നതിനുള്ള ക്രമീകരണങ്ങൾ സംബന്ധിച്ചും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ വീഡിയോ കോൺഫറൻസിംഗിൽ കൃത്രിമത്വം ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഹൈക്കോടതിയുടെ വിധിന്യായത്തിൽ ഉണ്ടായിരുന്നില്ല. കക്ഷികൾ രജിസ്ട്രാറുടെ മുമ്പാകെ നേരിട്ട് ഹാജരാകണമെന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്, അവരുടെ അറിവോടുകൂടിയാണ് അപേക്ഷ നല്കിയതെന്ന് ഉറപ്പ് വരുത്തുന്നതിനാണ് എന്നാണ് വിലയിരുത്തിയത്. ഇതിന് മറ്റു മാർഗ്ഗങ്ങൾ കൂടി അനുവദിക്കുന്നത് ഉപകാരപ്രദമായിരിക്കും.

വിവാഹവും വിവാഹമോചനവും രണ്ട് വ്യത്യസ്ത സംഭവങ്ങൾ (events) ആണ്. വിവാഹം നടന്നിട്ടുള്ളതിനാൽ വിവാഹമോചനം അനുവദിക്കപ്പെടുമ്പോൾ വിവാഹ രജിസ്ട്രേഷൻ റദ്ദാക്കാൻ കഴിയില്ല. ജനനവും മരണവും രജിസ്റ്റർ ചെയ്യുന്നതിന് വ്യവസ്ഥയുള്ളതുപോലെ വിവാഹമോചനവും രജിസ്റ്റർ ചെയ്യുന്നതിന് നിയമം ഉണ്ടാകേണ്ടതുണ്ട്.

വിവാഹമോചനം ലഭിച്ചാൽ വിവാഹ രജിസ്ട്രേഷൻ റദ്ദാക്കേണ്ടതുണ്ടോ?

വിവാഹവും വിവാഹമോചനവും രണ്ട് വ്യത്യസ്ത സംഭവങ്ങൾ (events) ആണ്. വിവാഹം നടന്നിട്ടുള്ളതിനാൽ വിവാഹമോചനം അനുവദിക്കപ്പെടുമ്പോൾ വിവാഹ രജിസ്ട്രേഷൻ റദ്ദാക്കാൻ കഴിയില്ല. ജനനവും മരണവും രജിസ്റ്റർ ചെയ്യുന്നതിന് വ്യവസ്ഥയുള്ളതുപോലെ വിവാഹമോചനവും രജിസ്റ്റർ ചെയ്യുന്നതിന് നിയമം ഉണ്ടാകേണ്ടതുണ്ട്. നിയമ കമ്മീഷന്റെ (Law Commission of India), 2008 ഒക്ടോബറിൽ സമർപ്പിച്ച 211-ാമത് റിപ്പോർട്ടിൽ വിവാഹവും വിവാഹമോചനവും രജിസ്റ്റർ ചെയ്യേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുകയും അതിനുവേണ്ടി, മതമോ വ്യക്തിനിയമമോ പരിഗണിക്കാതെ, ഇന്ത്യയൊട്ടാകെ എല്ലാ പൗരന്മാർക്കും ബാധകമായ ഒരു നിയമം ഉണ്ടാക്കുന്നതിന് ശുപാർശ ചെയ്യുകയുണ്ടായി.

ചർച്ച ചെയ്യേണ്ട കാര്യങ്ങൾ ഇനിയും ഏറെയുണ്ട്. അവ ചർച്ച ചെയ്യപ്പെടുമെന്നും രജിസ്ട്രേഷൻ സംവിധാനത്തിൽ കാതലായ മാറ്റങ്ങളുണ്ടാകുമെന്നും പ്രതീക്ഷിക്കാം.

The Civil Procedure Code, 1908

Section 13 - When foreign judgment not conclusive.

A foreign judgment shall be conclusive as to any matter thereby directly adjudicated upon between the same parties or between parties under whom they or any of them claim litigating under the same title except--

(a) where it has not been pronounced by a Court of competent jurisdiction;

(b) where it has not been given on the merits of the case;

(c) where it appears on the face of the proceedings to be founded on an incorrect view of international law or a refusal to recognise the law of 1 [India] in cases in which such law is applicable;

(d) where the proceedings in which the judgment was obtained are opposed to natural justice;

(e) where it has been obtained by fraud;

(f) where it sustains a claim founded on a breach of any law in force in India.

☐

ലേഖകൻ പഞ്ചായത്ത് വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടറാണ്

ജനപ്രതിനിധികളുടെ ശ്രദ്ധയ്ക്ക്

■ കെ.ടി. ജോർജ്

ഒരംഗം തന്റെ ഉദ്യോഗകാലം ആരംഭിക്കുന്ന തീയതി മുതലോ അല്ലെങ്കിൽ താൻ ഹാജരായ ഒടുവിലത്തെ യോഗത്തിന്റെ തീയതി മുതലോ അല്ലെങ്കിൽ അംഗത്തിന്റെ സ്ഥാനത്ത് പുനഃസ്ഥാപിച്ച തീയതി മുതലോ തുടർച്ചയായി മൂന്നുമാസക്കാലം ബന്ധപ്പെട്ട പഞ്ചായത്തിന്റെ അല്ലെങ്കിൽ മുനിസിപ്പാലിറ്റിയുടെ യോഗങ്ങളിൽ അല്ലെങ്കിൽ അതിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ യോഗങ്ങളിൽ ഹാജരാകാതിരുന്നാൽ പ്രസ്തുത അംഗത്തിനു അയോഗ്യത ഉണ്ടാകുന്നതാണ്.

പഞ്ചായത്തിലെ അംഗങ്ങൾക്കും അല്ലെങ്കിൽ മുനിസിപ്പാലിറ്റിയിലെയോ മുനിസിപ്പൽ കോർപ്പറേഷനിലെയോ കൗൺസിലർമാർക്കും ഉണ്ടാകാവുന്ന അയോഗ്യതകൾ യഥാക്രമം കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 35-ാം വകുപ്പിലും കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 91-ാം വകുപ്പിലും വിവരിക്കുന്നുണ്ട്. ഈ വകുപ്പുകളിൽ പറഞ്ഞിട്ടുള്ള അയോഗ്യതകൾ ഉണ്ടാകുന്ന ഏതൊരംഗവും അല്ലെങ്കിൽ ഏതൊരു കൗൺസിലറും അദ്ദേഹം അംഗമായിരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ അംഗമായോ കൗൺസിലറായോ തുടരുവാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത വകുപ്പുകളിൽ പറഞ്ഞിട്ടുള്ളതും സാധാരണയായി ഉണ്ടാകുവാൻ ഇടയുള്ളതുമായ അയോഗ്യതകളാണ് ഈ ലേഖനത്തിൽ പ്രതിപാദിക്കുന്നത്.

യോഗത്തിൽ പങ്കെടുക്കാതിരിക്കൽ

ഏതെങ്കിലും ഒരംഗം തന്റെ ഉദ്യോഗകാലം ആരംഭിക്കുന്ന തീയതി മുതലോ അല്ലെങ്കിൽ താൻ ഹാജരായ ഒടുവിലത്തെ യോഗത്തിന്റെ തീയതി മുതലോ അല്ലെങ്കിൽ അംഗത്തിന്റെ സ്ഥാനത്ത് പുനഃസ്ഥാപിച്ച തീയതി മുതലോ തുടർച്ചയായി മൂന്നുമാസക്കാലം ബന്ധപ്പെട്ട പഞ്ചായത്തിന്റെ അല്ലെങ്കിൽ മുനിസിപ്പാലിറ്റിയുടെ യോഗങ്ങളിൽ അല്ലെങ്കിൽ അതിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ യോഗങ്ങളിൽ ഹാജരാകാതിരിക്കുകയോ അല്ലെങ്കിൽ മേൽപ്പറഞ്ഞ മൂന്നു മാസക്കാലത്തിനുള്ളിൽ മൂന്നിൽ കുറവ് യോഗങ്ങൾ മാത്രം കൂടിയിട്ടുള്ള പക്ഷം പ്രസ്തുത തീയതിക്കുശേഷം നടത്തിയ അതിന്റെ തുടർച്ചയായുള്ള മൂന്നു യോഗങ്ങളിൽ ഹാജരാകാതിരുന്നാൽ പ്രസ്തുത അംഗത്തിനു അയോഗ്യത ഉണ്ടായിരിക്കുന്നതാണ്. മൂന്നു യോഗങ്ങൾ എന്നാൽ മൂന്നു

മാസത്തിലെ മൂന്ന് യോഗങ്ങളാണ് അതായത് ഒരു മാസത്തിലോ അല്ലെങ്കിൽ രണ്ടു മാസത്തിനോ ഇടയിൽ മൂന്നിൽ കൂടുതൽ യോഗങ്ങൾ നടത്തുകയും ആ യോഗങ്ങളിലൊന്നും ഒരംഗം ഹാജരായില്ലായെങ്കിലും ആ അംഗത്തിനു അയോഗ്യത ഉണ്ടാകുന്നില്ല. തുടർച്ചയായ മൂന്നു മാസങ്ങളിൽ നടത്തുന്ന മൂന്നു യോഗങ്ങളിൽ ഹാജരാകാതിരിക്കുകയും ചെയ്താൽ മാത്രമേ ഒരംഗത്തിനു അയോഗ്യത ഉണ്ടാകുകയുള്ളൂ. എന്നാൽ മൂന്നു മാസത്തിനുള്ളിൽ മൂന്നിൽ കുറവ് യോഗങ്ങൾ മാത്രമേ കൂടിയിട്ടുള്ളൂവെങ്കിൽ അതിന്റെ തുടർച്ചയായിട്ടുള്ള മൂന്നാമത്തെ യോഗത്തിൽ ഹാജരായിട്ടില്ലെങ്കിൽ അയോഗ്യത ഉണ്ടാകുന്നതാണ്. ഒരാൾ ഒരു പഞ്ചായത്ത് കമ്മിറ്റിയുടെ അഥവാ മുനിസിപ്പൽ കൗൺസിലിന്റെ എല്ലാ യോഗങ്ങളിലും കൃത്യമായി പങ്കെടുക്കുകയും എന്നാൽ അതിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മൂന്നു മാസത്തിലുള്ള മൂന്നു യോഗങ്ങളിൽ പങ്കെടുക്കാതിരിക്കുകയും ചെയ്താലും അയോഗ്യത ഉണ്ടാകുന്നതാണ്.അതുപോലെ തന്നെ തിരിച്ച് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ യോഗങ്ങളിൽ പങ്കെടുക്കുകയും പഞ്ചായത്ത് കമ്മിറ്റിയുടെയോ മുനിസിപ്പൽ കൗൺസിലിന്റെയോ യോഗങ്ങളിൽ പങ്കെടുക്കാതിരുന്നാലും അയോഗ്യത ഉണ്ടാകുന്നതാണ്. എന്നാൽ പ്രസ്തുത അയോഗ്യത താഴെ പറയുന്ന സംഗതികളിൽ ഉണ്ടാകുന്നില്ല.

(i) ആ യോഗത്തെ സംബന്ധിച്ച് അംഗത്തിനു യഥാവിധി നോട്ടീസ് നല്കിയിട്ടില്ല; അഥവാ

(ii) ഒരു സാധാരണ യോഗത്തിനു ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ടതിനെക്കാൾ ചുരുങ്ങിയ കാലത്തെ നോട്ടീസ് നല്കിയതിനുശേഷമാണ് യോഗം നടത്തിയിട്ടുള്ളത്; അഥവാ

(iii) അംഗങ്ങൾ അഥവാ കൗൺസിലർമാർ ആവശ്യപ്പെട്ടതനുസരിച്ച് യോഗം നടത്തിയിട്ടുള്ള പക്ഷം.

ഈ കാര്യത്തിൽ ഉണ്ടാകുന്ന അയോഗ്യതയെ സംബന്ധിച്ച് വല്ല തർക്കവും ഉത്ഭവിച്ചാൽ തീർപ്പിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ മുമ്പാകെയാണ് നല്കുകയോ റഫർ ചെയ്യുകയോ വേണ്ടത്. ഇത്തരം കേസുകളെ പ്രതിരോധിക്കാൻ മുകളിൽ പറഞ്ഞിട്ടുള്ളതും യോഗങ്ങളെ സംബന്ധിച്ചുള്ളതുമായ മൂന്നു നിബന്ധനകളിൽ ഏതെങ്കിലും ഒരെണ്ണം പാലിച്ചിട്ടില്ലെന്ന് കക്ഷികൾക്ക് ഉന്നയിക്കാവുന്ന സാധുവായ കാര്യങ്ങളാണ്. Rajan v. Kerala State Election Commission

(DB)1999 ICO 3086 : 1999 (3) KLT 601 AIR-1999 KER 399 എന്ന കേസിൽ പഞ്ചായത്ത് രാജ് ആക്ടിലെ 37(2), മുനിസിപ്പാലിറ്റി ആക്ടിലെ 91(2) വകുപ്പുകൾ പ്രകാരം ഒരംഗം അയോഗ്യനായി എന്നറിയിച്ചുകൊണ്ട് സെക്രട്ടറി നോട്ടീസ് നല്കുന്നത് സെക്രട്ടറിയുടെ ഭരണപരമായ കാര്യമാണെന്നും അപ്രകാരം നോട്ടീസ് നല്കുന്നതിനുമുമ്പായി ഒരു കാരണം കാണിക്കൽ നോട്ടീസ് നല്കണമെന്നില്ലെന്നും കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് വ്യക്തമാക്കിയിട്ടുണ്ട് കൂടാതെ, അപ്രകാരം നോട്ടീസ് കിട്ടുന്ന ഒരംഗത്തിന് രണ്ടു വഴികളിൽ ഏതെങ്കിലും ഒന്നു മാത്രം സ്വീകരിക്കാമെന്നും, അതായത്, തനിക്ക് അയോഗ്യത ഉണ്ടായില്ലെന്നു കാണിച്ചുകൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് ഒരു ഹർജി ബോധിപ്പിക്കുകയോ അല്ലെങ്കിൽ പഞ്ചായത്തു കമ്മിറ്റിയുടെ അടുത്ത യോഗത്തിന്റെ തീയതിയിലോ അതിനു മുമ്പോ സെക്രട്ടറിയുടെ നോട്ടീസ് ലഭിച്ച് പതിനഞ്ചു ദിവസത്തിനുള്ളിൽ അയോഗ്യത സംഭവിച്ചാൽ തന്റെ അംഗത്വം പുനഃസ്ഥാപിക്കണമെന്നു കാണിച്ച് ഒരപേക്ഷ നല്കാവുന്നതാണെന്നുമാണ് വ്യക്തമാക്കിയിരുന്നത്. കമ്മിറ്റിക്ക് (കൗൺസിലിന്) അപേക്ഷ കിട്ടിയതിന് ശേഷമുള്ള തൊട്ടടുത്ത യോഗത്തിൽ വെച്ച് അങ്ങനെയുള്ള ആളിന്റെ അംഗത്വം കമ്മിറ്റിക്കോ കൗൺസിലിനോ പുനഃസ്ഥാപിക്കാവുന്നതാണ്. Gopi v. Maneed Gramapanchayat, 2002 ICO 73 : 2002 KLJ 757 : 2002 (2) KLT 753 എന്ന കേസിൽ ഒരംഗത്തിനു അയോഗ്യത ഉണ്ടായി എന്നു സെക്രട്ടറിയുടെ നോട്ടീസ് ലഭിക്കുന്ന സംഗതിയിൽ ടിയാൾക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ മറിച്ചൊരു ഉത്തരവ് താല്ക്കാലികമായോ സ്ഥിരമായോ നല്കുന്നതുവരെ അംഗമായി

സഹകരണ സംഘങ്ങളിലേയ്ക്കുള്ള കുടിശ്ശിക അയോഗ്യതയ്ക്ക് കാരണമാകുന്നില്ല. സർക്കാരിനുള്ള കുടിശ്ശിക എന്നുള്ളത് സംസ്ഥാന സർക്കാരിനുള്ള കുടിശ്ശികയാണ്. കുടിശ്ശിക അടയ്ക്കുന്നതിന് ഗഡുക്കളനുവദിച്ചിട്ടുണ്ടെങ്കിൽ അതിൽ പറഞ്ഞിരിക്കുന്ന കാലാവധി കഴിഞ്ഞാൽ മാത്രമേ അയോഗ്യത ഉണ്ടാകുന്നുള്ളൂ.

തുടരുവാൻ കഴിയുകയില്ലെന്നു വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കേരള ഹൈക്കോടതിയുടെ Anil Kumar v. Kerala State Election Commission & Others (DB) 2007 ICO 3079: 2007 (2) KHC 273 : 2007 (2) KLT 203 എന്ന കേസിൽ നേരത്തേ ഉണ്ടായിരുന്ന രാജൻ കേസിലെ വിധിയ്ക്കു വിരുദ്ധമായി ഒരംഗത്തെ അംഗമായി പുനഃസ്ഥാപിക്കണമെന്നുള്ള തന്റെ അപേക്ഷ പഞ്ചായത്തു കമ്മിറ്റി നിരസിച്ചാലും ആക്റ്റിലെ 36-ാം വകുപ്പു പ്രകാരം തനിക്കു അയോഗ്യത ഉണ്ടായിട്ടില്ലെന്നു പറഞ്ഞുകൊണ്ട് പ്രസ്തുത അംഗത്തിന് ഒരപേക്ഷ നല്കാവുന്നതാണെന്ന് ഹൈക്കോടതിയുടെ തന്നെ ഡിവിഷൻ ബഞ്ച് വിധി നല്കിയിട്ടുണ്ട്. ഇപ്രകാരം ഈ വിഷയത്തിൽ വ്യത്യസ്തമായ രണ്ട് വിധികളാണ് നിലവിലുള്ളത്. Rajan Kannath v. P.R. Pradeep Kumar (DB) 2010 ICO 908 :2010 (3) KLT 457 എന്ന കേസ്സിൽ ഡിവിഷൻ ബഞ്ച് ഒരംഗത്തിന് അയോഗ്യത ഉണ്ടാകണമെങ്കിൽ സെക്രട്ടറി, പഞ്ചായത്ത് രാജ് ആക്ട് 37 (2) -ാം വകുപ്പ് പ്രകാരം (കേരള മുനിസിപ്പാലിറ്റി ആക്റ്റ്93 (2)-ാം വകുപ്പ്) പ്രസ്തുത അംഗത്തിനു നോട്ടീസ് നല്കേണ്ടത് ആവശ്യമാണെന്ന് വിധി പുറപ്പെടുവിച്ചിട്ടുണ്ട്. ആ നിലയ്ക്ക് ഒരംഗത്തിന് അയോഗ്യത ഉണ്ടാകണമെങ്കിൽ പ്രസ്തുത അംഗത്തിന് അയോഗ്യത ഉണ്ടായി എന്ന് കാണിച്ചുകൊണ്ടു സെക്രട്ടറി നോട്ടീസ് നല്കേണ്ടതാണ്.

കുടിശ്ശിക മൂലമുണ്ടാകുന്ന അയോഗ്യത

മൂന്നുവർഷം വരെയും മുൻവർഷം ഉൾപ്പെടെ സർക്കാരിലേക്കോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കോ താൻ കൊടുക്കേണ്ട ഏതെങ്കിലും ഇനത്തിൽ കുടിശ്ശിക വരുത്തുകയും അത് സംബന്ധിച്ച് ഒരു ബില്ലോ നോട്ടീസോ അംഗത്തിനുമേൽ (കൗൺസിലംഗങ്ങളുടെ മേൽ) യഥാവിധി നടത്തുകയും അതിൽ തുക കൊടുക്കുന്നതിന് ഏതെങ്കിലും സമയം നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ ആ സമയം കഴിയുകയും ചെയ്തിരുന്നാൽ ആ അംഗം പ്രസ്തുത തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ തുടരുവാൻ അയോഗ്യനായിരിക്കുന്നതാണ്. എന്നാൽ അയോഗ്യത താഴെപ്പറയുന്ന സാഹചര്യങ്ങളിൽ മാത്രമേ ഉണ്ടാകുകയുള്ളൂ.

(i) ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കോ അല്ലെങ്കിൽ സർക്കാരിനോ നല്കുവാനുള്ള കുടിശ്ശിക ആയിരിക്കണം.

(ii) കുടിശ്ശികയെ സംബന്ധിച്ച് ഒരു നോട്ടീസോ അല്ലെങ്കിൽ ബില്ലോ അംഗത്തിനു നല്കിയിരിക്കണം.

(iii) അപ്രകാരം നല്കുന്ന ബില്ലിലോ നോട്ടീസിലോ പറഞ്ഞിരിക്കുന്ന കാലാവധി കഴിയുകയും തുക അടയ്ക്കാതിരിക്കുകയും ചെയ്തിരിക്കണം.

സഹകരണ സംഘങ്ങളിലേയ്ക്കുള്ള കുടിശ്ശിക അയോഗ്യതയ്ക്ക് കാരണമാകുന്നില്ല. [Malathi. J. Rai v. Suhara Abbas Ali, 2007 ICO 6794 : 2007 (3) KLJ 289 : 2007 (4) KLT 1593] സർക്കാരിനുള്ള കുടിശ്ശിക എന്നുള്ളത് സംസ്ഥാന സർക്കാരിനുള്ള കുടിശ്ശിക എന്നാണർത്ഥമാക്കുന്നതെന്നും കോടതി വ്യക്തമാക്കിയിട്ടുണ്ട്. കുടിശ്ശിക അടയ്ക്കുന്നതിന് ഗഡുക്കളനുവദിച്ചിട്ടുണ്ടെങ്കിൽ അതിൽ പറഞ്ഞിരിക്കുന്ന കാലാവധി കഴിഞ്ഞാൽ മാത്രമേ അയോഗ്യത ഉണ്ടാകുന്നുള്ളൂ. [Somasekharan Nair v. Divakaran Pillai, 2010 ICO 301 : 2010 (2) KLT 1022] മുകളിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥപ്രകാരം സർക്കാരിനോ അല്ലെങ്കിൽ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിനോ ഉള്ള കുടിശ്ശിക മാത്രമേ കുടിശ്ശികയായി കണക്കാക്കാൻ കഴിയുകയുള്ളൂ. ഒരാൾ അംഗമായിരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ അയാൾക്ക് കുടിശ്ശിക ഒന്നുമില്ലെങ്കിലും സംസ്ഥാനത്തെ മറ്റേതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ കുടിശ്ശികയും അയോഗ്യതയായി പരിഗണിക്കുന്നതാണ്. [Kalathumpadickal Musthafa v. P.M. Basheer 2004 (3) KHC 658]

കരാറുകളിൽ ഏർപ്പെടുക

സർക്കാരുമായോ ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനവുമായോ ഉണ്ടാക്കിയിട്ടുള്ള കരാറിൽ അവകാശബന്ധം ആർജ്ജിക്കുകയോ കരാറിലോ പണിയിലോ ഏർപ്പെട്ടുകയും ചെയ്യുന്ന അംഗത്തിനു അയോഗ്യത ഉണ്ടാകുന്നതാണ്. [T.M. Mujeeb v. Kerala State Election Commission, 2020 ICO 151 : 2020 (1) KLJ 988], എന്നാൽ 1995-ലെ കേരള മുനിസിപ്പാലിറ്റി (സ്ഥാനാർത്ഥികളെയും കൗൺസിലർമാരെയും ചില സംഗതികളിൽ അയോഗ്യതയിൽനിന്നും) ഒഴിവാക്കൽ ചട്ടങ്ങൾ പ്രകാരവും 1995 ലെ കേരള പഞ്ചായത്ത് രാജ് (സ്ഥാനാർത്ഥികളെയും അംഗങ്ങളെയും ചില സംഗതികളിൽ അയോഗ്യതയിൽനിന്നും) ഒഴിവാക്കൽ ചട്ടങ്ങൾ പ്രകാരവും കരാറുകാരൻ എന്ന നിലയിലല്ലാതെ സമൂഹത്തിന്റെയോ സ്പോൺസറിന്റെയോ ഒരു പ്രതിനിധി എന്ന നിലയിൽ ഏതെങ്കിലും സഹായകമായ പണി ഏറ്റെടുക്കുകയോ ചെയ്താൽ അയോഗ്യത ഉണ്ടാകുന്നില്ല.ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഒരു കെട്ടിടമോ കടമുറിയോ വ്യാപാരാവശ്യത്തിനെടുക്കുന്നത് അയോഗ്യതയല്ല. ഒരു റേഷൻകട നടത്തുന്നയാൾ സർക്കാരുമായി കരാറിലാണെന്നു കരുതാൻ കഴിയില്ലാത്തതുകൊണ്ട് ടിയാൾക്ക് അയോഗ്യത ഉണ്ടാകുന്നില്ല. [Mohan Kumar v. Rajagopal, 2000 ICO 325 : 2000 (1) KLT 677]

മുകളിൽ പറഞ്ഞിരിക്കുന്ന മൂന്നുതരം അയോഗ്യതകൾ അംഗങ്ങൾക്ക് മേൽ സ്ഥിരമായി നില്ക്കുന്നതല്ല. ഉദാഹരണത്തിന് ഒരംഗം മൂന്നുമാസത്തെ മൂന്നു യോഗങ്ങളിൽ തുടർച്ചയായി ഹാജരാകാതിരുന്നാൽ പ്രസ്തുത അംഗത്തിന്റെ അയോഗ്യത ആ പഞ്ചായത്തിന്റെ അല്ലെങ്കിൽ മുനിസിപ്പാലിറ്റിയുടെ കാലാവധി തീരുന്നതുവരെ മാത്രമേ നിലനിൽക്കുകയുള്ളൂ. 5 വർഷം കാലാവധിയുള്ള ഒരു പഞ്ചായത്ത് അംഗം, മൂന്നു മാസത്തെ തുടർച്ച യായ മൂന്നു യോഗങ്ങളിൽ പങ്കെടുത്തില്ലെന്ന കാരണത്താൽ പ്രസ്തുത അംഗത്തെ മൂന്നാം വർഷം കഴിയുന്ന സമയം അയോഗ്യനാക്കുന്നുവെങ്കിൽ ടിയാൾ തുടർന്നുള്ള രണ്ടു വർഷം ആ പഞ്ചായത്തിൽ അംഗമാകാൻ കഴിയുന്നതല്ല. [Krishna Kumar C.v. Kerala State Election Commission (DB)2010 ICO 1315 : 2010 (4) KHC 90 :2010 (3) KLJ 531] കൂടാതെ മേല്പറഞ്ഞ പ്രകാരം അയോഗ്യത ഉണ്ടായ ഒരംഗത്തിന്റെ ഒഴിവിലേയ്ക്കു ഇടക്കാല തിരഞ്ഞെടുപ്പ് വരുന്ന സംഗതിയിൽ പ്രസ്തുത അംഗത്തിനു മത്സരിക്കുവാനും കഴിയുകയില്ല. [N.P.Varghese v. M.P. Rajan, 2003 ICO 6093]മുകളിൽ പറഞ്ഞിരിക്കുന്ന അയോഗ്യതകൾ സാധാരണയായി സംഭവിക്കാനിടയുള്ളതാകയാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾ തങ്ങളിൽ ജനങ്ങൾ അർപ്പിച്ചിരിക്കുന്ന വിശ്വാസം നിലനിർത്തുന്നതിനും സ്ഥാപനങ്ങളുടെ കാലാവധിക്കുള്ളിൽ തങ്ങൾക്ക് അയോഗ്യത ഉണ്ടാകാതിരിക്കാനും കരുതലോടെ പ്രവർത്തിക്കേണ്ടതാണ്. ☐

ലേഖകൻ ലോക്കൽ ഗവൺമെന്റ് കമ്മീഷനിൽ കൺസൾട്ടന്റാണ്.

വികസന പന്ഥാവിൽ ഉണർവായി അമൃത്

■ ഡോ. രേണുരാജ് ഐ.എ.എസ്.

എല്ലാ വീടുകളിലും ശുദ്ധജലവിതരണത്തിനും ദ്രവമാലിന്യത്തിനുമായുള്ള പൈപ്പ് കണക്ഷനുകൾ ഉറപ്പു വരുത്തുക, നഗരങ്ങളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തുറസ്സായ സ്ഥലങ്ങളും പാർക്കുകളും വികസിപ്പിക്കുകയും ഹരിതാഭമാക്കുകയും ചെയ്യുക. അന്തരീക്ഷ മലിനീകരണ തോത് കുറയ്ക്കുന്നതിനായി പൊതുഗതാഗത സംവിധാനങ്ങളിലേയ്ക്ക് മാറുകയും നോൺ മോട്ടോറൈസ്ഡ് ഗതാഗത സംവിധാനങ്ങൾക്കുള്ള സൗകര്യങ്ങൾ നിർമ്മിക്കുകയും ചെയ്യുക തുടങ്ങിയവയാണ് അമൃത് ലക്ഷ്യമിടുന്നത്.

രാജ്യത്തെ പാവപ്പെട്ടവരുടെയും പിന്നാക്ക ജനവിഭാഗങ്ങളുടെയും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും നഗരങ്ങളിലെ അടിസ്ഥാന ഭൗതിക സൗകര്യങ്ങളും സേവനങ്ങളും, പ്രത്യേകിച്ച് ശുദ്ധജല വിതരണം, ദ്രവമാലിന്യ സംസ്കരണം, നഗര ഗതാഗതം തുടങ്ങിയ മേഖലകളിൽ നൽകുന്നതിനായി കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് അമൃത് (അടൽ മിഷൻ ഫോർ റിജ്യുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫർമേ ഷൻ).

എല്ലാ വീടുകളിലും ശുദ്ധജലവിതരണത്തിനായുള്ള പൈപ്പ് കണക്ഷനും ദ്രവമാലിന്യത്തിനായുള്ള പൈപ്പ് കണക്ഷനും ഉറപ്പു വരുത്തുക, നഗരങ്ങളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തുറസ്സായ സ്ഥലങ്ങളും പാർക്കുകളും വികസിപ്പിക്കുകയും ഹരിതാഭമാക്കുകയും ചെയ്യുക. അന്തരീക്ഷ മലിനീകരണ തോത് കുറയ്ക്കുന്നതിനായി പൊതുഗതാഗത സംവിധാനങ്ങളിലേയ്ക്ക് മാറുകയും നോൺ മോട്ടോറൈസ്ഡ് ഗതാഗത സംവിധാനങ്ങൾക്കുള്ള സൗകര്യ

ങ്ങൾ നിർമ്മിക്കുകയും ചെയ്യുക തുടങ്ങിയവയാണ് അമൃത് ലക്ഷ്യമിടുന്നത്. ഈ ലക്ഷ്യങ്ങൾ കൈവരിക്കുമ്പോൾ കേന്ദ്ര ഭവന നഗര കാര്യ മന്ത്രാലയം നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങളും സൂചകങ്ങളും വച്ച് സേവന നിലവാര സൂചികയിൽ (Service Level Benchmarks (SLBs) പൗരന്മാർ പദ്ധതി വിലയിരുത്തും.

എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി 500 നഗരങ്ങളിലാണ് അമൃത് പദ്ധതി നടപ്പിലാക്കുന്നത്. കേരളത്തിൽ 6 കോർപ്പറേഷനുകളിലും (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ) ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നീ മുനിസിപ്പാലിറ്റി കളിലുമായി 9 നഗരങ്ങളിലാണ് അമൃത് പദ്ധതി നടപ്പിലാക്കുന്നത്.

ഇതര കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും വ്യത്യസ്തമായി വികേന്ദ്രീകൃത ആസൂത്രണമാണ് അമൃത് പദ്ധതിയുടെ പ്രത്യേകത. നഗരസഭകളിലെ സേവനം മെച്ചപ്പെടുത്തുന്നതിന്റെ പദ്ധതി നിർദ്ദേശങ്ങൾ (Service Level Improvement Plan (SLIP)) തയ്യാറാക്കി അതാത് നഗരസഭാ കൗൺസിലുകൾ തങ്ങളുടെ നഗരങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി നിർദ്ദേശങ്ങൾ അതിൽ നിന്നും തിരഞ്ഞെടുത്ത് സംസ്ഥാന സർക്കാരിന് അയയ്ക്കുകയും സംസ്ഥാനം അത് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് നൽകുകയും ചെയ്യുന്നു. വികേന്ദ്രീകൃതാസൂത്രണമാണ് അമൃത് പദ്ധതിയിലുള്ളത്. അതുകൊണ്ട് തന്നെ അതാത് നഗരങ്ങളുടെ സാഹചര്യങ്ങൾക്ക് അനുയോജ്യവും അവശ്യവുമായ പദ്ധതികളാണ് അമൃത് നഗരങ്ങളിൽ നടപ്പിലാക്കുന്നത്.

സെപ്റ്റംബർ 1, 2015 ന് കേരളത്തിൽ ആരംഭിച്ച പദ്ധതിയുടെ കാലാവധി അഞ്ച് വർഷമാണ് (2015-2020). എന്നാൽ നിലവിൽ 2022 മാർച്ച് വരെ പദ്ധതി കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്. കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് സംസ്ഥാനത്തിനായി ശുദ്ധജല വിതരണം, സ്വിവറേജ് ആന്റ് സെപ്റ്റേജ്, സ്റ്റോം വാട്ടർ ഡ്രെയിനേജ്, അർബൻ ട്രാൻസ്പോർട്ട്, പാർക്ക് എന്നീ അഞ്ച് മേഖലകളിലായി 3 സംസ്ഥാന വാർഷിക കർമ്മപദ്ധതികളിലുൾപ്പെടുത്തി 2357.69 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന 1006 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിരിക്കുന്നത്.

നിലവിൽ 2271.05 കോടി രൂപയുടെ 1006 പദ്ധതികൾക്ക് ഭരണാനുമതിയും 2151.72 കോടി രൂപയുടെ 1001 പദ്ധതികൾക്ക് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. 2144.37 കോടി രൂപയുടെ 1000 പദ്ധതികളുടെ ടെണ്ടർ നടപടികൾ നടത്തിയിട്ടുണ്ട്. 653 പദ്ധതികളുടെ നിർവ്വഹണം പൂർത്തീകരിച്ചിട്ടുണ്ട്. 1109.71 കോടി രൂപ നാളിതുവരെ ചെലവഴിച്ചു. കേന്ദ്ര വിഹിതം 50% സംസ്ഥാന വിഹിതം 30% തദ്ദേശ സ്ഥാപനങ്ങൾ 20% എന്ന ക്രമത്തിലാണ് അമൃത് പദ്ധതിയുടെ ധനവിനിയോഗം.

ഇതര കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്ന് വ്യത്യസ്തമായി മൂന്ന് ഘട്ടങ്ങളിലായാണ് പദ്ധതി നിർവ്വഹണം നടപ്പിലാക്കുന്നത്. നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ വാർഷിക പദ്ധതികളായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ച് അംഗീകാരം വാങ്ങുന്നതാണ് ആദ്യഘട്ടം. അമൃത് പദ്ധതിക്കായി സംസ്ഥാന സർക്കാർ മൂന്ന് വാർഷിക കർമ്മപദ്ധതികളാണ് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചത്. 2015-16 ൽ 580.88 കോടി രൂപയുടെ വാർഷിക കർമ്മപദ്ധതിയും 2016-17 ൽ 796.04 കോടി രൂപയുടെ വാർഷിക കർമ്മപദ്ധതിയും 2017-18 ൽ 973.64 കോടി രൂപയുടെ വാർഷിക കർമ്മപദ്ധതിയുമാണ് സമർപ്പിച്ചത്. ഈ മൂന്ന് പദ്ധതികളിലുമായി 1006 ഉപപദ്ധതികളാണുള്ളത്. പദ്ധതി നിർദ്ദേശങ്ങൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് മുൻഗണനാക്രമത്തിൽ നൽകിയിട്ടുള്ളത്.

അമൃത് പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന തലത്തിൽ സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റും നഗരസഭാ തലത്തിൽ സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റും പ്രവർത്തിച്ചുവരുന്നു. പദ്ധതി നിർവ്വഹണത്തിന്റെ മേൽനോട്ടം സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും വിവിധ വകുപ്പ് മേധാവികൾ അംഗങ്ങളുമായ സംസ്ഥാനതല ഉന്നതാധികാര സമിതിയാണ് നിർവ്വഹിക്കുന്നത്. പദ്ധതി സംബന്ധിച്ച സാങ്കേതിക വിഷയങ്ങളിൽ മേൽനോട്ടം വഹിക്കുന്നത് തദ്ദേശസ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും വിവിധ വകുപ്പ് മേലധികാരികൾ അംഗങ്ങളുമായ സംസ്ഥാനതല സാങ്കേതിക സമിതിയിലുമാണ്. കൂടാതെ പദ്ധതിയുടെ ദൈനംദിന പുരോഗതി വിലയിരുത്തുന്നതിനായി നഗരസഭാ തലത്തിൽ സമിതികളും രൂപീകരിച്ചിട്ടുണ്ട്.

പ്രധാനമായും 5 നിർവ്വഹണ ഘട്ടങ്ങളാണ് അമൃത് പദ്ധതിക്കുള്ളത്. സംസ്ഥാന വാർഷിക കർമ്മപദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരം നേടിയെടുക്കലാണ് ഒന്നാം ഘട്ടം. അമൃത് പദ്ധതിക്കായി സംസ്ഥാന സർക്കാർ മൂന്ന് വാർഷിക കർമ്മ പദ്ധതികളാണ് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി തയ്യാറാക്കി സമർപ്പിച്ചത്.

പദ്ധതികൾക്ക് സംസ്ഥാന വാർഷിക കർമ്മപദ്ധതി (SAAP) അംഗീകാരം ലഭിച്ച ശേഷം വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതാണ് രണ്ടാംഘട്ടം. വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് കേന്ദ്ര സർക്കാർ അമൃത് പദ്ധതിയ്ക്കായുള്ള മാർഗ്ഗരേഖയിൽ നിഷ്ക്കർഷിച്ച രീതിയിലല്ല കേരളം ഡി.പി.ആർ. തയ്യാറാക്കിയത്. അമൃത് പദ്ധതി രേഖയിൽ നിർദ്ദേശിച്ചിരുന്ന പ്രോജക്ട് ഡെവലപ്മെന്റ് ആന്റ് മോണിറ്ററിംഗ് കൺസൾട്ടൻസി (പി.ഡി.എം.സി.) യിൽ നിന്നും കുടിവെള്ള പദ്ധതികളും സ്വിവറേജ് പദ്ധതികളും കേരള വാട്ടർ അതോറിറ്റിയെ ഏൽപ്പിച്ച സാഹചര്യത്തിൽ കൺസൾട്ടൻസിയിൽ പറഞ്ഞിരുന്ന പ്രവൃത്തികളുടെ വ്യാപ്തിയിൽ കുറവ് വന്നു. പി.ഡി.എം.സി. യുടെ തിരഞ്ഞെടുപ്പ് നിർബന്ധിതമല്ലാത്തതിനാലും, വീണ്ടുമൊരു പി.ഡി.എം.സി. ടെണ്ടർ വിളിച്ച് തിരഞ്ഞെടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നത് കണക്കിലെടുത്തും അതാത് നഗരസഭകൾ ഡി.പി.ആർ തയ്യാറാക്കുവാനും സാങ്കേതിക സഹായം ആവശ്യമെങ്കിൽ കൺസൾട്ടൻസിയെ നിയമിക്കുവാനും അമൃത് സംസ്ഥാനതല ഉന്നതാധികാര സമിതി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് പ്രോജക്ട് റിപ്പോർട്ടുകൾ (ഡി.പി.ആർ.) തയ്യാറാക്കിയി

അമൃത് പദ്ധതിയിൽ നടപ്പിലാക്കുന്ന പദ്ധതികളെല്ലാം തന്നെ ശുദ്ധജല വിതരണം, സ്വിവറേജ് & സെപ്റ്റേജ് മാനേജ്മെന്റ്, സ്റ്റോം വാട്ടർ ഡ്രെയിനേജ്, അർബൻ ട്രാൻസ്പോർട്ട്, പാർക്ക് തുടങ്ങി 5 മേഖലകളിലായാണ് നടപ്പിലാക്കുന്നത്. മുൻഗണനാ മേഖലകളായ ശുദ്ധജലവിതരണം, സ്വിവറേജ് & സെപ്റ്റേജ് മാനേജ്മെന്റ് എന്നീ സെക്റ്ററുകളിലാണ് കൂടുതൽ തുക അനുവദിച്ചിരിക്കുന്നത്.



ട്ടുള്ളത്. പി.ഡി.എം.സി. യെ ഒഴിവാക്കിയത് പദ്ധതി പ്രവർത്തനത്തെ ബാധിക്കാതിരിക്കാനും അമൃത് പദ്ധതി പ്രവർത്തനങ്ങൾക്ക് നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന്റെയും ഭാഗമായി കരാറടിസ്ഥാനത്തിൽ എഞ്ചിനീയർമാരെയും ഓവർസിയർമാരെയും നിയമിച്ചിട്ടുണ്ട്.

പദ്ധതികളുടെ ഭരണാനുമതിയാണ് മൂന്നാംഘട്ടം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കേരള വാട്ടർ അതോറിറ്റിയും തയ്യാറാക്കി നൽകിയിട്ടുള്ള വിശദമായ പദ്ധതി റിപ്പോർട്ടുകൾ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായ സംസ്ഥാന തല സാങ്കേതിക സമിതി പരിശോധിച്ച് ശുപാർശയോടുകൂടി അമൃത് പദ്ധതിക്കായുള്ള ചീഫ് സെക്രട്ടറി അധ്യക്ഷനായ സംസ്ഥാനതല ഉന്നതാധികാര സമിതിക്ക് സമർപ്പിക്കുന്നു. വിവിധ വകുപ്പ് അധ്യക്ഷൻമാർ അംഗങ്ങളായുള്ള ഈ സമിതി പദ്ധതികൾ പരിശോധിച്ച് ഭരണാനുമതി നൽകുന്നു. നാളിതുവരെ ഉന്നതാധികാര സമിതി 2271.08 കോടി രൂപയുടെ 1006 പദ്ധതികൾക്ക് ഭരണാനുമതി നൽകുകയുണ്ടായി.

പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകുകയെന്നതാണ് നാലാം ഘട്ടം. സാങ്കേതികാനുമതിക്കുള്ള പ്രക്രിയ വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്ന വാട്ടർ സപ്ലൈ സെക്ടർ, സിവറേജ് & സെപ്റ്റേജ്, തുടങ്ങിയ പദ്ധതികളുടെ ഡി.പി.ആർ. പരിശോധിച്ച് സാങ്കേതികാനുമതി നൽകുന്നതിനുള്ള ചുമതല വാട്ടർ അതോറിറ്റിക്കും, നഗരസഭ നേരിട്ട് നടപ്പിലാക്കുന്ന വാട്ടർ സപ്ലൈ സെക്ടറിലെയും സ്വിവറേജ് സെക്ടറിലെയും പദ്ധതികൾ സാങ്കേതിക സമിതി പരിശോധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നൽകി വരുന്നു. സ്റ്റോം വാട്ടർ ഡ്രെയിനേജ് സെക്ടറിലെ പദ്ധതികളുടെ ഡി.പി.ആർ. പരിശോധിച്ച് സാങ്കേതികാനുമതി നൽകുന്നതിനുള്ള ചുമതല തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിനുമായതിനാൽ നഗരസഭാ തലത്തിൽ തന്നെ മേയർമാർക്കും ചെയർമാൻമാർക്കും തുടർ നടപടികൾ സംബന്ധിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ സാധിക്കുന്നു.

ടെണ്ടറിംഗ് നടത്തി വർക്ക് അവാർഡ് ചെയ്യലാണ് പദ്ധതിയുടെ അഞ്ചാം ഘട്ടം. സാങ്കേതികാനുമതി ലഭിച്ച പദ്ധതികളുടെ നിർവ്വഹണത്തിന്റെ ആദ്യഘട്ടമാണ് ടെണ്ടറിംഗ്. ഡി.എസ്.ആർ. വ്യതിയാനവും പദ്ധതി തുക നിർണ്ണയിക്കാനുള്ള കാലതാമസവുമാണ് ടെണ്ടറിംഗ് വൈകിയതിന് കാരണം. എന്നാൽ ഇക്കാര്യങ്ങളിൽ ഇപ്പോൾ സർക്കാർ തലത്തിൽ തന്നെ വ്യക്തത കൈവരുത്തിയിട്ടുണ്ട്. ടെണ്ടറിംഗ് നടപടികൾ നടത്തേണ്ടത് കേരള വാട്ടർ അതോറിറ്റിയും അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമാണ്.

അമൃത് പദ്ധതിയിൽ നടപ്പിലാക്കുന്ന പദ്ധതികളെല്ലാം തന്നെ ശുദ്ധജലവിതരണം, സ്വിവറേജ് & സെപ്റ്റേജ് മാനേജ്മെന്റ്, സ്റ്റോം വാട്ടർ ഡ്രെയിനേജ്, അർബൻ ട്രാൻസ്പോർട്ട്, പാർക്ക് തുടങ്ങി 5 മേഖലകളിലായാണ് നടപ്പിലാക്കുന്നത്. മുൻഗണനാ മേഖലകളായ ശുദ്ധജലവിതരണം, സ്വിവറേജ് & സെപ്റ്റേജ് മാനേജ്മെന്റ് എന്നീ സെക്ടറുകളിലാണ് കൂടുതൽ തുക അനുവദിച്ചിരിക്കുന്നത്.

കേരളം ജലസമൃദ്ധിയുള്ള പ്രദേശമാണ്. എന്നാൽ ശുദ്ധജലം ഒരു ദുർലഭ വസ്തുവായി പരിണമിച്ചിരിക്കുന്നു. ശുദ്ധജല സ്രോതസ്സുകൾ വേണ്ട വിധം സംരക്ഷിക്കാത്തതുമൂലവും കാര്യക്ഷമമല്ലാത്തതും കാലഹരണപ്പെട്ടതുമായ ശുദ്ധജല വിതരണ സംവിധാനങ്ങൾ കാരണവും പലപ്പോഴും ശുദ്ധജല ദൗർലഭ്യം നമ്മുടെ സംസ്ഥാനത്തും അനുഭവപ്പെടാറുണ്ട്. അതുകൊണ്ടുതന്നെ അമൃത്

നഗരങ്ങളിലെ ശുദ്ധജല വിതരണം കാര്യക്ഷമമാക്കുന്ന പദ്ധതികൾക്കാണ് പ്രഥമ പരിഗണ നൽകിയിരിക്കുന്നത്. ടാങ്ക് നിർമ്മാണം, പൈപ്പ് സ്ഥാപിക്കൽ തുടങ്ങി ശുദ്ധജല വിതരണ സെക്ടറിലെ 1121.88 കോടി രൂപയുടെ 175 പദ്ധതികൾക്ക് ഭരണാനുമതിയും 1091.73 കോടി രൂപയുടെ 173 പദ്ധതികൾക്ക് സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. 1086.50 കോടി രൂപയുടെ 173 പദ്ധതികൾക്ക് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 1047.27 കോടി രൂപയുടെ 165 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. ഇതിൽ 97 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ ടി സെക്ടറിലെ പദ്ധതികൾക്കായി 728.58 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 166 പദ്ധതികൾ കേരള വാട്ടർ അതോറിറ്റി മുഖാന്തിരവും ശേഷിക്കുന്നവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുമാണ് നടപ്പിലാക്കുന്നത്.

വർത്തമാനകാലത്തിൽ മാലിന്യ സംസ്ക്കരണം വലിയൊരു സാമൂഹ്യ പ്രശ്നമായി മാറിയിരിക്കുകയാണ്. ദ്രവ മാലിന്യ സംസ്കരണത്തെക്കുറിച്ച് വളരെ ഗൗരവമായി ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. വളരെ പരിഷ്കൃത സമൂഹമെങ്കിലും ശാസ്ത്രീയമായി മാലിന്യങ്ങൾ സംസ്ക്കരിക്കുന്ന പദ്ധതികളോടും പ്ലാന്റുകളോടും ഒരു നിഷേധ സമീപനമാണ് പൊതു സമൂഹത്തിനുള്ളത്. വളരെ വേഗം നഗരവത്ക്കരിക്കപ്പെടുന്ന ഒരു സമൂഹത്തിന് മാലിന്യ സംസ്ക്കരണത്തിന്റെ പ്രാധാന്യം ഇനിയും ബോധ്യപ്പെടേണ്ടതുണ്ട്. സമഗ്രമായ ദ്രവമാലിന്യ സംസ്ക്കരണം അമൃത് നഗരങ്ങളിൽ ലക്ഷ്യമിട്ടുകൊണ്ട് സ്വിവറേജ് ആന്റ് സെപ്റ്റേജ് മേഖലയിൽ 537.42 കോടി രൂപയുടെ 137 പദ്ധതികൾക്ക് ഭരണാനുമതിയും, 475.44 കോടി രൂപയുടെ 134 പദ്ധതികൾക്ക് സാങ്കേതികാനുമതിയും, സാങ്കേതികാനുമതി ലഭിച്ച 475.44 കോടി രൂപയുടെ 134 പദ്ധതികൾ ടെണ്ടർ ചെയ്തിട്ടുള്ളതും, 390.59 കോടി രൂപയുടെ 120 പദ്ധതികൾ വർക്ക് അവാർഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിൽ 74 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ 70.42 കോടി രൂപ ടി സെക്ടറിലെ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്. 115 പദ്ധതികൾ കേരള വാട്ടർ അതോറിറ്റി മുഖാന്തിരവും 21 പദ്ധതികൾ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ മുഖേനയുമാണ് നടപ്പിലാക്കുന്നത്.

പദ്ധതികളുടെ ഭാഗമായി 9 സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെയും 18 സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെയും നിർമ്മാണവും വിഭാവനം ചെയ്തിട്ടുണ്ട്. ഇതിൽ 9 സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റും 15 സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 3 സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ കേരള വാട്ടർ അതോറിറ്റിയുമാണ് നിർമ്മാണ നിർവ്വഹണം നടത്തുന്നത്.

കേരളത്തിലെ നഗരങ്ങളിലെ ഓടകൾ മഴവെള്ളം ഒഴുക്കി കളയുന്നതിന് അപര്യാപ്തമാണ്. ഒരു ചെറിയ മഴ പെയ്താൽ പോലും നഗരം വെള്ളക്കെട്ട് ആകുകയും ഗതാഗത സ്തംഭനം ഉണ്ടാകുകയും ചെയ്യാറുണ്ട്. ഇതിനു പരിഹാരമായി അമൃത് നഗരങ്ങളിൽ ഓടകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി സ്റ്റോം വാട്ടർ ഡ്രെയിനേജ് സെക്ടറിൽ ഉൾപ്പെടുത്തി 385.15 കോടി രൂപയുടെ 499 പദ്ധതികൾക്ക് ഭരണാനുമതിയും, 349.01 കോടി രൂപയുടെ 499 പദ്ധതികൾക്ക് സാങ്കേതികാനുമതിയും, സാങ്കേതികാനുമതി ലഭിച്ച 348.79 കോടി രൂപയുടെ 499 പദ്ധതികൾ ടെണ്ടർ ചെയ്തിട്ടുള്ളതും, 332.15 കോടി രൂപയുടെ 496 പദ്ധതികൾ വർക്ക് അവാർഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിൽ 389 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ ടി സെക്ടറിലെ പദ്ധതികൾക്കായി 214.38 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

ദ്രുതഗതിയിൽ നഗരവത്ക്കരണത്തിന് വിധേയമാകുന്ന നഗരങ്ങളാണ് കേരളത്തിലേത്. അതിനനുസരിച്ച് ഗതാഗത സൗകര്യങ്ങൾ ഒരുക്കി കൊടുക്കുവാൻ സംസ്ഥാനത്തിന് ബാധ്യതയുണ്ട്. നഗരങ്ങളുടെ ആധുനികവത്ക്കരണത്തിന്റെ അടയാളങ്ങളാണ് കാൽനടയാത്രക്കാർക്കും സൈക്കിൾ യാത്രക്കാർക്കും പ്രത്യേക സംവിധാനങ്ങളൊരുക്കുക എന്നത്. അമൃത് പദ്ധതിയിൽ അർബൻ ട്രാൻസ്പോർട്ട് സെക്ടറിൽ (നോൺ ട്രാൻസ്പോർട്ട്) ഉൾപ്പെടുത്തി സൈക്കിൾ ട്രാക്കുകളുടെയും നടപ്പാതകളുടെയും ഫുട്ട് ഓവർ ബ്രിഡ്ജുകളുടെയും നിർമ്മാണമുൾപ്പടെ 200.58 കോടി രൂപയുടെ 123 പദ്ധതികൾക്ക് ഭരണാനുമതിയും, 190.24 കോടി രൂപയുടെ 123 പദ്ധതികൾക്ക് സാങ്കേതികാനുമതിയും, സാങ്കേതികാനുമതി ലഭിച്ച 188.34 കോടി രൂപയുടെ 122 പദ്ധതികൾ ടെണ്ടർ ചെയ്തിട്ടുള്ളതും, 168.65 കോടി രൂപയുടെ 119 പദ്ധതികൾ വർക്ക് അവാർഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിൽ 56 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ ടി സെക്ടറിലെ പദ്ധതികൾക്കായി 75.65 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

കൃത്യമായ ആസൂത്രണമില്ലാതെയാണ് കേരളത്തിലെ പല നഗരങ്ങളും രൂപംകൊണ്ടിട്ടുള്ളത്. അതുകൊണ്ട് തന്നെ നിർമ്മാണങ്ങളുടെയും സ്ഥാപനങ്ങളുടെ സ്ഥാപനകാര്യത്തിലും കൃത്യമായ ഒരു വിതരണക്രമം പാലിക്കാൻ സാധിച്ചിട്ടില്ല. നിർമ്മിതികൾ കൊണ്ട് നഗരം ശ്വാസം മുട്ടുകയാണ്. ഒഴിവുള്ള സ്ഥലങ്ങളാകട്ടെ മാലിന്യ കൂമ്പാരങ്ങളും ആയതിനാൽ അമൃത് നഗരങ്ങളിലെ തുറസ്സായ സ്ഥലങ്ങളുടെയും പാർക്കുകളുടെയും നവീകരണത്തിനും നിർമ്മിതിയ്ക്കുമായി പാർക്ക് സെക്ടറിൽ ഉൾപ്പെടുത്തി 46.01 കോടി രൂപയുടെ 72 പദ്ധതികൾക്ക് ഭരണാനുമതിയും, 45.30 കോടി രൂപയുടെ 72 പദ്ധതികൾക്ക് സാങ്കേതികാനുമതിയും, സാങ്കേതികാനുമതി ലഭിച്ച 45.30 കോടി രൂപയുടെ 72 പദ്ധതികൾ ടെണ്ടർ ചെയ്തിട്ടുള്ളതും, 41.88 കോടി രൂപയുടെ 72 പദ്ധതികൾ വർക്ക് അവാർഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിൽ 37 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ ടി സെക്ടറിലെ പദ്ധതികൾക്കായി 20.69 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

നഗരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം കൂടാതെ തദ്ദേശനഗര സ്ഥാപനങ്ങളുടെ കാര്യശേഷി വികസനവും പരിഷ്ക്കരണങ്ങളും അമൃത് പദ്ധതി ലക്ഷ്യമിടുന്നുണ്ട്. നഗരസഭകളിൽ നിന്ന് പൗരൻമാർക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുക, സേവന വിതരണത്തിനുള്ള ചെലവ് കുറയ്ക്കുക, നഗരസഭകളുടെ സാമ്പത്തികാരോഗ്യം മെച്ചപ്പെടുത്തുക, വിഭവശേഷി വർദ്ധിപ്പിക്കുക, സുതാര്യത ഉറപ്പുവരുത്തുക എന്നീ

കഴിഞ്ഞ നാലു വർഷമായി കേരളം അമൃത് നഗരങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പരിഷ്കാരങ്ങൾ വർഷാവർഷം കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും തുടർച്ചയായി നാലുവർഷം പരിഷ്കരണ നാഴികക്കല്ലുകൾ കൈവരിച്ചതിന് പ്രോത്സാഹനമായി 59.82 കോടി രൂപ നമ്മുടെ സംസ്ഥാനത്തിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

ലക്ഷ്യങ്ങൾക്കായുള്ള 11 നഗര ഭരണ പരിഷ്ക്കരണങ്ങളും അവ കൈവരിക്കുന്നതിനുള്ള 54 നാഴികക്കല്ലുകളുമാണ് പരിഷ്ക്കരണങ്ങൾ നടപ്പിലാക്കുന്നതിലൂടെ ലക്ഷ്യമിട്ടന്നത്.

പരിഷ്ക്കരണങ്ങളുടെ ഭാഗമായി നഗരസഭകൾ കൈവരിച്ച നേട്ടങ്ങൾ സ്വയം വിലയിരുത്തി വാർഷിക സ്കോർ കാർഡ് സംസ്ഥാനത്തിന് നൽകുകയും സംസ്ഥാനങ്ങൾ അവ ക്രോഡീകരിച്ച് കേന്ദ്ര നഗരവികസന മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്യുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രത്തിൽ ടൗൺ & കൺട്രി പ്ലാനിംഗ് ഓർഗനൈസേഷൻ (TCPO) എന്ന സ്ഥാപനം നഗരസഭകളിലെ പരിഷ്ക്കരണങ്ങളെയും അവ കൈവരിച്ച നേട്ടങ്ങളെയും പുനരവലോകനം ചെയ്ത് സംസ്ഥാനങ്ങൾ സ്കോർ നേടിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നു. സ്കോർ 70% ത്തിൽ കൂടുതലാണെങ്കിൽ കേന്ദ്രമന്ത്രാലയം സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിയുടെ 10% പ്രോത്സാഹനമായി അനുവദിക്കുന്നു.

ഇതിന്റെ ഭാഗമായി കഴിഞ്ഞ നാലു വർഷമായി സംസ്ഥാനം അമൃത് നഗരങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പരിഷ്ക്കാരങ്ങൾ വർഷാവർഷം കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും തുടർച്ചയായി നാലുവർഷം പരിഷ്ക്കരണ നാഴികക്കല്ലുകൾ കൈവരിച്ചതിന് പ്രോത്സാഹനമായി 59.82 കോടി രൂപ സംസ്ഥാനത്തിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

അമൃത് പദ്ധതി പരിഷ്ക്കരണ നാഴികക്കല്ലുകൾ കൈവരിച്ചതിന് പ്രോത്സാഹനമായി തുടർച്ചയായി 4 വർഷവും പ്രോത്സാഹനതുക ലഭിച്ചത് ആകെയുള്ള 36 ൽ 12 സംസ്ഥാന-കേന്ദ്രഭരണ പ്രദേശങ്ങൾക്കാണ്. ഈ പ്രോത്സാഹനതുക തുടർച്ചയായി നേടിയ സംസ്ഥാന-കേന്ദ്രഭരണ പ്രദേശങ്ങളിലൊന്നാണ് നമ്മുടെ സംസ്ഥാനം. അമൃത് പരിഷ്ക്കരണ നേട്ടങ്ങളിൽ 7-ാം സ്ഥാനമാണ് ദേശീയതലത്തിൽ കേരളം കൈവരിച്ചത്.

അമൃത് പദ്ധതിയുടെ ഭാഗമായി ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പരിശീലന പരിപാടികൾ സംഘടിപ്പിച്ചിരുന്നു. നാളിതുവരെ 2053 പേർക്ക് അമൃത് കാര്യശേഷി വികസന പരിപാടിയുടെ ഭാഗമായി പരിശീലനം നൽകിയിട്ടുണ്ട്.

അമൃത് പദ്ധതിയുടെ ഭാഗമായി 9 അമൃത് നഗരങ്ങളിലും ക്രെഡിറ്റ് റേറ്റിംഗ് നടത്തുകയുണ്ടായി. ഇതിൽ തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകൾ മുനിസിപ്പൽ ബോണ്ട് പുറപ്പെടുവിക്കുന്നതിനുള്ള യോഗ്യത നേടി. മറ്റ് നഗരങ്ങളുടെ ക്രെഡിറ്റ് റേറ്റിംഗ് മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അമൃത് നഗരങ്ങളിൽ ജി.ഐ.എസ്. അടിസ്ഥാനമാക്കിയുള്ള കരട് മാസ്റ്റർ പ്ലാൻ കേന്ദ്രത്തിൽ സമർപ്പിച്ചിരിക്കുകയാണ്. അമൃതിനോടനുബന്ധിച്ച പൈലറ്റ് പദ്ധതിയായ Local Area Plan & Town Planning Scheme (LAP&TPS) തിരുവനന്തപുരം നഗരത്തിൽ നടപ്പിലാക്കുന്നതുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കേരളത്തിൽ അമൃത് പദ്ധതി നിർവ്വഹണം സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിംഗിനെ ശക്തിപ്പെടുത്തുന്നതിനായി 6 കോർപ്പറേഷനുകളിലും 3 മുനിസിപ്പാലിറ്റികളിലും എഞ്ചിനീയർമാരെയും ഓവർസിയർമാരെയും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. അംഗീകാരം ലഭിച്ചിട്ടുള്ള പദ്ധതികളെല്ലാം തന്നെ 2022 മാർച്ച് മാസത്തോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പദ്ധതി സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനായുള്ള ത്വരിതമായ നടപടികൾ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ അമൃത് ഉന്നതാധികാര സമിതി യുടെ നേതൃത്വത്തിൽ ചെയ്തുവരുന്നു. കൂടാതെ മിഷൻ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഓരോ മാസത്തിലും, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഓരോ മൂന്ന് മാസത്തിലും പദ്ധതി അവലോകന യോഗം നടത്തിവരുന്നു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് നഗരസഭകൾ നേരിടുന്ന പ്രശ്നങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനായി സാങ്കേതിക മേഖലയിലെ വിദഗ്ദ്ധർ അടങ്ങിയ ഒരു ടീം അമൃത് മിഷൻ ഡയറക്ടറുടെയും ഡെപ്യൂട്ടി മിഷൻ ഡയറക്ടറുടെയും നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നു. ☐

ലേഖിക അമൃത്, സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ്, മിഷൻ ഡയറക്ടറാണ്

മാലിന്യമുക്തകേരളം ലക്ഷ്യമാക്കി ശുചിത്വമിഷൻ

■ എബ്രഹാം തോമസ് രഞ്ജിത്

'മാലിന്യ മുക്ത കേരളം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിന് വേണ്ട ശുചിത്വ-മാലിന്യ-പരിപാലന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനാണ് ശുചിത്വ മിഷൻ നിലകൊള്ളുന്നത്. സുരക്ഷിത മനുഷ്യ വിസർജ്ജ്യ നിർമ്മാർജ്ജനം, ഖര-ദ്രവമാലിന്യ പരിപാലനം, കുടിവെള്ള ശുചിത്വം, വ്യക്തിഗത-സാമൂഹ്യ-സ്ഥാപന ശുചിത്വം, പരിസര ശുചിത്വം ഇവയിൽ പൂർണ്ണ നേട്ടം കൈവരിക്കുക, ഈ നേട്ടങ്ങൾ എക്കാലവും നിലനിർത്തുക എന്നതാണ് ശുചിത്വ മിഷന്റെ ദൗത്യങ്ങൾ. ഇതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് മിഷൻ മാതൃകയിൽ നടപ്പിലാക്കി വരുന്നത്.

- ശുചിത്വ മാലിന്യ സംസ്കരണ പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വിദഗ്ധ ഉപദേശം നൽകൽ, പ്രോജക്ടുകളുടെ വിലയിരുത്തലും, പഠനവും റിപ്പോർട്ടിംഗും
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ഖര-ദ്രവമാലിന്യ സംസ്കരണ പ്രോജക്ടുകൾ പരിശോധിച്ച് സാങ്കേതിക അംഗീകാരവും സാമ്പത്തിക സഹായവും നൽകൽ
- നഗര-ഗ്രാമ പ്രദേശങ്ങളിലെ ശുചിത്വ-മാലിന്യ സംസ്ക്കരണ പ്രോജക്ടുകൾക്ക് സംസ്ഥാന ബഡ്ജറ്റിൽ നിന്നും കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും മാനദണ്ഡങ്ങൾക്കനുസൃതമായി സാമ്പത്തിക വിഹിതം നൽകൽ
- നവീന മാലിന്യസംസ്കരണ സാങ്കേതിക വിദ്യകൾ കണ്ടെത്തൽ, മാലിന്യ സംസ്കരണ ഉപാധികൾ, യന്ത്രങ്ങൾ എന്നിവയ്ക്ക് നിരക്ക് നിശ്ചയിക്കൽ
- ശുചിത്വ മേഖലയിൽ പ്രവർത്തിക്കുന്ന ഇതര സ്ഥാപനങ്ങളും/വകുപ്പുകളുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കൂട്ടിയോജിപ്പിക്കൽ
- വിപുലമായ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിലൂടെ പൊതുജനങ്ങളിൽ ശുചിത്വബോധം സൃഷ്ടിച്ചുകൊണ്ട് വൃത്തിയും ശുചിത്വവുമുള്ള പരിസരം വീടുകളിലും തൊഴിലിടങ്ങളിലും പൊതു ഇടങ്ങളിലും ഉറപ്പുവരുത്തി കേരളത്തിന്റെ പരിസ്ഥിതി മെച്ചപ്പെടുത്തുക.

I മുനിസിപ്പൽ ഖരമാലിന്യപരിപാലനം

A. ജൈവമാലിന്യ പരിപാലനം

- **ഗാർഹികതലം സംസ്കരണ സംവിധാനങ്ങൾ**

ഗാർഹികതലത്തിലെ അഴുകുന്ന മാലിന്യത്തെ പൈപ്പ് കമ്പോസ്റ്റ്, കലം കമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ്, പോർട്ടബിൾ ബിൻ, കിച്ചൺ ബിൻ, ബയോകമ്പോസ്റ്റർ, പിറ്റ് കമ്പോസ്റ്റ് തുടങ്ങിയ കമ്പോസ്റ്റിംഗ് സംവിധാനങ്ങൾ സ്ഥാപിച്ച് വളമാക്കി മാറ്റാം. കൂടാതെ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് പാചക ഇന്ധനവും വളവും ഉത്പാദിപ്പിക്കാം.

എങ്ങനെ സ്ഥാപിക്കാം

20-09-2012-ലെ സ.ഉ. (എം.എസ്) നം. 239/2012/തസ്വഭവ പ്രകാരം നിശ്ചയിച്ച യൂണിറ്റ് കോസ്റ്റിനനുസരിച്ച് ജില്ലാ ശുചിത്വ

മിഷനുകളിൽ നിന്ന് 20 ലക്ഷം രൂപ വരെയുള്ള പദ്ധതികൾക്കും അതിന് മുകളിൽ എസ്റ്റിമേറ്റ് തുകയുള്ള പദ്ധതികൾക്ക് സംസ്ഥാന ശുചിത്വ മിഷനിൽ നിന്നും സാങ്കേതിക അനുമതി വാങ്ങി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണം നടത്തണം. പട്ടിക-1 കാണുക.

- **സ്ഥാപനതലം**

ഓഫീസുകൾ, ആശുപത്രികൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, കല്യാണ മണ്ഡപങ്ങൾ, ഷോപ്പിംഗ് മാളുകൾ, ഫ്ളാറ്റുകൾ, അപ്പാർട്ടുമെന്റുകൾ, വ്യവസായ ശാലകൾ, കമ്പനികൾ എന്നിവിടങ്ങളാണ് സ്ഥാപന തലത്തിൽ ഉൾപ്പെടുന്നത്.

സംസ്ക്കരണ സംവിധാനങ്ങൾ

അഴുകുന്ന മാലിന്യങ്ങൾ എയറോബിക് കമ്പോസ്റ്റ് ബിൻ (തുമ്പൂർമൂഴി), വലിയ പോർട്ടബിൾ കമ്പോസ്റ്റ് ബിന്നുകൾ, വിൻഡ്രോ/വെർമി കമ്പോസ്റ്റിംഗ് യൂണിറ്റുകൾ, ഉയർന്ന ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ സ്ഥാപിച്ച് സംസ്കരിച്ച് വളവും ഇന്ധനവുമാക്കി മാറ്റാം.

എങ്ങനെ സ്ഥാപിക്കാം

14.10.2020ലെ സ.ഉ, (ആർ.റ്റി) നം. 1898/2020/തസ്വഭവ പ്രകാരം ശുചിത്വ മിഷനിൽ നിന്നും സാങ്കേതിക അനുമതി ആവശ്യമായ പ്രോജക്ടുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സംസ്ഥാന ശുചിത്വ മിഷനിൽ നിന്നും സാങ്കേതിക അനുമതി വാങ്ങി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി നിർവ്വഹണം നടത്താം. പട്ടിക-2 കാണുക.

- **സാമൂഹികതലം**

മാർക്കറ്റുകൾ, ബസ് സ്റ്റാന്റുകൾ, സമ്മേളന നഗരികൾ, കലാ-സാംസ്കാരിക കേന്ദ്രങ്ങൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ എന്നിവിടങ്ങളാണ് കമ്മ്യൂണിറ്റി തലത്തിൽ ഉൾപ്പെടുന്നത്.

സംസ്ക്കരണ സംവിധാനങ്ങൾ

അഴുകുന്ന മാലിന്യങ്ങൾ എയറോബിക് കമ്പോസ്റ്റ് ബിൻ (തുമ്പൂർമൂഴി), വലിയ പോർട്ടബിൾ കമ്പോസ്റ്റ് ബിന്നുകൾ, വിൻഡ്രോ/വെർമികമ്പോസ്റ്റിംഗ് യൂണിറ്റുകൾ, ഉയർന്ന ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ സ്ഥാപിച്ച് സംസ്കരിച്ച് വളവും ഇന്ധനവുമാക്കി മാറ്റാം.

എങ്ങനെ സ്ഥാപിക്കാം

14.10.2020ലെ സ.ഉ.(ആർ.റ്റി)നം. 1898/2020/തസ്വഭവ പ്രകാരം ശുചിത്വ മിഷനിൽ നിന്നും സാങ്കേതിക അനുമതി ആവശ്യമായ പ്രോജക്ടുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സംസ്ഥാന ശുചിത്വ മിഷനിൽ നിന്നും സാങ്കേതിക അനുമതി വാങ്ങി നിർവ്വഹണം നടത്താം. പട്ടിക-3 കാണുക

- **തദ്ദേശതലം**

നഗരകേന്ദ്രങ്ങളിൽ സ്ഥിതി ചെയ്യുന്നതും ഉറവിട മാലിന്യ സംസ്കരണം സ്വന്തം ഉത്തരവാദിത്തത്തിൽ പിന്തുടരുന്നതിന് സ്ഥല സൗകര്യമില്ലാത്ത വീടുകൾ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുമുള്ള മാലിന്യങ്ങൾ, ചന്തകളിലേയും പൊതുഇടങ്ങളിലേയും മാലിന്യങ്ങൾ എന്നിവയെല്ലാം സംസ്കരിക്കുന്നതിന് തദ്ദേശ സ്ഥാപനതലത്തിൽ പൊതുവായ ബയോഗ്യാസ് പ്ലാന്റുകൾ, വിൻഡ്രോ പ്ലാന്റുകൾ, മണ്ണിര കമ്പോസ്റ്റ് പ്ലാന്റുകൾ മുതലായവ സ്ഥാപിക്കാവുന്നതാണ്. ഇതിനായി പൂർണ്ണമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട് ഉപയോഗിച്ചോ അല്ലെങ്കിൽ 75% ശുചിത്വമിഷൻ വിഹിതവും 25% തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതവും ഉപയോഗിച്ചും പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

സബ്സിഡി മാനദണ്ഡങ്ങൾ മുകൾപട്ടികയിലെ അതേ രീതി തന്നെ ഇവിടേയും അവലംബിക്കാവുന്നതാണ്.

സബ്സിഡി മാനദണ്ഡം (പട്ടിക-1)

ക്രമ നം.	ഗാർഹികം	സബ്സിഡി/ ഗ്രാന്റ്	ത.സ്വ.ഭ. സ്ഥാപന വിഹിതം	ശുചിത്വ മിഷൻ വിഹിതം	ഗുണഭോക്തൃ വിഹിതം	മാനദണ്ഡങ്ങൾ	റിമാർക്സ്
1.	കമ്പോസ്റ്റിംഗ് & ബയോ മെതനേഷൻ	യൂണിറ്റ് കോസ്റ്റിന്റെ 90%	60%	30%	10%	അഞ്ച് സെന്റോ അതിൽ കുറവോ ഉള്ള ഗുണഭോക്താക്കൾക്ക് മുൻഗണന	ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ മുഖേന

സബ്സിഡി മാനദണ്ഡം (പട്ടിക-2)

ക്രമ നം.	സ്ഥാപനം	സബ്സിഡി/ ഗ്രാന്റ്	ത.സ്വ.ഭ. സ്ഥാപന വിഹിതം	ശുചിത്വ മിഷൻ വിഹിതം	ഗുണഭോക്തൃ വിഹിതം	മാനദണ്ഡങ്ങൾ	റിമാർക്സ്
1.	കമ്പോസ്റ്റിംഗ് & ബയോ മെതനേഷൻ സർക്കാർ സ്ഥാപനങ്ങളും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളും	എസ്റ്റിമേറ്റ് തുക/ യൂണിറ്റ് കോസ്റ്റിന്റെ (100%)	-	100%	-	ജൈവമാലിന്യം മറ്റ രീതികളിൽ സംസ്ക്കരിക്കാൻ സ്ഥലപരിമിതിയുള്ള സ്ഥാപനങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്.	

പട്ടിക-3

കമ്മ്യൂണിറ്റിതലം ബയോഗ്യാസ് പ്ലാന്റ്, വിൻഡ്രോ കംമ്പോസ്റ്റ്, എയ്റോബിക് ബിൻ	സബ്സിഡി/ ഗ്രാന്റ്	ത.സ്വ.ഭ. സ്ഥാപന വിഹിതം	ശുചിത്വ മിഷൻ വിഹിതം
ശുചിത്വകേരളം സ്കീം	100%	25%	75%
സ്വച്ഛ് ഭാരത് മിഷൻ (അർബൻ) സ്കീമിൽ ഉൾപ്പെടുത്തിയുള്ള പദ്ധതികൾക്ക്		41.7%	58.3%
സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)			100%

• പൂർണ്ണമായും ഗ്രാമപഞ്ചായത്തുകളുടെ വികസന ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി ഏറ്റെടുക്കാവുന്നതാണ്

B അജൈവമാലിന്യ പരിപാലനം

പ്ലാസ്റ്റിക്ക്, ഇരുമ്പ്, തുകൽ, ഫൈബർ, റെക്സിൻ, റബ്ബർ, മറ്റ് ലോഹങ്ങൾ, ചില്ല്, തെർമോകോൾ തുടങ്ങിയ വസ്തുക്കളെ അഴുകാത്ത പാഴ്വസ്തുക്കളെന്ന് വിളിക്കാം. പേപ്പർ, ഹാർഡ് ബോർഡ്, തുണി തുടങ്ങിയ പുനരുപയോഗ, പുന:ചംക്രമണ യോഗ്യമായ വസ്തുക്കൾ മണ്ണിൽ ചേരുന്നതാണെങ്കിലും അവയെ ഈ വിഭാഗത്തിൽപ്പെടുത്തി ശേഖരിക്കാം.

ശേഖരണ പരിപാലന രീതി :-

- ഒരു വാർഡിൽ 2 പേർ എന്ന ക്രമത്തിൽ ഹരിതകർമ്മസേന രൂപീകരിച്ച് വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പൊതു ഇടങ്ങളിൽ നിന്നും തരംതിരിച്ച് വൃത്തിയാക്കിയ പാഴ്വസ്തുക്കൾ ശേഖരിക്കണം.
- വാർഡ്തലത്തിൽ പാഴ്വസ്തു സംഭരണത്തിനായി മിനി എം.സി.എഫുകൾ സ്ഥാപിക്കണം .
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിൽ (എം.സി.എഫ്) എത്തിച്ച് രണ്ടാം ഘട്ട തരംതിരിക്കലിന് വിധേയമാക്കുന്നു.
- തരംതിരിക്കലിനു ശേഷം റിസോഴ്സ് റിക്കവറി ഫെസിലിറ്റികളിൽ (ആർ.ആർ.എഫ്) എത്തിച്ച് പുന:ചംക്രമണ മൂല്യമുള്ളവയെ തരംതിരിച്ച് ബെയിൽ ചെയ്ത് റീസൈക്ലിംഗ് പ്ലാന്റുകളിലേക്കും പുന:ചംക്രമണ മൂല്യമില്ലാത്തവയെ ഷ്രെഡ് ചെയ്ത് റോഡ് ടാറിംഗിനും ഉപയോഗിക്കാം.
- പുനരുപയോഗവും, പുന:ചംക്രമണവും സാധ്യമാകാത്തവയെ (റിജക്റ്റ്സ്) സിമന്റ് ഫാക്ടറികളിലോ അംഗീകൃത ലാൻഡ് ഫിൽ കേന്ദ്രങ്ങൾക്കോ ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മുഖേന കൈമാറാം.

ഹരിതസഹായ സ്ഥാപനം

- **ഹരിതകർമ്മസേന**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വീടുകളിലും സ്ഥാപനങ്ങളിലും പൊതു ഇടങ്ങളിലും രൂപപ്പെടുന്ന പാഴ്വസ്തുക്കൾ ശേഖരിച്ച് തരംതിരിച്ച് സംഭരിച്ച് പുനരുപയോഗത്തിനും, പുന:ചംക്രമണത്തിനും കൈമാറുന്നതിനും മാലിന്യ സംസ്കരണം സംരംഭ മാതൃകയിൽ നടപ്പിലാക്കുന്നതിനും വേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കുടുംബശ്രീയുടെ മേൽ നോട്ടത്തിൽ രൂപം നൽകിയ സംവിധാനമാണ് ഹരിത കർമ്മസേന.

- **മിനി എം.സി.എഫ്, എം.സി.എഫ്, ആർ.ആർ.എഫ്**

മിനി എം.സി.എഫ്: ഹരിതകർമ്മ സേന ശേഖരിക്കുന്ന പാഴ്വസ്തുക്കൾ താത്ക്കാലികമായി സംഭരിച്ച് വയ്ക്കുന്നതിന് വാർഡ് അടിസ്ഥാനത്തിൽ സ്ഥാപിക്കുന്ന ക്യാബിനുകളാണ് മിനി എം.സി.എഫ്.

- **മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്)**

മിനി എം.സി.എഫുകളിൽ നിന്നും ശേഖരിക്കുന്ന പാഴ്വസ്തുക്കൾ രണ്ടാംഘട്ട മൂല്യ വർദ്ധിത തരംതിരിക്കലിന് വിധേയമാക്കുന്ന കേന്ദ്രങ്ങളാണ് എം.സി.എഫുകൾ. 500 മുതൽ 1500 വരെ ചതുരശ്ര അടി വലിപ്പമുള്ള ഷെഡ്ഡുകളാണ് ഇതിനായി നിർമ്മിച്ച് ഉപയോഗിക്കുന്നത്.

- **റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്)**

എം.സി.എഫുകളിൽ നിന്നും രണ്ടാം ഘട്ട തരംതിരിക്കലിനു ശേഷം ഇനം തിരിച്ച് ലഭിക്കുന്ന പാഴ്വസ്തുക്കൾ സൂക്ഷിക്കുന്നതിനും അതിൽ നിന്നും പുന:ചംക്രമണം, പുനരുപയോഗം ചെയ്യേണ്ട വസ്തുക്കൾ ബെയ്ലിംഗിനു വിധേയമാക്കുന്നതിനും, പുന:ചംക്രമണത്തിനു വിധേയമല്ലാത്ത പ്ലാസ്റ്റിക്ക് വസ്തുക്കൾ ഷ്രെഡ്ഡ് ചെയ്യുന്നതിനുമുള്ള യന്ത്ര സംവിധാനത്തോടു കൂടിയ കെട്ടിടമാണ് ആ.ആർ.എഫുകൾ

- **ഷ്രെഡിംഗ്**

പുന:ചംക്രമണം സാധ്യമല്ലാത്ത പ്ലാസ്റ്റിക്ക് വസ്തുക്കൾ റോഡ് ടാറിങ്ങിന് ഉപയോഗപ്പെടുത്തുന്നതിലേക്കായി യന്ത്രസഹായത്താൽ പൊടിക്കുന്ന പ്രവർത്തനമാണ് ഷ്രെഡിംഗ്. ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക്ക് കിലോഗ്രാമിന് സർക്കാർ നിശ്ചയിച്ച നിരക്കിൽ ക്ലീൻ കേരള കമ്പനി മുഖേന തദ്ദേശസ്വയംഭരണ വകുപ്പ്, പൊതുമരാമത്ത് വകുപ്പ് , ദേശീയപാതാ സാങ്കേതിക വിഭാഗം എന്നിവർക്ക് റോഡ് നിർമ്മാണത്തിനായി കൈമാറേണ്ടതാണ്. ഇതിനായി ആർ.ആർ.എഫുകളിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ സ്ഥാപിക്കാം.

- **ബെയ്ലിംഗ്**

പുന:ചംക്രമണത്തിനായി റീസൈക്ലിംഗ് പ്ലാന്റുകളിലേക്ക് അയക്കേണ്ട മൂല്യ വർദ്ധിത പാഴ് വസ്തുക്കൾ ട്രാൻസ്പോർട്ടേഷൻ സൗകര്യത്തിനും ഒരേ സമയം കൂടുതൽ പാഴ് വസ്തുക്കൾ കൊണ്ടു പോകുന്നതിനുമായി യന്ത്ര സഹായത്താൽ അവ പ്രസ്സ് ചെയ്ത് വലുപ്പം കുറയ്ക്കുന്ന പ്രക്രിയയാണ് ബെയ്ലിംഗ് . ഇതിനായി ബെയ്ലിംഗ് മെഷീനുകൾ ആർ.ആർ.എഫുകളിൽ

സ്ഥാപിക്കാം. ബെയിൽ ചെയ്ത വസ്തുക്കൾ പുന:ചംക്രമണത്തിനായി ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറാം.

- **ഡസ്റ്റ് റിമൂവിംഗ്**

ശേഖരിക്കപ്പെടുന്ന പ്ലാസ്റ്റിക്ക് പാഴ് വസ്തുക്കളിലെ പൊടി കളയുന്നതിനുള്ള പ്രക്രിയയാണ് ഡസ്റ്റ് റിമൂവിംഗ്. ഇതിനായി ഡസ്റ്റ് റിമൂവർ മെഷിനുകൾ ആർ.ആർ.എഫുകളിൽ സ്ഥാപിക്കാം. പട്ടിക-4 കാണുക.

C. പരമ്പരാഗത മാലിന്യ കൂനകളുടെ നീക്കംചെയ്യൽ (നഗരം)

വർഷങ്ങളായുള്ള മാലിന്യ നിക്ഷേപം മൂലം വലിയ മാലിന്യക്കൂനകൾ സൃഷ്ടിക്കപ്പെടും. പ്രാദേശിക ജലസ്രോതസുകളേയും മണ്ണിനേയും മലിനപ്പെടുത്തി പരിസ്ഥിതിയ്ക്ക് ദോഷകരമായി അവശേഷിക്കുന്ന മാലിന്യക്കൂനകൾ ബയോമൈനിംഗ് നടത്തി ശുചിയാക്കി പാർക്ക്/പൂന്തോട്ടം/കൃഷി സ്ഥലം തുടങ്ങിയ കാര്യങ്ങൾക്കായി ഉപയോഗപ്രദമാക്കി മാറ്റുന്നതിനുള്ള പദ്ധതി.

സ്കീം : സ്വച്ഛ് ഭാരത് മിഷൻ (നഗരം), ശുചിത്വകേരളം (നഗരം)

D. നിരത്തുകളുടെ ശുചീകരണം (നഗരം)

നഗരപ്രദേശങ്ങളിലെ പൊതുനിരത്തുകളുടെ ശുചീകരണത്തിനായി ആധുനിക ശുചീകരണ സൗകര്യങ്ങളോടു കൂടിയ യന്ത്രവൽകൃത ശുചീകരണ വാഹനം വാങ്ങുന്നതിന് ശുചിത്വകേരളം പദ്ധതിയിലുൾപ്പെടുത്തി ശുചിത്വമിഷൻ ഫണ്ട് വിനിയോഗിച്ചോ തനത് ഫണ്ട് വിനിയോഗിച്ചോ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും പദ്ധതി നടപ്പിലാക്കാം. മികച്ച നിലവാരത്തിൽ നിർമ്മിച്ചിട്ടുള്ള റോഡുകൾ വളരെ വേഗത്തിൽ വൃത്തിയാക്കുന്നതിനാണ് മേൽ പദ്ധതി ലഭ്യമാക്കുന്നത്. വാഹനത്തിൽ ഘടിപ്പിച്ച രീതിയിലാണ് സ്വീപ്പിംഗ് മെഷീൻ രൂപകല്പന ചെയ്തിരിക്കുന്നത്.

സ്കീം : സ്വച്ഛ് ഭാരത് മിഷൻ (നഗരം), ശുചിത്വകേരളം (നഗരം)

എങ്ങനെ സ്ഥാപിക്കാം

ഓപ്പൺ ടെണ്ടറിലൂടെ വെഹിക്കിൾ മൗണ്ടട് ആയിട്ടുള്ള മെക്കനൈസ്ഡ് സ്വീപ്പിംഗ് മെഷീൻ നഗരസഭകൾക്ക് വാങ്ങാവുന്നതാണ്. നഗരസഭകൾക്ക് ഒരു യൂണിറ്റിന് പരമാവധി 40 ലക്ഷം രൂപ വരെയാണ് ശുചിത്വ മിഷൻ വിഹിതമായി അനുവദിക്കുന്നത്. (14.09.2020-ലെ സ.ഉ.(സാധാ) നം.1640/2020/തസ്വഭവ കാണുക). ടെണ്ടർ നടപടികൾ പൂർത്തിയാക്കി തെരഞ്ഞെടുക്കപ്പെട്ട ഏജൻസി നഗരസഭയ്ക്ക് സമർപ്പിക്കുന്ന സ്പെസിഫിക്കേഷൻ ശുചിത്വ മിഷനിൽ സമർപ്പിക്കുന്നപക്ഷം ആയത് പരിശോധിച്ച് അംഗീകാരം നൽകുന്നതാണ്.

സ്കീം :ശുചിത്വകേരളം (അർബൻ), തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് .

E . മാലിന്യ നീക്കത്തിനായുള്ള വാഹനം (ഗ്രാമം)

വീട്ടവീടാന്തിരം കയറിയിറങ്ങി മാലിന്യ ശേഖരണം നടത്തുന്നതിന് ഹരിതകർമ്മ സേനയ്ക്ക് ആവശ്യമായ മുച്ചക്ര സൈക്കിൾ അതേപോലെ ശേഖരിച്ച് മിനി എം.സി.എഫുകളിലും മറ്റും സൂക്ഷിച്ചിരിക്കുന്നവ എം.സി.എഫുകളിലേയ്ക്ക് നീക്കം ചെയ്യുന്നതിനും തരംതിരിച്ചവ ആർ.ആർ.എഫുകളിൽ എത്തിക്കുന്നതിനുമായി ഇലക്ട്രിക് വാഹനങ്ങളും വാങ്ങുന്നതിന് സാധിക്കും

സ്കീം : സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)

പഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ കൃത്യമായ പ്രവർത്തനവും മികച്ച രീതിയിലുള്ള എം.സി.എഫ്. പ്രവർത്തനവും ഉണ്ടായിരിക്കണം.

II. ദ്രവമാലിന്യ പരിപാലനം

ജലസമൃദ്ധമായ നമ്മുടെ നാട്ടിലെ ജലഗുണനിലവാരം അപകടകരമാംവിധം നശിച്ചു കൊണ്ടിരിക്കുകയാണ്. പല പഠനങ്ങളും സൂചിപ്പിക്കുന്നത് നമ്മുടെ കുടിവെള്ള സ്രോതസുകളുടെയും കക്കൂസ് മാലിന്യം ഉൾപ്പെടെയുള്ള മലിനജലവും സംസ്കരിക്കുന്നതിനുള്ള സൗകര്യങ്ങൾ വ്യാപകമായി ഉണ്ടാകേണ്ടത് അടിയന്തിരവും അനിവാര്യവുമാണ്.

A വ്യക്തിഗത ശൗചാലയ നിർമ്മാണം

ഗ്രാമം : പുതിയതായി നിർമ്മിക്കുന്ന വീടുകൾക്ക് മാത്രം. അർഹതയുള്ളവർ, ബി.പി.എൽ കുടുംബങ്ങൾ, എസ്.സി, എസ്.ടി. കുടുംബങ്ങൾ, ചെറുകിട നാമമാത്ര കർഷകർ, സ്ത്രീകൾ കുടുംബനാഥയായിട്ടുള്ള കുടുംബങ്ങൾ, സബ്സിഡിതുക ഒരു യൂണിറ്റിന്. 12,000 എസ്.ബി.എം 3,400 തദ്ദേശസ്ഥാപനം, ആകെ 15,400 രൂപ.

നഗരം : വ്യക്തിഗത ഗാർഹിക ശൗചാലയ നിർമ്മിതിക്ക് യൂണിറ്റിന് 15,400/- രൂപ വകയിരുത്തിയിരിക്കുന്നതിൽ 4,000/- രൂപ

പട്ടിക-4

തദ്ദേശസ്ഥാപനതലം	സബ്സിഡി/ ഗ്രാന്റ്	ത.സ്വ.ഭ. സ്ഥാപന വിഹിതം	ശുചിത്വ മിഷൻ വിഹിതം
ശുചിത്വ കേരളം സ്കീം എം.ആർ.എഫ്, പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് എന്നീ സംവിധാനങ്ങൾ അവശ്യം വേണ്ട യന്ത്രസാമഗ്രികളും പശ്ചാത്തല സൗകര്യങ്ങളുമടക്കം സ്ഥാപിക്കലും നിലവിലുള്ളവയുടെ നവീകരണവും	100%	25%	75%
സ്വച്ഛ് ഭാരത് മിഷൻ (അർബൻ) സ്കീമിൽ ഉൾപ്പെടുത്തിയുള്ള പദ്ധതികൾക്ക്		41.7%	58.3%
സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)			100%

- *പൂർണ്ണമായും ഗ്രാമപഞ്ചായത്തുകളുടെ വികസന ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി ഏറ്റെടുക്കാവുന്നതാണ്*

കേന്ദ്രവും 2,667/- രൂപ സംസ്ഥാനവും 8,733/- രൂപ നഗരസഭയും വഹിക്കും. പട്ടിക-5 കാണുക.

സ്വച്ഛ് ഭാരത് മിഷൻ നഗരം (60:40)

B കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സുകളും പൊതുശുചിമുറികളും

ഗ്രാമം: ഓരോ വില്ലേജിലും കുറഞ്ഞത് ഒരു കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സ് ഏങ്കിലും ഉണ്ടാകണം. ഓപ്പറേഷൻ മെയിന്റനൻസ് ചെലവ് യൂസർ ഫീ മുഖേന കണ്ടെത്തണം. സ്ത്രീകൾ, പുരുഷൻമാർ എന്നിവർക്ക് പ്രത്യേകം കമ്പാർട്ട്മെന്റുകൾ നിർമ്മിക്കണം. ഒരു യൂണിറ്റിന് 3 ലക്ഷംരൂപയാണ് യൂണിറ്റ്കോസ്റ്റ് + അധിക സ്രോതസ് എസ്.ബി.എം ഇതര ഫണ്ടുകളിൽ നിന്ന് കണ്ടെത്താവുന്നതാണ്.

- 70% എസ്.ബി.എം (ഗ്രാമീൺ) : 2.10 ലക്ഷം
- 30% 15-ാം ധനകാര്യ കമ്മീഷൻ : 0.90 ലക്ഷം

നഗരം : സാമൂഹിക-പൊതു ശൗചാലയ സമുച്ചയം, പൊതു ശൗചാലയ സമുച്ചയം നിർമ്മിതിക്ക് ടോയ്‌ലറ്റ് സീറ്റൊന്നിന് 98000/- രൂപ വകയിരുത്തിയിരിക്കുന്നതിൽ 39,200/- രൂപ കേന്ദ്രവും 26,134/- രൂപ സംസ്ഥാനവും 32,666/- രൂപ നഗരസഭയും വഹിക്കും.

യൂറിനൽ നിർമ്മാണത്തിന് യൂണിറ്റിന് 32,000/- രൂപ വകയിരുത്തിയിരിക്കുന്നതിൽ 12,800/- രൂപ കേന്ദ്രവും, 8,534/- രൂപ സംസ്ഥാനവും 10,666/- രൂപ നഗരസഭയും വഹിക്കും. വിശദമായ പദ്ധതി രേഖയുടെ അടിസ്ഥാനത്തിൽ ഖരമാലിന്യ സംസ്കരണത്തിനായുള്ള പ്രോജക്റ്റിന്റെ 35% കേന്ദ്ര ഗ്രാന്റ് / വി.ജി.എഫ്. ആയി അനുവദിക്കും. ബാക്കി 23.3% സംസ്ഥാനവും 41.7% നഗരസഭയും കണ്ടെത്തണം. പട്ടിക-6 കാണുക.

സ്വച്ഛ് ഭാരത് മിഷൻ നഗരം (60:40)

C. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

- **സ്ഥാപനതലം**

ആശുപത്രികൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, ഹോസ്റ്റലുകൾ, വ്യാപാര സമുച്ചയങ്ങൾ, ഓഫീസ് സമുച്ചയങ്ങൾ എന്നിവിടങ്ങളിലെ ശുചിമുറി/കക്കൂസ് ദ്രവമാലിന്യമുൾപ്പെടെയുള്ളവയുടെ ശാസ്ത്രീയ സംസ്കരണം ഉറപ്പാക്കുവാനുള്ള ട്രീറ്റ്മെന്റ് പ്ലാന്റുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ശുചിത്വമിഷൻ പിന്തുണയോടെ സജ്ജമാക്കുന്നതിന് കഴിയും.

- **സാമൂഹികതലം**

ഒരു പ്രദേശത്തെ കുറേയധികം വീടുകൾക്കും സ്ഥാപനങ്ങൾക്കുമായോ, കോളനികൾക്കായോ ദ്രവമാലിന്യങ്ങൾ പരിപാലിക്കുന്നതിനുള്ള സൗകര്യമൊരുക്കൽ.

- **തദ്ദേശസ്വയംഭരണ സ്ഥാപനതലം**

ഒരു തദ്ദേശസ്വയംഭരണസ്ഥാപന പരിധിയിലെ ദ്രവമാലിന്യങ്ങൾ മുഴുവനും അതാത് സമയത്ത്തന്നെ നേരിട്ട് പൈപ്പ് വഴി പ്ലാന്റിൽ എത്തിച്ച് സംസ്കരിക്കുന്ന തരത്തിലുള്ള സൗകര്യം.

ശുചിത്വമിഷൻ പിന്തുണ :ശുചിത്വകേരളം (റൂറൽ& അർബൻ)

ഫണ്ട് പരിമിതിയുള്ളതിനാൽ ഓരോ വർഷവും കുറ്റമറ്റ പദ്ധതികൾ ആദ്യം സമർപ്പിക്കുന്നവർക്ക് മാത്രമേ ശുചിത്വമിഷൻ സാമ്പത്തിക പിന്തുണലഭ്യമാകൂ.

D. ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റ്

കക്കൂസ് മാലിന്യങ്ങൾ സെപ്റ്റിക് ടാങ്കുകളിൽ നിന്നും ട്രക്കുകളിൽ ട്രീറ്റ്മെന്റ് പ്ലാന്റുകളിൽ എത്തിച്ച് സംസ്കരിക്കുന്ന സംവിധാനം. ഇത്തരം പ്ലാന്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലോ, ബ്ലോക്ക്-ജില്ലാ-തലങ്ങളിലോ സജ്ജമാക്കാവുന്നതാണ്.

E. എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്

അറവുശാല/മത്സ്യമാർക്കറ്റുകൾ പോലെ ധാരാളം മലിനജലം ഉണ്ടാകാൻ ഇടയുള്ള സ്ഥലങ്ങളിൽ അവ ശുദ്ധീകരിച്ച് പുനരുപയോഗം സാധ്യമാക്കുന്നതിനായി എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കാവുന്നതാണ്.

ശുചിത്വമിഷൻ ഫണ്ടും സാങ്കേതിക പിന്തുണയും പദ്ധതി നടത്തിപ്പിലെ വിദഗ്ദോപദേശവും ലഭിക്കും. പദ്ധതി തയ്യാറാക്കുന്നതിനും പദ്ധതി നടത്തിപ്പിനും ശുചിത്വമിഷൻ ഏജൻസികളെ എംപാനൽ ചെയ്തിട്ടുണ്ട്. ഈ രണ്ട്കാര്യങ്ങൾക്കും ടെണ്ടർ

പട്ടിക-5

ക്രമ നം.	ഘടകങ്ങൾ	കേന്ദ്ര വിഹിതം	സംസ്ഥാന വിഹിതം	നഗരസഭാ വിഹിതം	ഒരു സീറ്റിന് ആകെ ലഭിക്കുന്ന തുക
1.	വ്യക്തിഗത ഗാർഹിക ശൗചാലയങ്ങൾ	4,000	2,667	8,733	15,400

പട്ടിക-6

ക്രമ നം.	ഘടകങ്ങൾ	കേന്ദ്ര വിഹിതം	സംസ്ഥാന വിഹിതം	നഗരസഭാ വിഹിതം	ഒരു സീറ്റിന് ആകെ ലഭിക്കുന്ന തുക
1.	കമ്മ്യൂണിറ്റി ശൗചാലയങ്ങൾ	39,200	26,134	32,666	98,000
2.	പൊതു ശൗചാലയങ്ങൾ	39,200	26,134	32,666	98,000
3.	യൂറിനൽ	12800	8534	10666	32000

• വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്ക് കേന്ദ്രവിഹിതത്തിന്റെ 12% വരെ ചെലവഴിക്കാം.

അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏജൻസികളെ തെരഞ്ഞെടുക്കുന്നതിന് കഴിയും. ടെണ്ടർ ഡോക്യുമെന്റ് തയ്യാറാക്കുന്നതിന് ശുചിത്വ മിഷൻ പിന്തുണ നൽകും.

F. സോക്ക്പിറ്റ്

അടുക്കളയിൽ നിന്നും, തുണികഴുകുന്നതിന്റെ ഭാഗമായും കുളിമുറിയിൽ നിന്നും മറ്റുമുള്ള പാഴ്ജലം കൃത്യമായും ശാസ്ത്രീയമായും സംസ്കരിച്ചില്ലെങ്കിൽ അവ പലവിധത്തിൽ ദോഷകരമാവും. കൊതുകുജന്യ രോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിക്കുന്ന സാഹചര്യത്തിൽ ഇതിന് വലിയ പ്രാധാന്യമുണ്ട്. മഹാത്മാഗാന്ധി ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വീടുകൾക്ക് സോക്ക്പിറ്റ് സൗകര്യങ്ങൾ ലഭ്യമാക്കാവുന്നതാണ്.

III നിർമ്മാണ പൊളിക്കൽ മാലിന്യ പരിപാലന സംവിധാനം

കെട്ടിടങ്ങൾ പൊളിക്കുന്നതും നിർമ്മിക്കുന്നതുമായ പ്രവർത്തനത്തിന്റെ ഭാഗമായി രൂപപ്പെടുന്ന മാലിന്യങ്ങളാണ് കൺസ്ക്രക്ഷൻ & ഡിമോളിഷൻ വേസ്റ്റ് . ജില്ലാ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തുകൾക്കോ ബ്ലോക്ക് അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾക്കോ മുനിസിപ്പാലിറ്റികൾക്കോ, മുനിസിപ്പൽ കോർപ്പറേഷനുകൾക്കോ അവരുടെ പരിധിയിൽ ഇത്തരം മാലിന്യങ്ങൾക്കായുള്ള പരിപാലന സംവിധാന പദ്ധതികൾ നടപ്പാക്കാം. സാങ്കേതിക പിന്തുണയും ഭാഗിക സാമ്പത്തിക പിന്തുണയും ശുചിത്വമിഷൻ ലഭ്യമാക്കും. ത്രിതല സ്ഥാപനങ്ങൾക്ക് പൂർണ്ണമായും അവരുടെ ഫണ്ട് വിനിയോഗിച്ചോ, ഭാഗികമായി ശുചിത്വമിഷൻ ഫണ്ട് പ്രയോജനപ്പെടുത്തിയോ പദ്ധതി തയ്യാറാക്കാം.

എങ്ങനെ സ്ഥാപിക്കാം

- ഇത്തരം മാലിന്യങ്ങൾ സംഭരിക്കുന്നതിനായി നഗര തദ്ദേശ സ്ഥാപനങ്ങൾ പ്രത്യേകം സ്ഥലം കണ്ടെത്തി ഇവ സംസ്കരിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാവുന്നതാണ്.
- നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന എസ്റ്റിമേറ്റ് പ്രകാരം ശുചിത്വ മിഷനിൽ നിന്നും നഗര തദ്ദേശ സ്ഥാപനങ്ങൾക്ക് തുക അനുവദിക്കുന്നതാണ്. ഒരു പ്ലാന്റിന് പരമാവധി 8 കോടി രൂപ വരെയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുവാൻ സാധിക്കുക.
- ആകെ എസ്റ്റിമേറ്റ് തുകയുടെ 25% തുക ശുചിത്വ മിഷിൽ നിന്നും അനുവദിക്കുന്നതാണ്. ആയതിനുള്ള പ്രൊപ്പോസൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി ശുചിത്വ മിഷനിൽ സമർപ്പിക്കുന്നപക്ഷം ആയത് സാങ്കേതികമായി പരിശോധിച്ച് അനുയോജ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

IV ആധുനിക അറവുശാലകൾ

അറവുമാലിന്യങ്ങളുടെ ശാസ്ത്രീയ പരിപാലനം ഉറപ്പുവരുത്തേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ ഒന്നാണ്. തദ്ദേശസ്ഥാപന പരിധിയിലെ ഓരോ മാംസവ്യാപാരിയും ഇത്തരം പൊതുസൗകര്യങ്ങൾ ഒരുചെറിയ ഫീസ് നൽകി പ്രയോജനപ്പെടുത്തുകയും അവയുടെ അവശിഷ്ടങ്ങൾ ഈ പൊതുസൗകര്യങ്ങളുടെ ഭാഗമായുള്ള ശാസ്ത്രീയ സംസ്കരണ മാർഗ്ഗത്തിൽ സംസ്കരിക്കുകയും വേണം. അറവുമാലിന്യങ്ങളെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിനുള്ള സൗകര്യങ്ങളും ഇതോടൊപ്പം സജ്ജമാക്കണം.

ശുചിത്വമിഷൻ പിന്തുണ : പദ്ധതി (ഡിപിആർ) തയ്യാറാക്കുന്നതിനും പദ്ധതി നടത്തിപ്പിനുമുള്ള സാങ്കേതിക പിന്തുണ

സ്കീം :ശുചിത്വകേരളം

V ആധുനിക ശ്മശാനങ്ങൾ

മൃതശരീരം മറവ് ചെയ്യുന്നതിനുള്ള സ്ഥലലഭ്യത കുറവ് പരിഹരിക്കുന്നതിനും എല്ലാവർക്കും ഇതിനായുള്ള സൗകര്യമൊരുക്കുന്നതിനും ആധുനിക ശ്മശാന സൗകര്യങ്ങൾ എല്ലാ തദ്ദേശസ്ഥാപന പരിധിയിലും ആവശ്യമായി മാറിയിരിക്കുന്നു.

സാങ്കേതിക വിദ്യ: പാചക/പ്രകൃതി വാതകം ഇന്ധനമാക്കികൊണ്ടുള്ള ആധുനികവും ശാസ്ത്രീയവുമായ സംവിധാനങ്ങളോടുകൂടി പ്രവർത്തിക്കുന്നതാണ് ആധുനിക വാതക ശ്മശാനം.

എങ്ങനെ സ്ഥാപിക്കാം : ശുചിത്വ മിഷൻ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖപ്രകാരം പദ്ധതി തയ്യാറാക്കി 14.10.2020ലെ സ.ഉ(ആർ.റ്റി)നം.1898/2020/തസ്വഭവ പ്രകാരം ജില്ലാ/സംസ്ഥാനതല സാങ്കേതിക സമിതിയിൽ നിന്നും സാങ്കേതിക അനുമതി വാങ്ങി ഓപ്പൺ ടെണ്ടറിലൂടെ പദ്ധതി നിർവ്വഹണം നടത്താം. ശുചിത്വ മിഷനിൽ നിന്നും ടി പദ്ധതിയ്ക്ക് ഫണ്ട് ലഭിക്കുന്നതല്ല.

മഴക്കാല പൂർവ്വ ശുചീകരണ ക്യാമ്പയിൻ

മൺസൂൺ മഴക്കാലത്തിന് മുന്നോടിയായി പകർച്ചവ്യാധി പ്രതിരോധത്തിന്റെ ഭാഗമായി പൊതു ഇടങ്ങൾ, സ്ഥാപനങ്ങൾ, ജലസ്രോതസ്സുകൾ എന്നിവയെ മാലിന്യമുക്തമാക്കി കൊതുകുകൾ മുട്ടയിട്ട് പെരുകുന്നതിനുള്ള സാഹചര്യവും ക്ഷുദ്രജീവി ശല്യവും ഒഴിവാക്കുക എന്നതാണ് ക്യാമ്പയിനിന്റെ ലക്ഷ്യം. ബഹുജന പങ്കാളിത്തത്തോടെ ഓരോ വർഷവും ക്യാമ്പയിൻ മാതൃകയിൽ പ്രസ്തുത പ്രവർത്തനം നടത്തി വരുന്നു. തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ്, തദ്ദേശ സ്ഥാപനങ്ങൾ എന്നിവയുടെ മേൽനോട്ടത്തിലാണ് ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. ശുചീകരണ പ്രവർത്തനങ്ങൾക്കായി ശുചിത്വ മിഷൻ ഫണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചുവരുന്നു.

- **ഫണ്ട് വിശദാംശങ്ങൾ**

ഗ്രാമപഞ്ചായത്തുകൾക്ക് വാർഡ് ഒന്നിന് - 10,000 രൂപ

നഗരസഭകൾക്ക് വാർഡ് ഒന്നിന് - 10,000 രൂപ

മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് വാർഡ് ഒന്നിന് - 20,000 രൂപ

എന്ന ക്രമത്തിലാണ് ശുചിത്വ മിഷനിൽ നിന്ന് മഴക്കാല പൂർവ്വ ശുചീകരണ ക്യാമ്പയിന് തദ്ദേശ സ്ഥാപനങ്ങൾക്ക് തുക അനുവദിക്കുന്നത്.

ഇത് കൂടാതെ ദേശീയ ആരോഗ്യദൗത്യത്തിൽനിന്നും വാർഡൊന്നിന് 10000/- രൂപ ഇതേ പ്രവർത്തനങ്ങൾക്ക് തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്നുണ്ട്. ഒപ്പം തദ്ദേശ സ്ഥാപനങ്ങൾക്ക് തനത് ഫണ്ടിൽ വാർഡൊന്നിന് 5000 രൂപ വീതം ചെലവഴിക്കുന്നതിനും അനുമതിയുണ്ട്. അത്തരത്തിൽ മേൽ പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത്/നഗരസഭകൾക്ക് വാർഡ് ഒന്നിന് 25,000/- രൂപ വരെയും കോർപ്പറേഷനുകൾക്ക് 35,000/- രൂപ വരെയും ചെലവഴിക്കാവുന്നതാണ്. ☐

ലേഖകൻ ശുചിത്വമിഷനിൽ പ്രോഗ്രാം ഓഫീസറാണ്

കെട്ടിട നിർമ്മാണാനുമതി അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ

▸ എല്ലാത്തരം കെട്ടിടം നിർമ്മിക്കുന്നതിനും പഞ്ചായത്തിന്റെ/ മുനിസിപ്പാലിറ്റിയുടെ അനുമതി (പെർമിറ്റ്) ആവശ്യമാണോ?

2019 ലെ കെ.എം.ബി.ആർ., കെ.പി.ബി.ആർ. ചട്ടം 4(1) പ്രകാരം ഏതൊരു കെട്ടിടം നിർമ്മിക്കുന്നതിനും പുനർനിർമ്മിക്കുന്നതിനും കൂട്ടിച്ചേർക്കുന്നതിനും വിപുലീകരിക്കുന്നതിനും മാറ്റം വരുത്തുന്നതിനും നിലവിലെ കെട്ടിടത്തിന്റെ വിനിയോഗം മാറ്റുന്നതിനും പ്ലോട്ട് തിരിച്ചുള്ള ഏതൊരു ഭൂവികസനത്തിനും പുനർവികസനത്തിനും പഞ്ചായത്ത്/മുനിസിപ്പാലിറ്റി സെക്രട്ടറിയുടെ അനുമതി ലഭ്യമാക്കേണ്ടതാണ്. എന്നാൽ ചട്ടം 7 ൽ പ്രതിപാദിക്കുന്ന കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടത്തുന്ന ചില operational നിർമ്മാണ പ്രവർത്തനങ്ങൾക്കും ചട്ടം 8 ൽ പ്രതിപാദിക്കുന്ന കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട ചില ജോലികൾക്കും ചട്ടം 67 ൽ പ്രതിപാദിക്കുന്ന ചില അനുബന്ധ കെട്ടിടങ്ങൾക്കും ഷെഡ്ഡുകൾക്കും കെ.പി.ബി.ആർ. ചട്ടം 8 പ്രകാരം കുടിലുകൾക്കും കാറ്റഗറി-II പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന 100 ചതുരശ്രമീറ്റർ വരെ ബിൽറ്റ് അപ്പ് ഏര്യ ഉള്ള ഏകകുടുംബ വാസഗൃഹങ്ങൾക്കും കെട്ടിടനിർമ്മാണ ചട്ട പ്രകാരമുള്ള അനുമതി ആവശ്യമില്ല. എന്നാൽ ഇവ കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായിരിക്കണം.

കൂടാതെ ചട്ടം 5(3) പ്രകാരം സർക്കാർ (State Government/Central Government) കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് പെർമിറ്റ് ലഭ്യമാക്കേണ്ടതില്ല. എന്നാൽ പ്രസ്തുത നിർമ്മാണം കെട്ടിടനിർമ്മാണ ചട്ടങ്ങൾ, ടി പ്രദേശത്ത് നിലവിലുള്ള നഗരാസൂത്രണ പദ്ധതികളിലെ വ്യവസ്ഥകൾ എന്നിവ പാലിക്കുന്നുണ്ടെന്നുള്ള ചീഫ് ആർക്കിടെക്റ്റിന്റെയോ അല്ലെങ്കിൽ ടി നിർമ്മാണത്തിന്റെ ചുമതലയുള്ള എഞ്ചിനീയറുടെയോ സാക്ഷ്യപത്രം വിഭാവിത കെട്ടിടത്തിന്റെ ഒരു സെറ്റ് Drawings, ആവശ്യമുള്ള മറ്റുവിവരങ്ങൾ എന്നിവ സഹിതം നിർമ്മാണം തുടങ്ങുന്നതിന് 30 ദിവസം മുമ്പ് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.

▸ മതില് കെട്ടുന്നതിന് അനുമതി ആവശ്യമോ?

ചട്ടം 69 പ്രകാരം പൊതുനിരത്തിനോടോ പൊതുസ്ഥലത്തിനോടോ പൊതു ജലാശയത്തിനോടോ ചേർന്നു നിർമ്മിക്കുന്ന മതിലിന് അനുമതി ലഭ്യമാക്കേണ്ടതാണ്. മറ്റുള്ള വശത്ത് മതിൽ കെട്ടുന്നതിന് അനുമതി ആവശ്യമില്ല. എന്നാൽ അനുമതി ആവശ്യമുള്ള സംഗതിയിൽ ചട്ടപ്രകാരമുള്ള ഫീസ് അടയ്ക്കേണ്ടതാണ്. കൂടാതെ നിർമ്മാണം പൂർത്തിയായ ശേഷം ചട്ടം 71 പ്രകാരം completion report സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.

▸ കിണർ കുഴിക്കുന്നതിന്/സെപ്റ്റിക് ടാങ്ക് കെട്ടുന്നതിന് അനുമതി ആവശ്യമാണോ?

അനുമതി ആവശ്യമാണ്. കിണർ കുഴിക്കുന്നതിന് ലഭ്യമാക്കേണ്ട അനുമതിയുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ചട്ടം 75 ൽ പ്രതിപാദിക്കുന്നു. സെപ്റ്റിക് ടാങ്കിന് ചട്ടം 79(4) അനുസരിച്ച് ഏകകുടുംബ വാസഗൃഹങ്ങൾക്ക് പ്ലോട്ട് അതിരിൽ നിന്നും 30 സെന്റീമീറ്റർ അകലത്തിലും മറ്റു നിർമ്മാണങ്ങൾക്ക് പ്ലോട്ട് അതിരിൽ നിന്നും 1.2 മീറ്റർ അകലത്തിലും സെപ്റ്റിക് ടാങ്ക് നിർമ്മിക്കാവുന്നതാണ്. പക്ഷേ ചട്ടം 23(1) പ്രകാരം notified റോഡിനോടോ 6 മീറ്ററിൽ കൂടുതൽ വീതിയുള്ള un notified റോഡിനോടോ ചേർന്ന് വരുന്ന പ്ലോട്ട് അതിർത്തിയിൽ നിന്നും 3 മീറ്റർ അകലം വിട്ടു മാത്രമേ ഇത്തരത്തിലുള്ള നിർമ്മാണങ്ങൾ പാടുള്ളൂ.

▸ കെട്ടിടനിർമ്മാണ അനുമതി അപേക്ഷ നൽകിയതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ യഥാസമയം നടപടി സ്വീകരിക്കുന്നില്ലെങ്കിൽ എന്ത് നടപടി എടുക്കണം?

Deemed Permit എന്നാൽ എന്താണ്?

ചട്ടം 14 പ്രകാരം കെട്ടിടനിർമ്മാണ അനുമതിക്കായുള്ള അപേക്ഷ ലഭ്യമായി 30 ദിവസത്തിനുള്ളിൽ സെക്രട്ടറി തീരുമാനം കൈക്കൊള്ളാത്തപക്ഷം പ്രസ്തുത അപേക്ഷ പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷകന് പഞ്ചായത്ത് കമ്മിറ്റിക്ക്/നഗരസഭ കൗൺസിലിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. പഞ്ചായത്ത് കമ്മിറ്റിക്ക്/ നഗരസഭ കൗൺസിലിന് അപേക്ഷ സമർപ്പിച്ച് 30 ദിവസത്തിനകം പഞ്ചായത്ത് കമ്മിറ്റി/നഗരസഭ കൗൺ സിൽ തീരുമാനം തീരുമാനം കൈക്കൊള്ളുന്നില്ലെങ്കിൽ സമർപ്പിച്ച അപേക്ഷ പ്രകാരമുള്ള നിർമ്മാണം തുടങ്ങുന്നുവെന്ന് കാണിച്ച് സെക്രട്ടറിക്ക് കത്ത് നൽകിയശേഷം കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി അപേക്ഷകന് കെട്ടിടനിർമ്മാണം തുടങ്ങാവുന്നതാണ്. ഇങ്ങനെയുള്ള അവസരത്തിൽ അപേക്ഷകൻ നൽകുന്ന കത്തിന്റെ പകർപ്പിൽ സെക്രട്ടറി ഒപ്പ് രേഖപ്പെടുത്തി ഓഫീസ് സീൽ പതിപ്പിച്ച് കത്ത് ലഭിച്ചതായി സാക്ഷ്യപ്പെടുത്തി അപേക്ഷകന് നൽകേണ്ടതാണ്. ഇത് Deemed Permit ആയി കണക്കാക്കുന്നതാണ്.

▸ പുരയിടത്തിൽ മണ്ണിട്ട് ഉയർത്തുന്നതിന്/മണ്ണ് എടുത്തുമാറ്റുന്നതിന് കെട്ടിട നിർമ്മാണ ചട്ട പ്രകാരം അനുമതി ആവശ്യമാണോ?

മണ്ണ് എടുത്തുമാറ്റുക/മണ്ണിട്ട് ഉയർത്തുക

എന്നത് മാത്രമാണ് പ്രവൃത്തിയെങ്കിൽ കെട്ടിടനിർമ്മാണ ചട്ട പ്രകാരം അനുമതി ആവശ്യമില്ല. എന്നാൽ ഇവിടെ മറ്റ് വകുപ്പുകളുടെ അനുമതി ആവശ്യമാണെങ്കിൽ ആയതു ലഭ്യമാക്കേണ്ടതാണ്. ചട്ടം 4 പ്രകാരം ഭൂമി പ്ലോട്ടുകളായി തിരിക്കുന്ന തരത്തിലുള്ള വികസനത്തിനോ പുനർവികസനത്തിനോ ആണെങ്കിൽ സെക്രട്ടറിയിൽ നിന്ന് ഡെവലപ്മെന്റ് പെർമിറ്റ് ലഭ്യമാക്കേണ്ടതാണ്. (ചട്ടം 5 (1) 31).

▸ പ്ലോട്ട് സബ്ഡിവിഷനും, അങ്ങനെ വിഭജിച്ച പ്ലോട്ടിലെ നിർമ്മാണങ്ങൾക്കും അനുമതികൾ ഒരുമിച്ച് ലഭിക്കുമോ?

അനുമതി ഒരുമിച്ച് ലഭിക്കുന്നതാണ്. എന്നാൽ ഡെവലപ്മെന്റ് പെർമിറ്റ്, ബിൽഡിംഗ് പെർമിറ്റ് എന്നിവ പ്രത്യേകമായി നേടേണ്ടതാണ്.

കേസ്-1

ഒരു പ്ലോട്ട് പല പ്ലോട്ടുകളായി വിഭജിക്കുകയും വിഭജിക്കുന്ന എല്ലാ പ്ലോട്ടുകളിലും നിർമ്മാണം നടത്താൻ ഉദ്ദേശിക്കുകയും ചെയ്യുന്നുവെങ്കിൽ കെട്ടിടനിർമ്മാണ അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന സൈറ്റ് പ്ലാനിൽ പ്ലോട്ട് സബ്ഡിവിഷനും വിഭജിച്ച പ്ലോട്ടുകളിലെ വിഭാവിത നിർമ്മാണവും ചട്ടത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതുപോലെ രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്. ഇതോടൊപ്പം വിഭാവിത നിർമ്മാണത്തിന്റെ detailed drawings കൂടി സമർപ്പിക്കേണ്ടതാണ്. പ്രസ്തുത അപേക്ഷ അംഗീകരിക്കുന്നപക്ഷം പ്ലോട്ട് വിഭജനത്തിന് ഡെവലപ്മെന്റ് പെർമിറ്റും കെട്ടിടനിർമ്മാണത്തിന് ബിൽഡിംഗ് പെർമിറ്റും സെക്രട്ടറി നൽകുന്നതാണ്.

കേസ്-2

ഒരു പ്ലോട്ടിനെ 11 പ്ലോട്ടുകളായി വിഭജിക്കുകയും അതിൽ 1,2,8 എന്നീ പ്ലോട്ടുകളിൽ മാത്രം കെട്ടിടം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സാഹചര്യത്തിൽ കെട്ടിടനിർമ്മാണ അപേക്ഷയോടൊപ്പം ടി പ്ലോട്ട് വിഭജനവും 1,2,8 എന്നീ പ്ലോട്ടുകളിലെ വിഭാവിത നിർമ്മാണം കാണിച്ച കൊണ്ടുള്ള സൈറ്റ്പ്ലാനും വിഭാവിത നിർമ്മാണത്തിന്റെ detailed drawings ഉം സമർപ്പിക്കേണ്ടതാണ്. ടി അപേക്ഷ അംഗീകരിക്കുന്ന പക്ഷം പ്ലോട്ട് വിഭജനത്തിന് ഡെവലപ്മെന്റ് പെർമിറ്റും 1,2,8 പ്ലോട്ടുകളിലെ വിഭാവിത നിർമ്മാണത്തിന് ബിൽഡിംഗ് പെർമിറ്റും സെക്രട്ടറി നൽകുന്നതാണ്. മറ്റ് പ്ലോട്ടുകളിൽ നിർമ്മാണം ഉദ്ദേശിക്കുമ്പോൾ അതാത് പ്ലോട്ടുകളിലെ നിർമ്മാണം കാണിച്ചുകൊണ്ട് ബിൽഡിംഗ് പെർമിറ്റിനായി ചട്ടപ്രകാരം പ്രത്യേകമായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപ്രകാരം അപേക്ഷ നൽകുമ്പോൾ അംഗീകൃത ലേഔട്ട് പ്ലാനിന്റെ പകർപ്പുകൂടി സമർപ്പിക്കേണ്ടതാണ്.

▸ ഒരു പുരയിടത്തിൽ ഉള്ള നിർമ്മാണം unauthorised എന്ന കാരണത്താൽ അതേ പുരയിടത്തിലെ മറ്റൊരു നിർമ്മാണത്തിന് പെർമിറ്റ് നിരസിക്കുമോ?

നിരസിക്കുന്നതാണ്. ചട്ടം 3(1) രണ്ടാമത്തെ പ്രൊവിസോ പ്രകാരം സൈറ്റും നിലവിലുള്ള കെട്ടിടങ്ങളും അംഗീകൃതമാണെങ്കിൽ മാത്രമേ ടി സൈറ്റിൽ പുതിയ നിർമ്മാണങ്ങളും നിലവിലുള്ള കെട്ടിടത്തോട് ചേർന്നുള്ള കൂട്ടിചേർക്കലുകൾ/ വിപുലീകരണങ്ങൾ എന്നിവയും അനുവദിക്കുകയുള്ളൂ.

▸ ചീഫ് ടൗൺ പ്ലാനർ/ടൗൺപ്ലാനറുടെ ലേ ഔട്ട് അംഗീകാരം ലഭിച്ച നിർമ്മാണങ്ങളിൽ ചെറിയതരം മാറ്റങ്ങൾ വരുത്തി റിവൈസ്ഡ് പെർമിറ്റ് വാങ്ങിക്കുന്ന അവസരത്തിൽ വീണ്ടും ചീഫ് ടൗൺ പ്ലാനർ/ടൗൺപ്ലാനറുടെ ലേ ഔട്ട് അംഗീകാരം ആവശ്യമാണോ?

ചട്ടം 5(6)(4) പ്രകാരം ജില്ലാ ടൗൺ പ്ലാനർ/ചീഫ് ടൗൺ പ്ലാനറുടെ ലേ ഔട്ട് അംഗീകാരം ലഭിച്ച നിർമ്മാണങ്ങളിൽ ഒക്കുപ്പൻസിക്ക് മാറ്റം വരുത്താതെ മൊത്തം ബിൽറ്റ് അപ്പ് വിസ്തീർണ്ണത്തിന്റെ 5% വരെ എന്നാൽ പരമാവധി 500 ചതുരശ്രമീറ്റർ വരെയുള്ള, ചട്ടലംഘനം ഇല്ലാതെയുള്ള വ്യതിയാനങ്ങൾക്ക് പുതുക്കിയ ലേ ഔട്ട് അംഗീകാരം ആവശ്യമില്ല. എന്നാൽ അംഗീകൃത പ്ലാനിൽ നിന്നും ഗൗരവമേറിയ വ്യതിയാനങ്ങൾ വന്നിട്ടുണ്ടെങ്കിൽ പുതുക്കിയ ലേ ഔട്ട് അംഗീകാരം ലഭ്യമാക്കേണ്ടതാണ്. ഉദാഹരണത്തിന്, വ്യതിയാനം വരുന്ന വിസ്തീർണ്ണം അഗീകൃതപരിധിക്കുള്ളിലാണെങ്കിലും ആ വ്യതിയാനത്തിലൂടെ നിർമ്മാണം ഹൈറൈസ് ഗണത്തിലേക്ക് മാറുമെങ്കിൽ അതിനെ ഗൗരവമായ വ്യതിയാനമായി കണക്കാക്കാം. കൂടാതെ കെട്ടിടത്തിന്റെ ഉയരം കൂടുന്നതുമൂലം ചട്ടപ്രകാരം നൽകേണ്ടുന്ന സെറ്റ് ബാക്ക് ലഭ്യമാകുന്നില്ലെങ്കിൽ ആയതിനെ ഗൗരവമേറിയ വ്യതിയാനമായി കണക്കാക്കാവുന്നതാണ്.

എന്നാൽ അംഗീകൃത പ്ലാനിൽ കാണിച്ചിരിക്കുന്ന പ്ലോട്ടിനോട് പുതിയ വസ്തു വാങ്ങിച്ചേർക്കുന്ന അവസരത്തിൽ റിവൈസ്ഡ് ലേ ഔട്ട് അപ്രൂവൽ ലഭ്യമാക്കേണ്ടതില്ല. പക്ഷേ അംഗീകൃത പ്ലാനിൽ കാണിച്ചിരിക്കുന്ന പ്ലോട്ടിന്റെ ഒരുഭാഗം വിൽക്കുകയാണെങ്കിൽ പുതിയ പെർമിറ്റും ലേ ഔട്ട് അപ്രൂവലും ലഭ്യമാക്കേണ്ടതാണ്.

▸ പെർമിറ്റ് ലഭിച്ച കെട്ടിടത്തിന്റെ സ്ഥാനം, കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനമില്ലാതെ മാറ്റുകയാണെങ്കിൽ വീണ്ടും പെർമിറ്റ് വാങ്ങേണ്ട ആവശ്യമുണ്ടോ?

മറ്റ് വകുപ്പുകളുടെ എൻ.ഒ.സി./ലേ ഔട്ട് അപ്രൂവലിനെ ബാധിക്കുന്നില്ലെങ്കിൽ ആവശ്യമില്ല. എന്നാൽ കെട്ടിടനമ്പർ ലഭിക്കുന്നതിനായി സെക്രട്ടറിക്ക് സമർപ്പിക്കുന്ന കംപ്ലീഷൻ പ്ലാനിൽ കെട്ടിടത്തിന്റെ പുതിയ സ്ഥാനം കാണിച്ചിരിക്കേണ്ടതാണ്. ലൊക്കേഷൻ മാറ്റുന്നതുകൊണ്ട് മറ്റേതെങ്കിലും വകുപ്പിന്റെ എൻ.ഒ.സി./ലേ ഔട്ട് അപ്രൂവൽ ആവശ്യമുണ്ടെങ്കിൽ ആയത് ലഭ്യമാക്കി പുതിയ പെർമിറ്റ് നേടേണ്ടതാണ്. (ചട്ടം 8 പ്രൊവിസോകൾ പ്രകാരം)

▸ ചട്ടം 10(12) ൽ പറഞ്ഞിരിക്കുന്ന ടെക്നിക്കൽ എക്സ്പെർട്ട് കമ്മിറ്റി എല്ലാ തദ്ദേശഭരണ സ്ഥാപനത്തിലും ഉണ്ടോ? അതോ ആവശ്യം വരുന്ന സാഹചര്യത്തിൽ രൂപീകരിക്കുകയാണോ?

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ചട്ടം 10(12) ൽ പ്രതിപാദിക്കുന്ന ടെക്നിക്കൽ എക്സ്പെർട്ട് കമ്മിറ്റി സർക്കാർ ഉത്തരവിനാൽ പ്രത്യേകം രൂപീകരിക്കേണ്ടതാണ്.

▸ ചട്ടം 15(4) ൽ 5 വർഷ കാലാവധി കഴിഞ്ഞ ബിൽഡിംഗ് പെർമിറ്റ്, പെർമിറ്റ് ലഭിച്ച തീയതി മുതൽ 10 വർഷം അധികരിക്കാത്ത വിധം സെക്രട്ടറിക്ക് പുതുക്കി കൊടുക്കാൻ അധികാരമുണ്ടെന്ന് വ്യക്തമാക്കിയിരിക്കുന്നു. പെർമിറ്റ് ലഭിച്ചിട്ട് ഒൻപതു വർഷം കഴിഞ്ഞ ബിൽഡിംഗ് പെർമിറ്റ് പുതുക്കുമ്പോൾ തുടർന്ന് എത്ര വർഷത്തേക്ക് സെക്രട്ടറിക്ക് പെർമിറ്റ് പുതുക്കി നൽകാൻ സാധിക്കും?

ചട്ടപ്രകാരം ഒരു വർഷത്തേക്ക് മാത്രമേ സാധിക്കുകയുള്ളൂ. എന്നാൽ പെർമിറ്റിന്റെ മൊത്തം കാലയളവ് ആദ്യ പെർമിറ്റ് നൽകിയ തീയതി മുതൽ പത്തു വർഷത്തിൽ അധികരിക്കരുത്.

☐

കടപ്പാട് : നഗരഗ്രാമാസൂത്രണവകുപ്പ്

വാർത്തകൾ വിശേഷങ്ങൾ

ജലജീവൻ മിഷൻ ടൈഡ്ഫണ്ട് - ഉപയോഗം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് പ്രകാരം മാലിന്യ സംസ്കരണം,കുടിവെള്ളം എന്നീ നിർണായക മേഖലകളിൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കേന്ദ്ര-സംസ്ഥാന വിഹിതത്തിന് ഉപരിയായി അധികതുക അനുവദിക്കുന്നതിനാണ് ടൈഡ് ഫണ്ട് വിഹിതം കണക്കാക്കിയിട്ടുള്ളത്. ഇതുപ്രകാരം പ്രാദേശിക സർക്കാരുകൾക്ക് ജലജീവൻ മിഷന്റെ സംസ്ഥാന വിഹിതത്തിന് ഉപരിയായി ടൈഡ്ഫണ്ട് ആവശ്യമായി വരുന്നപക്ഷം ഉപയോഗിക്കാവുന്നതാണ്.

സർക്കുലർ നം. ഡി.എ.1/278/2020-ത.സ്വ.ഭ.വ. തീയതി. 18.03.2021

മുൻഗണനാ വിഭാഗത്തിൽ ഉള്ളവർക്ക് വാക്സിൻ നൽകുന്നതിന് മാർഗ്ഗരേഖ

പൊതുവിഭാഗത്തിൽ 60 വയസ്സിന് മുകളിലുള്ള മുതിർന്ന പൗരന്മാർ, 45 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള ഗുരുതര രോഗം ബാധിച്ചവർ, വിട്ടുമാറാത്ത രോഗം ബാധിച്ചവർ എന്നിവരെ മുൻഗണനാ വിഭാഗത്തിൽപ്പെടുത്തി നൽകിവരുന്ന കൊവിഡ് വാക്സിൻ എല്ലാവർക്കും എടുക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

സർക്കുലർ നം. ഡി.സി. 1/56/2021/ത.സ്വ.ഭ.വ. തീയതി. 18.03.2021

ഭൂമി ആർജ്ജിക്കുന്നതിനുള്ള അനുമതി-നിബന്ധനകൾ പുറപ്പെടുവിച്ചു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിവിധ ആവശ്യങ്ങൾക്കായി ഭൂമി ആർജ്ജിക്കുന്നതിന് സർക്കാർ അനുമതി തേടുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ പുറപ്പെടുവിച്ചു. നിശ്ചിത പ്രൊഫോർമയിൽ ആവശ്യമായ രേഖകൾ സഹിതം വകുപ്പ് മേധാവിയുടെ വ്യക്തമായ അഭിപ്രായം/ശിപാർശ സഹിതമായിരിക്കണം വസ്തു ആർജ്ജിക്കുന്നതിനുള്ള അനുമതി തേടിക്കൊണ്ടുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കേണ്ടത്.

സർക്കുലർ നം. ആർ.സി.1/93/2020/ത.സ്വ.ഭ.വ. തീയതി 18.03.2021

അങ്കണവാടി കെട്ടിടങ്ങളുടെ വാടക പുതുക്കി നിശ്ചയിക്കുന്നതിനുള്ള അധികാരം

അങ്കണവാടി കെട്ടിടങ്ങളുടെ വാടക പുതുക്കി നിശ്ചയിക്കുന്നതിനുള്ള അധികാരം ശിശുവികസന പദ്ധതി ഓഫീസർമാർക്കും വാടക അംഗീകരിച്ചു നൽകുന്നതിനുള്ള അധികാരം ജില്ലാതല ഐസിഡിഎസ് സെൽ പ്രോഗ്രാം ഓഫീസർമാർക്കും നൽകി ഉത്തരവായി.

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ ഉത്തരവ് നം. ICDS/B5-30277/19 തീയതി. 07.01.2021

ബജറ്റ് തുക പൂർണ്ണമായും ചെലവഴിച്ച പഞ്ചായത്തുകൾക്ക് അധിക തുക അനുവദിച്ചു

2020- 21 സാമ്പത്തികവർഷത്തെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഒഴികെയുള്ള വികസന ഫണ്ട് 90 ശതമാനത്തിനു മുകളിൽ ചെലവഴിച്ച പ്രാദേശിക സർക്കാരുകൾക്ക് അധികമായി തുക അനുവദിക്കുന്നതിന് ഉത്തരവായി.

സ. ഉ.(സാധാ.) നം. 2247/2021/ധന തീയതി. 12.03.2021

കെട്ടിടനിർമ്മാണ അനുമതി/ഒക്കുപ്പൻസി അനുവദിക്കുന്നതിന് പൊതു നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കെട്ടിട നിർമ്മാണാനുമതി/കെട്ടിടനമ്പർ/ ഒക്കുപ്പൻസി എന്നിവ അനുവദിക്കുന്നതിനും ബന്ധപ്പെട്ട ഫയലുകൾ കൈകാര്യം ചെയ്യുന്നതിനുമുള്ള പൊതു നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

സർക്കുലർ നം. ആർ.എ.1/77/2021/ത.സ്വ.ഭ.വ. തീയതി. 12.02.2021

പരാതികളിന്മേൽ അന്വേഷണ റിപ്പോർട്ട് - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

അന്വേഷണ ഉദ്യോഗസ്ഥർ പരാതികളിന്മേൽ അന്വേഷണ റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്ക് ഫീൽഡ് വെരിഫിക്കേഷൻ നടത്തുന്ന വേളയിൽ പരാതി കക്ഷിയേയും എതിർ കക്ഷിയേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും നേരിൽ കേട്ട് മൊഴി രേഖപ്പെടുത്തി ആയതിന്റെയും അനുബന്ധരേഖകളുടെയും പകർപ്പ് സഹിതം വ്യക്തമായ ശിപാർശയോടുകൂടി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കേണ്ടതാണെന്ന നിർദ്ദേശം പുറപ്പെടുവിച്ചു.

സർക്കുലർ നം. PAN/2444/2020-D3(DP) തീയതി 01.03.2021

ഓംബുഡ്സ്മാനായി ജസ്റ്റിസ് (റിട്ട.) പിഎസ് ഗോപിനാഥൻ ചുമതലയേറ്റു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഓംബുഡ്സ്മാൻ ആയിരുന്ന ജസ്റ്റിസ് കെ കെ ദിനേശന്റെ ഉദ്യോഗകാലാവധി 2020 ഡിസംബർ 31ന് അവസാനിച്ചതിനാൽ സർക്കാർ ഉത്തരവായത് പ്രകാരം നിയമിതനായ ജസ്റ്റിസ് റിട്ടയേഡ് പിഎസ് ഗോപിനാഥൻ ഓംബുഡ്സ്മാന്റെ ചുമതല ഏറ്റെടുത്തു.

തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

പ്രതിരോധിക്കാം കൊവിഡ് മഹാമാരിയെ

■ ഡോ. ചിന്ത എസ്.

കൊവിഡ് 19 പകർച്ചവ്യാധി ഒരു മഹാമാരിയായി ലോകാരോഗ്യ സംഘടന പ്രഖ്യാപിച്ചിട്ട് മാർച്ച് 11ന് ഒരു വർഷം തികഞ്ഞു. ഒരു പൊതുജനാരോഗ്യ പ്രശ്നം എന്നതിനപ്പുറം ലോകരാജ്യങ്ങളുടെയെല്ലാം സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ-സാംസ്കാരിക മേഖലകളെ മുഴുവൻ നാളിതുവരെ ഉണ്ടാകാത്ത വിധം പ്രതികൂലമായി ബാധിച്ചുകൊണ്ട് കൊവിഡ് 19 എന്ന വൈറസ് വിനാശം വിതച്ചുകൊണ്ടേയിരിക്കുന്നു. ഡിസംബർ, ജനുവരി മാസത്തോടു കൂടി മിക്ക രാജ്യങ്ങളിലും അതിതീവ്രമായ രണ്ടാം തരംഗം പ്രത്യക്ഷപ്പെടുകയുണ്ടായി. എന്നിരുന്നാലും ശാസ്ത്രലോകത്തിന്റെ കഠിനപ്രയത്നത്താൽ ഒരു വർഷത്തിനകം തന്നെ ഈ പുതിയ വൈറസിനെതിരെ പ്രതിരോധ കുത്തിവയ്പ്പ് തയ്യാറാക്കുവാൻ കഴിഞ്ഞു എന്നത് ആശ്വാസവും പ്രത്യാശയും നല്കുന്ന ഒരു പുതുവൽസര സമ്മാനമായി നമുക്കനുഭവപ്പെട്ടു. ഈ വർഷത്തിന്റെ തുടക്കം മുതൽ തന്നെ ലോകരാജ്യങ്ങൾ തങ്ങളുടെ പൗരൻമാർക്ക് കൊവിഡ് 19 വാക്സിൻ നൽകുവാൻ ആരംഭിച്ചിരിക്കുന്നു. ജനുവരി 16 ന് ഇന്ത്യയിൽ നാളിതുവരെ കാണാത്തവിധം ബൃഹത്തായ ഒരു പ്രതിരോധ കുത്തിവയ്പ്പ് യജ്ഞം ആണ് ആരംഭിച്ചിരിക്കുന്നത്. ഇതിന്റെ ആദ്യഘട്ടത്തിൽ ആരോഗ്യപ്രവർത്തകരെയും

മുൻനിര പോരാളികളെയുമാണ് കുത്തിവയ്പ്പിനായി ഉൾപ്പെടുത്തിയത്. മാർച്ച് 1 മുതൽ തുടങ്ങിയ രണ്ടാംഘട്ടത്തിൽ, 60 വയസ്സിനു മുകളിൽ പ്രായമുള്ള മുതിർന്ന പൗരൻമാർക്കും, 45-59 വയസ്സിനിടയിൽ പ്രായമുള്ള, ഗൗരവമുള്ള ആരോഗ്യപ്രശ്നങ്ങളുള്ളവർക്കും കൊവിഡ് 19 പ്രതിരോധ കുത്തിവയ്പ്പ് നല്കി വരുന്നു. ഈ സാഹചര്യത്തിൽ കുത്തിവയ്പ്പ് എടുക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും, ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും സ്ഥിരം ഉന്നയിക്കപ്പെടുന്ന സംശയങ്ങളെക്കുറിച്ചും വിശദീകരിക്കാം.

കൊവിഡ് 19 പ്രതിരോധ കുത്തിവയ്പ്പ് എടുക്കേണ്ടതിന്റെ ആവശ്യകത

കേവലം ഒരു വർഷം കൊണ്ട് കൊവിഡ് 19 ലോകമെമ്പാടും 12 കോടിയിലധികം റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളും, 27 ലക്ഷത്തിലധികം റിപ്പോർട്ട് ചെയ്യപ്പെട്ട മരണങ്ങൾക്കും കാരണമായിരിക്കുന്നു. റിപ്പോർട്ട് ചെയ്യപ്പെടാത്ത കേസുകളും മരണങ്ങളും എത്ര അധികമായിരിക്കും എന്നു ഊഹിക്കാവുന്നതേയുള്ളൂ. ഇന്ത്യയിൽ മാർച്ച് മൂന്നാം വാരത്തിന്റെ അന്ത്യത്തിൽ 1.16 കോടി കേസുകളും 1,60,003 മരണങ്ങളും ആണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. കേരളത്തിലാകട്ടെ 11 ലക്ഷത്തിലധികം കേസുകളും 4500 നടുത്ത് മരണങ്ങളും റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഇന്ത്യയിൽ സെപ്റ്റംബർ മാസത്തിലെ വർദ്ധിത വ്യാപനത്താലുണ്ടായ ഏറ്റവും ഉയർന്ന കേസ് നിരക്കി (peak)നു ശേഷം, ദൈനംദിനം റിപ്പോർട്ട് ചെയ്യുന്ന കേസുക ളുടെ എണ്ണം 90,000 ത്തിന് മുകളിൽ എന്ന നിരക്കിൽ നിന്ന്, ജനുവരി മാസത്തോടുകൂടി 15,000 - 20,000 ദൈനംദിന കേസുകൾ എന്ന ആശ്വാസകരമായ സ്ഥിതിവിശേഷ ത്തിലേയ്ക്ക് എത്തിച്ചേർന്നിരുന്നുവെങ്കിൽ ഫെബ്രുവരി മാസത്തോടു കൂടി പല സംസ്ഥാനങ്ങളിലും കേസുകൾ കൂടുകയും മാർച്ച് പകുതിയോടുകൂടി ദൈനംദിനം 40,000 കേസുകളിൽ കൂടുതൽ റിപ്പോർട്ട് ചെയ്യുന്ന നിരക്കിൽ വൈറസ് വ്യാപനത്തിന്റെ രണ്ടാം തരംഗം ദൃശ്യമാവുകയാണ്. കേരളത്തിൽ ദൈനംദിനം 2000 ത്തിൽ താഴെ കേസുകളാണ് ഇപ്പോൾ റിപ്പോർട്ട് ചെയ്യുന്നത്. ഏറെക്കാലമായി 5000-7000 കേസുകൾ എന്ന ഉയർന്ന തോതിൽനിന്ന് ഫെബ്രുവരി മാസത്തിൽ മാത്രമാണ് നമുക്ക് കേസുകൾ തീരെ കുറഞ്ഞ ഒരു അവസ്ഥ കണ്ടത്. ലോകത്തിലെ വിവിധ പ്രദേശങ്ങളിൽ ഡിസംബർ-ജനുവരിയോടെ രണ്ടാം തരംഗം പ്രത്യക്ഷപ്പെട്ടതുകൊണ്ടുതന്നെ, ഇവിടെയും അത്തരം ഒരു സ്ഥിതിവിശേഷം സ്വാഭാവികമായി പ്രതീക്ഷിയ്ക്കേണ്ടത് തന്നെയാണ്. രണ്ടാംതരംഗത്തിൽ ആദ്യഘട്ടത്തെക്കാൾ കൂടുതൽ ശക്തിയോടെയാണ് രോഗവ്യാപനം നടന്നിരിയ്ക്കുന്നത്. വൈറസിന്റെ ജനിതകഘടനയിൽ സ്വാഭാവികമായി ഉണ്ടാകുന്ന വ്യതിയാനങ്ങൾ ഇതിന് ഒരു കാരണമാണ്. വ്യതിയാനങ്ങൾ (Variants) നൂറുകണക്കിന് റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഇത്തരം വൈറസുകളിൽ ഇത് സ്വാഭാവികമായി കണ്ടുവരുന്നതാണ്. എന്നാൽ ഇവയിൽ ചില Variants അപകടകാരികളാകാം. വ്യാപനസാദ്ധ്യത കൂടുതലുള്ള, ഗുരുതരമായ രോഗലക്ഷണങ്ങളും മരണങ്ങളും ഉണ്ടാക്കുന്ന തരത്തിലുള്ള Variants നെതിരെ നിരന്തര നിരീക്ഷണവും ജാഗ്രതയും നമ്മൾ ആരംഭിച്ചിരിക്കുന്നു. യു.കെ യിൽ പ്രത്യക്ഷപ്പെട്ട് മറ്റ് പല രാജ്യങ്ങളിലേയ്ക്കും പടർന്ന UK Variant അതിവ്യാപനസാദ്ധ്യതയുള്ള Virus Variant ന് ഒരു ഉദാഹരണമാണ്. ഇത്തരത്തിൽ ആശങ്കയുണ്ടാക്കിയ മറ്റ് രണ്ട് Variant കളാണ് Brazil variant ഉം SA(South Africa) Variant ഉം. പുതിയ Variant കൾ നമ്മുടെ പ്രതിരോധ പ്രവർത്തനങ്ങളെ പരുങ്ങലിലാക്കിയിരിക്കുകയാണ്. ഇവയ്ക്കെതിരെ നിലവിലുള്ള വാക്സിനുകളുടെ ഫലപ്രാപ്തിയെക്കുറിച്ചും ആശങ്കകൾ ഉയർന്നിട്ടുണ്ട്. നിലവിലെ വാക്സിനുകൾ UK Variant നെ പ്രതിരോധിയ്ക്കുന്നുണ്ട് എന്ന് കണ്ടെത്തിയെ

വ്യാപനസാദ്ധ്യത കൂടുതലുള്ള, ഗുരുതരമായ രോഗലക്ഷണങ്ങളും മരണങ്ങളും ഉണ്ടാക്കുന്ന തരത്തിലുള്ള Variants നെതിരെ നിരന്തര നിരീക്ഷണവും ജാഗ്രതയും നമ്മൾ ആരംഭിച്ചിരിക്കുന്നു. യു.കെ. യിൽ പ്രത്യക്ഷപ്പെട്ട് മറ്റ് പല രാജ്യങ്ങളിലേയ്ക്കും പടർന്ന UK Variant അതിവ്യാപനസാദ്ധ്യതയുള്ള Virus Variant ന് ഒരു ഉദാഹരണമാണ്.

ങ്കിലും മറ്റ് Variants നെ നേരിടാൻ ഒരു പക്ഷേ നിലവിലുള്ളവ അപര്യാപ്തമായേക്കാം.

ഈ സാഹചര്യത്തിൽ അതിവേഗം ജനസംഖ്യയുടെ നല്ലൊരു ശതമാനം ആളുകൾക്ക് പ്രതിരോധ കുത്തിവയ്പുകൾ നല്കിക്കൊണ്ട്, രോഗവ്യാപനം എത്രയും വേഗം തടയുക എന്നതാണ് ഏറ്റവും പ്രധാനം. ഇതുവഴി പുതിയ അപകടകാരികളായ Variantകൾ ഉണ്ടാകുന്നത് തടയുവാനാകും. ഊർജ്ജിതമായി തങ്ങളുടെ ജനങ്ങളിൽ ഭൂരിഭാഗം ആളുകളിലേയ്ക്കും പ്രതിരോധ കുത്തിവയ്പ് എത്തിച്ച രാജ്യങ്ങളിൽ രോഗവ്യാപനം കുറഞ്ഞു തുടങ്ങിയതിന്റെ സൂചനകൾ ലഭിക്കുന്നുണ്ട്. നീണ്ട ലോക് ഡൗണിനു ശേഷം വ്യാപാരസ്ഥാപനങ്ങളും സ്കൂളുകളും മറ്റ് വ്യവഹാരങ്ങളും തുറന്നു പ്രവർത്തിക്കുവാൻ തുടങ്ങിയ സാഹചര്യത്തിൽ രോഗവ്യാപനത്തിനുള്ള സാദ്ധ്യത കൂടുകയാണ്. നമ്മൾ ഇത്രയും കാലം അപകടസാദ്ധ്യത കൂടുതലുള്ള മുതിർന്ന പൗരൻമാരെയും അനുബന്ധ രോഗങ്ങളുള്ളവരെയും സംരക്ഷിച്ചു വരികയായിരുന്നു. നിയന്ത്രണങ്ങൾ കുറച്ചുകൊണ്ടു വരികയും സമ്പർക്കം കൂടുകയും ചെയ്ത സാഹചര്യത്തിൽ ഇക്കൂട്ടരിലേയ്ക്ക് രോഗം വ്യാപിക്കുകയും ഗുരുതരമായ രോഗാവസ്ഥയ്ക്കും മരണങ്ങൾക്കും സാദ്ധ്യത കൂടുകയും ചെയ്യുന്നു. അതിനാൽ തന്നെ രോഗം വന്നാൽ അപകടസാദ്ധ്യത കൂടുതലുള്ളവരെ മുൻഗണനാക്രമത്തിൽ കുത്തിവയ്പ് നല്കി വളരെ വേഗം തന്നെ പരമാവധി ആളുകളിൽ വൈറസിനെതിരെ പ്രതിരോധശക്തിയുണ്ടാക്കുക എന്നതാണ് നമ്മുടെ മുന്നിലെ പോംവഴി. മാർച്ച് മാസം പകുതി കഴിഞ്ഞപ്പോൾ ലോകമെമ്പാടും 39 കോടിയോളം ആളുകൾ പ്രതിരോധ കുത്തിവയ്പ് എടുത്തു കഴിഞ്ഞിരിക്കുന്നു. ഇന്ത്യയിൽ നാലര കോടി ജനങ്ങളെയും കേരളത്തിൽ 20 ലക്ഷത്തിലധികം ജനങ്ങളെയും ഇതിനകം വാക്സിനേറ്റ് ചെയ്തിരിക്കുന്നു. കേരളത്തിന്റെ ജനസംഖ്യയുടെ ആറ് ശതമാനത്തിനടുത്ത് ആളുകളാണ് കുത്തിവയ്പെടുത്തിരിക്കുന്നത്.

കൊവിഡ് 19 പ്രതിരോധത്തിന്റെ മറ്റു മേഖലകളെന്ന പോലെ തന്നെ വാക്സിനേഷന്റെ കാര്യത്തിലും കേരളം മികച്ച പ്രവർത്തനമാണ് കാഴ്ച വയ്ക്കുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം അതിവേഗം കുത്തിവയ്പുകൾ നൽകി രോഗവ്യാപനം പ്രതിരോധിക്കുക എന്നത് പരമപ്രധാനമാണ്. മികച്ച പ്രതിരോധം മൂലം കേരളത്തിന്റെ ജനസംഖ്യയുടെ കേവലം 12 ശതമാനത്തിൽ താഴെ ആളുകൾക്കേ ഇതുവരെ രോഗബാധ ഉണ്ടായിട്ടുള്ളൂ എന്നാണ് ICMR നടത്തിയ Zero survey വെളിപ്പെടുത്തുന്നത്. ഇന്ത്യയിൽ ശരാശരി 21% ആണ് ഈ കണക്ക്. പല പട്ടണങ്ങളിലും 40% ത്തിലധികം ആളുകൾ രോഗബാധിതരായിരിക്കുന്നു. രോഗബാധ അറിഞ്ഞോ അറിയാതെയോ ഉണ്ടായവർക്ക് IgG Antibody രക്തത്തിൽ ഏകദേശം 4-6 മാസങ്ങൾ വരെ നിലനില്ക്കും. ഇത് അളക്കുകയാണ് മേൽപ്പറഞ്ഞ സർവ്വെ ചെയ്തത്. അതിനാൽ തന്നെ ആദ്യകാലങ്ങളിൽ രോഗം വന്നുപോയവർ ഡിസംബർ-ജനുവരി മാസം നടത്തിയ ഈ പഠനത്തിൽ Positive result നല്കിയിട്ടുണ്ടാവില്ല എന്ന വസ്തുത കൂടി ഇന്ത്യയുടെ കണക്കുകൾ നോക്കുമ്പോൾ മനസ്സിലാക്കണം. എന്നാൽ കേരളത്തിൽ വ്യാപനം കൂടിയത് വൈകിയായിരുന്നു. ഒക്ടോബർ മാസത്തിലെ ഉയർന്ന തോതിൽ നിന്ന് വളരെ സാവധാനമാണ് നമ്മുടെ കേസുകൾ കുറഞ്ഞുവന്നത്.

മികച്ച പ്രതിരോധം മൂലം കേരളത്തിന്റെ ജനസംഖ്യയുടെ കേവലം 12 ശതമാനത്തിൽ താഴെ ആളുകൾക്കേ ഇതുവരെ രോഗബാധ ഉണ്ടായിട്ടുള്ളൂ എന്നാണ് ICMR നടത്തിയ Zero survey വെളിപ്പെടുത്തുന്നത്. ഇന്ത്യയിൽ ശരാശരി 21% ആണ് ഈ കണക്ക്. പല പട്ടണങ്ങളിലും 40% ത്തിലധികം ആളുകൾ രോഗബാധിതരായിരിക്കുന്നു.

ഇതിന്റെ കാരണം ഇവിടത്തെ വ്യാപനനിരക്ക് കുറവായതിനാൽ ഭൂരിഭാഗം ജനങ്ങളും രോഗബാധയുണ്ടാകാൻ സാദ്ധ്യതയുള്ളവരായി നിലനില്ക്കുന്നു എന്നതാണ്. അതിനാൽ തന്നെ മറ്റ് പ്രദേശങ്ങളേക്കാൾ കുത്തിവയ്പ്പ് വഴി പ്രതിരോധം നേടുക എന്നത് കേരളത്തിനെ സംബന്ധിച്ചിടത്തോളം അടിയന്തിര പ്രാധാന്യമർഹിക്കുന്ന ഇടപെടൽ ആണ്.

കൊവിഡ് വാക്സിനുകൾ

മുന്നൂറിനടുത്ത് വാക്സിനുകളാണ് കൊവിഡിനെതിരെ മുപ്പതിലധികം രാജ്യങ്ങളിലായി പരീക്ഷണത്തിന്റെ പല ഘട്ടങ്ങളിലുള്ളത്. ഇവയിൽ അറുപതോളം വാക്സിനുകൾ ക്ലിനിക്കൽ പരീക്ഷണഘട്ടത്തിലാണ്. എട്ടോളം വാക്സിനുകൾ പല രാജ്യങ്ങളിലായി വിതരണാനുമതി ലഭിച്ച് ഉപയോഗത്തിൽ വന്നിരിക്കുന്നു. വിവിധതരം സാങ്കേതിക വിദ്യകളുപയോഗിച്ചാണ് ഇവ വികസിപ്പിച്ചെടുത്തിരിക്കുന്നത്. MRNA വാക്സിനുകളായ Pfizer BioTECH, അമേരിക്കയുടെ National Institute of Allergy തയ്യാറാക്കിയ Moderna എന്നിവ വ്യാപകമായി ഉപയോഗിച്ചുവരുന്നു. ഇവ സംഭരിച്ചു വിതരണം ചെയ്യുമ്പോൾ -20^0 C-ൽ താഴെ താപനിലയിൽ നിലനിർത്തണം എന്നുള്ളതിനാൽ ഇന്ത്യ പോലുള്ള രാജ്യങ്ങളിൽ വ്യാപക ഉപയോഗത്തിന് പരിമിതികളുണ്ട്. ബ്രിട്ടനിലെ Oxford സർവ്വകലാശാലയുടെയും Astrazeneca എന്ന ഔഷധ കമ്പനിയുടെയും സഹകരണത്തിൽ വികസിപ്പിച്ചെടുത്ത Adenovector Vaccine ആണ് COVISHIELD. ഇതിൽ Chimpanzeeകളിൽ കണ്ടുവരുന്ന ഒരു തരം Adenovirusനെ വാഹകനാക്കി, കൊവിഡ് 19 വൈറസിന്റെ Spike Protein ശരീരത്തിൽ എത്തിക്കുകയാണ് ഈ വാക്സിൻ ചെയ്യുന്നത്. മറ്റൊരു Adenovector Vaccine ആയ റഷ്യ വികസിപ്പിച്ചെടുത്ത Sputnik V -ൽ മനുഷ്യനിൽ രോഗം ഉണ്ടാക്കുന്ന ഒരുതരം Adenovirusനെയാണ് വാഹകനായി ഉപയോഗപ്പെടുത്തിയിരിയ്ക്കുന്നത്. ഈ വാഹക വൈറസുകൾ പ്രത്യുല്പാദനശേഷി ഇല്ലാത്തവയാണ്. കൊവിഡ് 19 വൈറസിന്റെ മുഴുവൻ മൃതകോശം അടങ്ങിയിട്ടുള്ള Vaccine (Killed cell Vaccine) നുകളാണ് ICMR ന്റെയും NIV യുടെയും സഹായത്തോടെ Bharath Biotech കമ്പനി ഇന്ത്യയിൽ തദ്ദേശീയമായി വികസിപ്പിച്ചെടുത്ത COVAXIN വാക്സിനും ചൈനയുടെ Sinovac വാക്സിനും പരമ്പരാഗത രീതിയിൽ വികസിപ്പിച്ചെടുത്ത ഇത്തരം Killed Vaccine നുകൾ പാർശ്വഫലങ്ങൾ കുറവുള്ളവയും, പുതിയ Variants നെതിരെയും ഫലപ്രാപ്തി കാണിയ്ക്കുന്നവയായിരിക്കും എന്നാണ് പ്രാഥമിക നിഗമനങ്ങൾ. ചൈനയുടെ Sinopharma, Johnson & Johnson കമ്പനിയുടെ വാക്സിൻ തുടങ്ങിയവയും ലഭ്യമാണ്. Johnson & Johnson കമ്പനിയുടെ ഭാഗമായ Janssen Biotech വികസിപ്പിച്ചെടുത്ത വാക്സിനും Sputnik Vaccine നെ പോലെ Human Adenovirus വാഹകരായി ഉപയോഗിക്കുന്നു. ഇത് ഒറ്റ ഡോസ് മാത്രം ആവശ്യമുള്ള വാക്സിനാണ്. Subunit vaccine ആയ Nova Vaxo നെയും പട്ടികയിൽ ഉൾപ്പെടുത്താം. മൂക്കിലൂടെ സ്പ്രേ ആയി ഉപയോഗിക്കാവുന്ന വാക്സിനുകൾക്ക് രോഗപ്പകർച്ച തടയാനുള്ള ശേഷിയും ഉണ്ടാകും എന്ന് അനുമാനിക്കുന്നു. വരും ദിവസങ്ങളിൽ നൂതന വാക്സിനുകൾ വിപണിയിൽ എത്തിച്ചേർന്നു കൊണ്ടിരിക്കും.

മുന്നൂറിനടുത്ത് വാക്സിനുകളാണ് കൊവിഡിനെതിരെ മുപ്പതിലധികം രാജ്യങ്ങളിലായി പരീക്ഷണത്തിന്റെ പല ഘട്ടങ്ങളിലുള്ളത്. ഇവയിൽ അറുപതോളം വാക്സിനുകൾ ക്ലിനിക്കൽ പരീക്ഷണഘട്ടത്തിലാണ്. എട്ടോളം വാക്സിനുകൾ പല രാജ്യങ്ങളിലായി വിതരണാനുമതി ലഭിച്ച് ഉപയോഗത്തിൽ വന്നിരിക്കുന്നു.

മേൽപറഞ്ഞ വാക്സിനുകൾക്കെല്ലാം തന്നെ 60% നും 95% ത്തിനുമിടയിലാണ് പഠനങ്ങൾ വഴി തെളിയിച്ചിട്ടുള്ള ഫലപ്രാപ്തി (Efficacy). ഈ ലക്ഷണങ്ങളോടുകൂടി രോഗം വരാതിരിക്കാനുള്ള ഫലപ്രാപ്തി ആണ് അളന്നിരിക്കുന്നത്. ആശുപത്രി ചികിൽസ അവശ്യം വേണ്ടതും ഗുരുതരമായ രോഗലക്ഷണങ്ങളോട് കൂടിയുള്ള രോഗബാധയും മരണവും തടയാൻ ഈ വാക്സിനുകളെല്ലാം തന്നെ 100% ഫലപ്രദമാണ് എന്നാണ് പഠനങ്ങൾ വെളിപ്പെടുത്തുന്നത്. എന്നാൽ രോഗപ്പകർച്ച തടയുവാൻ ഈ വാക്സിനുകൾക്ക് ശേഷി കുറവാണ്.

ACT (Access to COVID 19 Tools) acceluator എന്ന പേരിൽ ലോകാരോഗ്യ സംഘടനയുടെ നേതൃത്വത്തിൽ വിവിധ ആഗോള സംഘടനകളും രാജ്യങ്ങളും ഒരുമിച്ച് സഹകരിച്ച് പ്രവർത്തിച്ച് വരികയാണ്. കൊവിഡ് 19 നായുള്ള പരിശോധനയ്ക്കും ചികിൽസ, പ്രതിരോധ കുത്തിവയ്പ്പ് മുതലായ സങ്കേതങ്ങളുടെ വികസനം ത്വരിതപ്പെടുത്താനും ലോകരാജ്യങ്ങൾക്കെല്ലാം തന്നെ തുല്യതയോടുകൂടി അതിന്റെ ഫലങ്ങൾ ഉപയോഗപ്പെടുത്തുവാൻ സംവിധാനമൊരുക്കുകയും എന്നതാണ് ഈ കൂട്ടായ്മയുടെ ലക്ഷ്യം. ഇതിൽ വാക്സിനുകളുടെ വികസനത്തിനും വിതരണത്തിനുമായി COVAX എന്ന സംരംഭം നിലകൊള്ളുന്നു. എന്നിരുന്നാലും വാക്സിന്റെ സംഭരണത്തിലും വിതരണത്തിലും കടുത്ത അസമത്വം ആണ് നിലനില്ക്കുന്നത്. സമ്പന്നരാജ്യങ്ങൾ തങ്ങളുടെ ജനങ്ങൾക്കാവശ്യമുള്ളതിനപ്പുറം വാക്സിൻ ഡോസുകൾ സംഭരിക്കുകയും ദരിദ്ര രാജ്യങ്ങളിൽ കുത്തിവയ്പ്പ് ആരംഭിക്കാത്ത സ്ഥിതിവിശേഷവുമാണ് നമ്മൾ കാണുന്നത്. ഇതിനെതിരെ ശക്തമായ ഇടപെടലുകൾ ലോകാരോഗ്യ സംഘടനയുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്.

കൊവിഡ് 19 വാക്സിൻ എടുക്കുന്നവർ അറിഞ്ഞിരിക്കേണ്ടവ

ഇന്ത്യയിൽ നമ്മുടെ തന്നെ Serum Institute of India നിർമ്മിക്കുന്ന Oxford Univents - Astra Zeneca കമ്പനിയുടെ Covishield Vaccine ഉം Bharat Biotech ന്റെ തദ്ദേശീയമായി വികസിപ്പിച്ചെടുത്ത Covaxin വാക്സിനുമാണ് വിതരണാനുമതി നേടി ഉപയോഗത്തിലുള്ളത്. COVISHIELD Adenovector Vaccineഉം Covaxin മൃതകോശ വാക്സിനുമാണ്. ഗുരുതരമായ

രോഗങ്ങളും മരണവും തടയാൻ രണ്ട് വാക്സിനുകളും ഒരു പോലെ തന്നെ ഫലപ്രദമാണ്.

നിലവിൽ മുൻനിര പോരാളികൾക്കും. 60 വയസ്സിന് മുകളിലുള്ള മുതിർന്ന പൗരൻമാർക്കും 45-59 വയസ്സിനിടയിൽ അനുബന്ധ രോഗങ്ങളുള്ളവർ (ആരോഗ്യപ്രശ്നങ്ങളുള്ളതായി ഡോക്ടർ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നവർ) ഇവർക്കാണ് വാക്സിൻ നല്കുന്നത്.

തിരഞ്ഞെടുത്ത ഗവൺമെന്റ് ആശുപത്രികളിലും സ്ഥാപനങ്ങളിലും പ്രൈവറ്റ് ആശുപത്രികളിലും കുത്തിവയ്പ്പ് ലഭ്യമാണ്. ഗവൺമെന്റ് സംവിധാനങ്ങളിൽ സൗജന്യമായും പ്രൈവറ്റ് സ്ഥാപനങ്ങളിൽ നിന്ന് 250 രൂപയ്ക്കുമാണ് വാക്സിൻ ലഭിക്കുന്നത്.

തോളോട് ചേരുന്ന ഭാഗത്ത് കൈയിലെ പേശികളിൽ 0.5 ml മരുന്നാണ് കുത്തി വയ്ക്കുന്നത്. ആദ്യത്തെ കുത്തിവയ്പ്പ് എടുത്തതിനുശേഷം നാലാഴ്ചയ്ക്കും എട്ടാഴ്ചയ്ക്കുമകം (4-8 ആഴ്ച) രണ്ടാമത്തെ ഡോസ് കുത്തിവയ്പ്പ് എടുക്കണം.

കുത്തിവയ്പ്പ് കഴിഞ്ഞ് പകുതിയോളം ആളുകൾക്ക് പനി, പേശി വേദന, തലവേദന തുടങ്ങിയ അസ്വസ്ഥതകൾ ഉണ്ടാകാം. ചുരുക്കം ചിലർക്ക് ഛർദ്ദിൽ, വയറിളക്കം തുടങ്ങിയ ലക്ഷണങ്ങൾ കാണുന്നു. എന്നിരുന്നാലും ഗുരുതരമായ പ്രശ്നങ്ങൾ വളരെ വിരളമായി മാത്രമേ റിപ്പോർട്ട് ചെയ്തിട്ടുള്ളു. ചെറിയ ലക്ഷണങ്ങൾ വാക്സിനോട് ശരീരം പ്രതികരിക്കുന്നതിന്റെ സൂചനയാണ്. അത് സ്വാഭാവികമായതിനാൽ തന്നെ കാര്യമാക്കേണ്ട ആവശ്യമില്ല. ചെറുപ്പക്കാർക്കും നല്ല ആരോഗ്യമുള്ളവരുടെ ഇടയിലുമാണ് ഇത്തരം ലക്ഷണങ്ങൾ കൂടുതൽ കണ്ടുവരുന്നത്.

ഗർഭിണികൾക്കും കുഞ്ഞുങ്ങൾക്കും നമ്മൾ വാക്സിൻ നല്കി തുടങ്ങിയിട്ടില്ല. ഇക്കൂട്ടരിലെ പഠനങ്ങളുടെ ഫലങ്ങൾ പുറത്തുവരുന്നത് വരെ കാത്തിരിക്കാം.

മറ്റ് രോഗങ്ങൾക്ക് ചികിൽസയിലിരിക്കുന്നവർക്കും വാക്സിൻ എടുക്കാവുന്നതാണ്. വാക്സിനുകൾക്കെതിരെയുള്ള ഗുരുതര അലർജികൾ അല്ലാത്തവ കാര്യമാക്കേണ്ടതില്ല.

കൊവിഡ് 19 രോഗബാധ വന്നവർക്ക്, ഒരു മാസത്തിനു ശേഷം വാക്സിൻ എടുത്താൽ മതിയാവും. രോഗം വന്നുള്ള സ്വാഭാവിക പ്രതിരോധശേഷി 3-6 മാസം വരെ ഒക്കെ നിലനില്ക്കുവാൻ സാദ്ധ്യതയുണ്ട്. വാക്സിൻ വഴിയുള്ള പ്രതിരോധശേഷി സ്വാഭാവിക പ്രതിരോധശേഷിയെക്കാൾ മേന്മയുള്ളതാണ് എന്നാണ് അനുമാനിച്ചിരിക്കുന്നത്.

വാക്സിൻ എടുത്താൽ സംരക്ഷണം എത്ര കാലം ലഭിക്കും എന്നതിന് വ്യക്തമായ ഉത്തരങ്ങൾ ലഭ്യമാകാൻ ഇനിയും സമയമെടുക്കും. എങ്കിലും 6 മാസം മുതൽ ഒരു വർഷം വരെ സംരക്ഷണം കിട്ടും എന്നാണ് പ്രാഥമികമായി ലഭിക്കുന്ന സൂചനകൾ.

വാക്സിൻ എടുത്തവർക്കും രോഗബാധയുണ്ടാകാം. എന്നാൽ ഗുരുതരമായ രോഗാവസ്ഥയെ വാക്സിൻ തടയുന്നു.

അതിനാൽ തന്നെ വാക്സിൻ എടുത്തതിനുശേഷവും മാസ്ക് ഉപയോഗം സാമൂഹിക അകലം പാലിക്കൽ, sanitization തുടങ്ങിയവ തുടരേണ്ടതുണ്ട്.

□

ലേഖിക തിരുവനന്തപുരം മെഡിക്കൽ കോളേജിലെകമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം അസോസിയേറ്റ് പ്രൊഫസറാണ്.

പാലക്കാട്

■ ഡോ. വിളക്കുടി രാജേന്ദ്രൻ

പാലക്കാട് ജില്ലയുടെയും ഇതേ പേരുള്ള താലൂക്കിന്റെയും ആസ്ഥാനമായ മുനിസിപ്പൽ കോർപ്പറേഷൻ. കേരള-തമിഴ്നാട് സംസ്കാരങ്ങളുടെ സമന്വയകേന്ദ്രം. പാലക്കാട് ജംഗ്ഷൻ, പാലക്കാട് ടൗൺ എന്നീ റെയിൽവേ സ്റ്റേഷനുകൾ.

പാലക്കാട് കോട്ട ചരിത്ര സ്മാരകം. 1766 ൽ ഹൈദരാലി നിർമ്മിച്ച ഈ കോട്ട 1784 ൽ ബ്രിട്ടീഷുകാർ പുതുക്കിപ്പണിതു. ഹൈദരാലിയുടെയും ടിപ്പുവിന്റെയും സൈനിക കേന്ദ്രമായിരുന്ന സുൽത്താൻപേട്ട്. താലൂക്ക് ആഫീസ്, സബ് ജയിൽ തുടങ്ങിയവ കോട്ടയ്ക്കുള്ളിൽ പ്രവർത്തിക്കുന്നു. ഒരു ഹനുമാൻ കോവിലുമുണ്ട്. കോട്ട മൈതാനത്തിനു ചുറ്റുമായി നഗരം വ്യാപിച്ചുകിടക്കുന്നു.

പഴയ നാട്ടുരാജ്യം. പൊറൈനാട് എന്നാണ് തമിഴ് സംഘം കൃതികളിൽ പരാമർശം. നെടുംപുറൈയൂർ എന്നും പേരുണ്ടായിരുന്നു. പിന്നീട് തരൂർ സ്വരൂപമായും പാലക്കാട്ട് ചേരിയായും പാലക്കാടായും മാറി. പാലക്കാട് ചുരം തമിഴ്നാട്ടിലേക്കുള്ള പ്രവേശനം സുഗമമാക്കുന്നു. പശ്ചിമ ഘട്ടത്തിൽ 41 കി.മീ.നീളത്തിലുള്ള ഈ ചുരത്തിന്റെ ഒരു ഭാഗത്ത് നീലഗിരിയുടെയും മറുഭാഗത്ത് ആനമലയുടെയും ശൃംഗങ്ങൾ.

പാലക്കാട് എന്ന പേര്:

(1) ഐന്തിണകളിലൊന്നായ പാലൈനിലമാണിത്. പാലൈ=വരണ്ട പ്രദേശം. മഴയില്ലാത്ത വരണ്ട കാട്ടു പ്രദേശം പാലക്കാടായി.

(2) ദേവതയുടെ പ്രതീകമായ പാലയാണ് പാലക്കാടിലെ പാല; ദൈവപ്പാല, യക്ഷിപ്പാല എന്നിവ പോലെ (വി.വി.കെ വാലത്ത്, കേരളത്തിലെ സ്ഥലചരിത്രങ്ങൾ, പാലക്കാട് ജില്ല).

(3) ജൈനരുടെ ഭാഷയായ പാലി പ്രചരിച്ചിരുന്ന സ്ഥലം പാലിക്കാടായി. പാലിക്കാടിലെ 'ഇ'കാരം ലോപിച്ച് പാലക്കാടായി. (പാലക്കാട് ജില്ലാ ഗസറ്റിയർ).

(4) പാറക്കാട് പാലക്കാടായി (കെ.വി.കൃഷ്ണയ്യർ, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 1967 ഒക്ടോബർ 29) □

അരങ്ങൊഴിഞ്ഞ വീട്ടുനന്മകൾ–16

മൂലയിൽ ചാരുന്ന ചിരവ പോലെ

■ **മുരളീധരൻ തഴക്കര**

അടുക്കളയിൽ നിന്ന് പുറത്തായിക്കൊണ്ടിരിക്കുന്ന ഉപകരണങ്ങളുടെ പട്ടികയിൽ നമ്മുടെ ചിരവയും ക്രമേണ സ്ഥാനം പിടിക്കയാണ്. കുടിലായാലും കൊട്ടാരമായാലും പണ്ട് എല്ലാവീട്ടിലും ചിരവയുണ്ടായിരുന്നു. ചിരവയ്ക്കും ആവശ്യം കഴിഞ്ഞാൽ പുറത്താണ് സ്ഥാനം എന്ന കാര്യവും പറയാതെ വയ്യ- 'ആവശ്യം കഴിഞ്ഞാൽ മൂലയ്ക്ക് ചാരുന്ന ചിരവ പോലെ' എന്ന് നാം സാന്ദർഭികമായി പറയാറുണ്ടല്ലോ. വിവിധ ഉപയോഗങ്ങളുണ്ടായിരുന്ന ഒരു അടുക്കള ഉപകരണമാണ് ചിരവ. തടികൊണ്ടുള്ള ഒരു ഇരിക്കയും അതിന് മുന്നിൽ തേങ്ങാ ചിരകിയെടുക്കാൻ പാകത്തിൽ മൂർച്ചയേറിയ പല്ലുകളോടുകൂടിയ ഇരുമ്പ് വായ്ത്തലയും ഘടിപ്പിച്ചിട്ടുള്ള ഒരു ലഘു ഉപകരണമാണ് 'ചിരവ'.

ചിരവപ്പുറത്തിരുന്നാണ് തേങ്ങാ ചിരകുന്നത്. നിലത്തിരുന്ന് ഭക്ഷണം കഴിക്കുമ്പോൾ കൊരണ്ടിയ്ക്ക് പകരം ചിരവപ്പുറത്തിരുന്ന് ആഹാരം കഴിയ്ക്കുന്നവരുണ്ടായിരുന്നു. വൈദ്യന്റെ കുറുപ്പടിയ്ക്കനുസരിച്ച് കഷായവും, എണ്ണയും, കുഴമ്പുമൊക്കെ വീടുകളിൽ തന്നെ തയ്യാറാക്കിയിരുന്ന കാലത്ത് അങ്ങാടി മരുന്നുകൾ ചെറുതായി കൊത്തിനുറുക്കിയെടുക്കുന്നതിനും ചിരവ ഉപയോഗിച്ചിരുന്നു. കുറുന്തോട്ടിയും അമൃതും കുവളത്തിൻവേരും ശതാവരിയുമൊക്കെ ചെറുതാക്കി മുറിച്ചെടുക്കുന്നത് ചിരവയിൽ വെച്ചായിരുന്നു. ഇങ്ങനെ നിരന്തരം അങ്ങാടിമരുന്നുകൾ കൊത്തിനുറുക്കി ചിരവയുടെ ഒരു വശത്തിന് തേയ്മാനം സംഭവിക്കുകയും ചെയ്യും.

ചുരുക്കത്തിൽ ചിരവ അടുക്കളയുടെ അവിഭാജ്യഘടകമായിരുന്നു. ഉൾക്കട്ടിയുള്ള ഏത് തടിയും ചിരവയുണ്ടാക്കാൻ ഉപയോ

...എന്ന് വായനക്കാർ

ജനകീയാസൂത്രണം പ്രാദേശിക സർക്കാരുകൾക്ക് കരുത്തേകി

കേരളത്തിലെ പഞ്ചായത്ത് സംവിധാനത്തിന്റെ ഉദ്ഭവം ചരിത്രവും അതുപോലെ തന്നെ ഇന്ത്യയിലെ പ്രാദേശിക ഭരണ സംവിധാനത്തിന്റെ ലഘു ചരിത്രവും, ലേഖനത്തിന്റെ തലവാചകം സൂചിപ്പിക്കുന്നതുപോലെ അധികാരം താഴെത്തട്ടിലേയ്ക്കെത്തിയ വഴിയും സാധാരണക്കാരന് മനസ്സിലാകുന്ന തരത്തിൽ എഴുതിയിട്ടുള്ള മനോജ് കെ. പുതിയവിളയുടെ ലേഖനം വിജ്ഞാനപ്രദമായിരുന്നു. തദ്ദേശഭരണ സംവിധാനത്തിന്റെ ഒരു ലഘു ചരിത്രം മനസ്സിലാക്കുന്നതിനുതകുന്ന തരത്തിലുള്ള ഒരു ലേഖനം പ്രസിദ്ധീകരിച്ചത് പുതിയ ജനപ്രതിനിധികൾ അധികാരമേറ്റ ഈ വേളയിൽ അവസരോചിതമായി. ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് എന്ന മഹാനുഭാവന്റെ സംഭാവനയായ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഉത്ഭവും തളർച്ചയും വളർച്ചയും ഒക്കെ മനസ്സിലാക്കുന്നതിനും പ്രസ്തുത ലേഖനം വഴിയൊരുക്കി. കേരളം ലോകത്തിനു മുന്നിൽ അവതരിപ്പിച്ച ഈ മഹാപ്രസ്ഥാനം കാൽനൂറ്റാണ്ടായി അതിന്റെ ജൈത്രയാത്ര തുടരുകയാണ്. ഗ്രാമങ്ങളുടെ മുഖച്ഛായ മാറ്റിയ ഈ പ്രസ്ഥാനം ഇന്ന് വിജയകരമായ രണ്ടാംഘട്ട പ്രയാണത്തിലാണ്. ആരോഗ്യമേഖലയും പൊതുവിദ്യാഭ്യാസവും സമ്പൂർണ്ണ ശുചിത്വവും അടിസ്ഥാന സൗകര്യ വികസനവും ഭവനനിർമ്മാണ പദ്ധതിയും ഒക്കെയായി മുന്നേറുന്നു എന്നതും സന്തോഷകരമായ കാര്യമാണ്. മഹാപ്രളയങ്ങളെയും മഹാമാരികളെയും നേരിടുന്നതിന് പ്രാദേശിക സർക്കാരുകളെ പ്രാപ്തമാക്കിയത് ഈ ജനകീയ പ്രസ്ഥാനത്തിലൂടെ കൈവന്ന കരുത്താണ്. ജനുവരി ലക്കത്തിലെ മറ്റു ലേഖനങ്ങളും ശ്രദ്ധേയമായി. വിജ്ഞാനപ്രദമായ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് കൂടി മാസികയുടെ പിന്നണി പ്രവർത്തകർ ശ്രദ്ധിക്കണം.

സുരേഷ് ബാബു, കോട്ടയം.

പഞ്ചായത്ത് രാജ് മാസികയിലേക്കുള്ള ലേഖനങ്ങളും കത്തുകളും prmdp2020@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയക്കേണ്ടതാണ്.

ഗിച്ചിരുന്നു. മുമ്പ് കല്യാണങ്ങൾക്കും മറ്റും വീടുകളിൽ തന്നെ സദ്യ തയ്യാറാക്കിയിരുന്ന കാലത്ത്, ദേഹണ്ണക്കാരെ സഹായിക്കാൻ അയൽപക്കത്തുള്ള വീടുകളിൽ നിന്ന് സ്ത്രീകളും പുരുഷന്മാരും ശ്രമദാനത്തിനായി എത്തും. പച്ചക്കറി കഷ്ണങ്ങൾ അരിയുക, ഇല തുടയ്ക്കുക, നാളികേരം ചിരകുക, അരി ഇടിക്കുക, പായസത്തിനുള്ള അട പരത്തുക തുടങ്ങി നിരവധി ജോലികൾ ചെയ്യാൻവേണ്ടിയാണ് അയൽപക്കക്കാർ എല്ലാവരും ഒത്തുകൂടുന്നത്. ഈ ജോലികളിൽ ആയാസമേറെയുള്ളത് തേങ്ങാപൊതിച്ച് ചിരകുക തന്നെയാണ്. ഇപ്രകാരം തേങ്ങ ചിരകുന്നതിനുള്ള ചിരവയും കറിയ്ക്കരിയുവാനുള്ള കറിക്കത്തിയുമായാണ് ഓരോരുത്തരും എത്തുന്നത്. അടുക്കളയിൽ തേങ്ങ ചിരകൽ വീട്ടമ്മമാരുടെ ജോലിയാണെങ്കിലും സദ്യയൊരുക്കുമ്പോഴും മറ്റും പുരുഷന്മാർ ഈ ജോലി ഏറ്റെടുക്കും. നൂറ്റമ്പത് തേങ്ങ ചിരകി എന്നും മറ്റും അഭിമാനപൂർവ്വം പറഞ്ഞിരുന്ന ശ്രമദാനക്കാരുണ്ടായിരുന്നു. നിലത്തിരുന്ന് തേങ്ങ ചിരകുക എന്നത് ഇന്ന് വലിയ ബുദ്ധിമുട്ടുള്ള കാര്യമാണ്. കാൽമുട്ടുവേദനയും നടുവേദനയും സാർവ്വത്രികമായ ഈ പുതിയ കാലത്ത് നിന്നുകൊണ്ട് ചിരകാൻ പാകത്തിൽ രൂപകൽപ്പന ചെയ്ത വിവിധ മോഡലിലുള്ള ചിരവയും ഇപ്പോൾ വിപണിയിൽ സുലഭം. ഏതു മാതൃകയിലുമുള്ള 'ചിരവ' വേണമെങ്കിലും ഓൺലൈനിൽ ഓർഡർ ചെയ്താൽ അടുത്ത ദിവസം വീട്ടിലെത്തും. നിന്നുകൊണ്ട് തേങ്ങാ ചിരകിയെടുക്കാവുന്ന തരത്തിൽ അടുക്കളയിലെ സ്ലാബിലും മറ്റും ഉറപ്പിക്കാവാൻ കഴിയുംവിധമുള്ള 'മോഡേൺ ചിരവ'യും ഇപ്പോൾ ലഭ്യമാണ്. തടിയ്ക്കുപകരം ലോഹനിർമ്മിതമായ ചിരവ സർവ്വസാധാരണമായിരിക്കുന്നു. ഇപ്പോൾ തേങ്ങ ചിരകേണ്ട കാര്യം തന്നെയില്ല- ഉൾതേങ്ങ, ഡെസിക്കേറ്റഡ് കോക്കനട്ട്, തേങ്ങാക്രീം, തേങ്ങാപാൽ എന്നിവയെല്ലാം ഇന്ന് വിപണിയിൽ സുലഭമാണ്. പക്ഷെ തേങ്ങ പൊതിച്ച് ചിരകിയെടുക്കുക എന്നത് ശരീരത്തിന് ആയാസവും ഒപ്പം ഒരു വ്യായാമവുമായിരുന്നു. ആരോഗ്യരക്ഷക്കുവേണ്ടി വലിയ തുക ഫീസ് നൽകി ഹെൽത്ത് ക്ലബ്ബിൽ പോകേണ്ട ആവശ്യമില്ലായിരുന്നു പണ്ട്, കാരണം തേങ്ങാപൊതിക്കുക, ചിരകുക, വസ്ത്രങ്ങൾ അലക്കിവൃത്തിയാക്കുക, വെള്ളം കോരുക, മുറ്റമടിക്കുക- തുടങ്ങിയുള്ള ജോലികൾ ചെയ്യുന്നതിലൂടെ വീടും അടുക്കളയും നാം അറിയാതെ ആരോഗ്യരക്ഷയുടെ താക്കോലായ ഹെൽത്ത് ക്ലബ്ബായി മാറിയിരുന്നു!

കാലാനുസാരിയായ മാറ്റം പ്രകൃതി നിയമമാണ്. പഴയത് പലതും പുതിയതിന് വേഗത്തിൽ വഴിമാറുന്ന കാഴ്ച നമ്മുടെ കൺമുന്നിൽ നാം കാണുകയാണ്. ഈ മാറ്റം കേരളത്തിന്റെ അടുക്കളയെയും ഗ്രൈൻഡറും മിക്സിയും ജ്യൂസറും ഓവനും ഫ്രീസറും തുടങ്ങി നാനാജാതി നൂതന ഉപകരണങ്ങളുള്ള 'മോഡേൺ കിച്ചണാക്കി' മാറ്റി. അങ്ങനെ കാലങ്ങളായി അടുക്കളയിൽ ഉപയോഗിച്ചുവന്നിരുന്ന പല സാധന സാമഗ്രികളും അടുക്കളയിൽ നിന്ന് പുറത്തായി കഴിഞ്ഞു.

തീയലും മീൻകറിയും മറ്റും വെയ്ക്കണമെങ്കിൽ തേങ്ങ ചിരകി വറുത്ത് അമ്മിക്കല്ലിൽ അരച്ചെടുക്കണമായിരുന്നു. ഇപ്പോഴിതാ തീയൽക്കൂട്ടും മീൻകറിമസാലക്കൂട്ടുമൊക്കെ മേനിക്കവറിൽ നിറച്ച് എവിടെയും സുലഭമായി കിട്ടുമ്പോൾ പിന്നെ തേങ്ങ ചിരകേണ്ട ആവശ്യമില്ലല്ലോ. മാത്രമല്ല എളുപ്പത്തിൽ ക്രിയ ചെയ്യുന്ന മറ്റൊരു വിദ്യകൂടി ഇപ്പോൾ വീട്ടമ്മമാർ വശമാക്കിയിട്ടുണ്ട്. തേങ്ങ ചെറിയ പൂളുകളാക്കി ചിരട്ടയിൽ നിന്നും ഇളക്കിയെടുത്ത് മിക്സിയിലിട്ടൊന്ന് അടിച്ചെടുത്താൽ ചിരവയിൽ തേങ്ങ ചിരകാതെ വേഗത്തിൽ കാര്യം നടക്കും. പണ്ട് ഉത്സവങ്ങളും പെരുന്നാളുകളും നടക്കുമ്പോൾ ഈവിധ വീട്ടുപകരണങ്ങളും ഒപ്പം ചാന്തും കൺമഷിയും മാലയും കുപ്പിവളയുമെല്ലാം അവിടെ വിൽപ്പനക്കുണ്ടാകുമായിരുന്നു. ഇവയെല്ലാം യഥേഷ്ടം വാങ്ങിയിരുന്നത് ഈ ഉത്സവ കച്ചവട സമയത്താണ്. പൊട്ടും ചാന്തും റിബണും അമ്മിക്കല്ലും തുടങ്ങി ഉപ്പുതൊട്ട് കർപ്പൂരംവരെ എന്തുവേണമെങ്കിലും ഓൺലൈനിൽ കിട്ടുമ്പോൾ ഉത്സവക്കച്ചവടത്തിന്റെയും കഥ കഴിഞ്ഞു. എന്തായാലും അന്യമാകുന്ന അടുക്കള ഉപകരണങ്ങളുടെ പട്ടികയിൽ നമ്മുടെ പഴയ ചിരവയും സ്ഥാനം പിടിയ്ക്കുമെന്നത് തീർച്ചയായി കഴിഞ്ഞു. 'എങ്കിലും ഉപ്പോളം വരുമോ ഉപ്പിലിട്ടത്''? അങ്ങിങ്ങ് അടുക്കളയിൽ അവശേഷിക്കുന്ന 'ചിരവ' കളയാതെ സൂക്ഷിക്കാം - മക്കളേ, പണ്ട് പണ്ട് ഇങ്ങനെ ഒരു വീട്ടുപകരണമുണ്ടായിരുന്നു എന്ന് കുഞ്ഞുങ്ങളെ കാണിച്ചു കൊടുക്കാനായെങ്കിലും അത് ഉപകരിക്കും.

പരസ്യ നിരക്ക്

കവർ (അവസാന പുറം) കളർ	₹ 12000
കവർ (ഉൾവശം) കളർ	₹ 10000
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	₹ 8000
മറ്റു പേജുകൾ (കളർ)	₹ 8000
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	₹ 6000
അരപേജ് (കളർ)	₹ 5000
അര പേജ് (ബ്ലാക്ക് & വൈറ്റ്)	₹ 3000

പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120

PANCHAYAT RAJ (Monthly) March 2021
Annual Subscription ₹120, Published on 20 March 2021

RNI. No. : 7959/61
Postal Reg. No. KL/TV(N) 391/2018-20
Licensed to post without prepayment No. KL/TV(N) WPP/85/2018-20



Printed & Published by Dr.P.K. Jayasree IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: Dr.P.K. Jayasree IAS